# വായ്പാ കരാർ - വാഹന/ഉപകരണ ധനസഹായം

**ഈ കരാർ** കരാറിന്റെ ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള സ്ഥലത്തും തീയതിയിലും തയ്യാറാക്കിയത്
പിൻവരുന്ന ഷെഡ്യൂളിൽ വിശദമായി വ്യക്തമാക്കിയിരിക്കുന്ന ബോറോവർ, കോ-ബോറോവർ, (ശേഷിച്ച ഭാഗത്ത് "ബോറോവർ" എന്നു പരാമർശിച്ചിരിക്കുന്നു) ഗ്യാരന്റർ (ശേഷിച്ച ഭാഗത്ത് "ഗ്യാരന്റർ" എന്നു പരാമർശിച്ചിരിക്കുന്നു) എന്നീ വാക്കുകൾ, സന്ദർഭമോ അർഥമോ മറ്റു വിധത്തിൽ സൂചിപ്പിക്കുന്നില്ലെങ്കിൽ, (ബോറോവർ/ ഗ്യാരന്റർ ഒരു വ്യക്തി/ഏക ഉടമസ്ഥൻ ആയിരിക്കുമ്പോൾ) അയാളുടെ/അവളുടെ/അവരുടെ/അതിന്റെ ക്രമപ്രകാരമുള്ള അനന്തരാവകാശികൾ, നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ, നോമിനികൾ, അറ്റോർണികൾ, നിയമ പ്രതിനിധികൾ എന്നിവരെയും (ബോറോവർ/ ഗ്യാരന്റർ കമ്പനി നിയമം 2013 ന്റെ പരിധിയിലുള്ള ഒരു കമ്പനിയോ കോർപറേറ്റ് സംഘമോ ആയിരിക്കുമ്പോൾ) തൽപര-പിൻതുടർച്ചക്കാരെയും (ബോറോവർ/ ഗ്യാരന്റർ ഒരു പാർട്ണർഷിപ് സ്ഥാപനം ആയിരിക്കുമ്പോൾ) സ്ഥാപനത്തിന്റെ സമയാസമയത്തെ പാർട്ണർമാർ, അവകാശികൾ, അനന്തരാവകാശികൾ, നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ, നിയമ പ്രതിനിധികൾ, നോമിനികൾ, പാർട്ണർമാരുടെ അനന്തരാവകാശികൾ എന്നിവരെയും ഉൾപ്പെടുത്തി **ഒന്നാം കക്ഷിയായും**

**കൂടാതെ**

**ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്**, കമ്പനി നിയമം, 1956 ന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുകയും "Dare House" No.2, N.S.C. ൽ രജിസ്റ്റാർ ഓഫീസ് ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു കമ്പനിയാണ്. ബോസ് റോഡ്, പാരിസ്, ചെന്നൈ - 600 001, (ഇനിമുതൽ "കമ്പനി" എന്ന് പരാമർശിക്കപ്പെടുന്നത്), എന്ന പദപ്രയോഗത്തിൽ, സന്ദർഭത്തിനോ അർഥത്തിനോ വിരുദ്ധമല്ലാത്തിടത്തോളം, അതിന്റെ അവകാശികളെയും കമ്പനിയുടെ പിൻഗാമികളെയും ഉൾപ്പെടുത്തി. **മറുകക്ഷിയായും**

**എന്നാൽ**

A) മറ്റു പലതിന്റെയും കൂട്ടത്തിൽ, മോട്ടോർ വാഹനങ്ങൾ, യന്ത്രങ്ങൾ, മറ്റ് ആസ്തികൾ എന്നിവയുടെ വാങ്ങൽ/ റീഫൈനാൻസ് എന്നിവയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിൽ കമ്പനി വ്യാപൃതമാണ്.

B) വാഹനം, യന്ത്രം, ഉപകരണങ്ങൾ, ആസ്തികൾ എന്നിവയുടെ ജാമ്യത്തിൽ ഷെഡ്യൂളിൽ കൂടുതൽ വ്യക്തമായി വിവരിച്ചിരിക്കുന്ന വാഹനം, യന്ത്രം, ഉപകരണങ്ങൾ, ആസ്തികൾ എന്നിവ വാങ്ങാനോ/റീഫിനാൻസിനോ ആയി സാമ്പത്തിക സഹായം നൽകാൻ ബോറോവർ കമ്പനിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്;

C) വായ്പ സൌകര്യം പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാൽ, ബോറോവർ, കമ്പനിയുടെ നിർദ്ദിഷ്ട നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ, ഈ കരാർ പ്രകാരം കമ്പനിക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും അടച്ചുതീരുന്നതുവരെ, വിൽപന, അന്യാധീനപ്പെടുത്തൽ, ഹൈപ്പോത്തിക്കേഷൻ, പ്ലെഡ്ജ് എന്നിങ്ങനെ കമ്പനി എഴുതി അംഗീകാരപ്പെടുത്താത്ത ഏതെങ്കിലും വിധത്തിൽ ഷെഡ്യൂളിൽ പരാമർശിച്ച/ജാമ്യ വസ്തുക്കളിലോ ഇടപാടുക ൾ നടത്തുകയില്ലെന്നും ഉറപ്പുതന്നിട്ടുണ്ട്.

D) പറഞ്ഞിരിക്കുന്ന വായ്പ സൌകര്യം ബോറോവർക്ക് നൽകാൻ ഗ്യാരണ്ടർ കമ്പനിയോട് ആവശ്യപ്പെട്ടിരിക്കുകയും അത് പരിഗണിക്കുന്നതിനുവേണ്ടി കരാർവ്യവസ്ഥകളോടും ഉൾപ്പെട്ടിരിക്കുന്ന നിബന്ധനകളോടും പറ്റിനിൽക്കാനും കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ ബാധ്യതകളും വീട്ടാനും ബോറോവറിന്റെ ഭാഗത്തുനിന്ന് തൃപ്തികരമായ പ്രവർത്തനം ഉണ്ടാകുമെന്ന്കമ്പനിക്ക് ജാമ്യം നൽകാമെന്ന് ഗ്യാരണ്ടർ സമ്മതിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

E) ബോറോവറും ഗ്യാരണ്ടറും സമ്മതിച്ച മേൽപ്പറഞ്ഞ പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നിബന്ധനകളോടും വ്യവസ്ഥകളോടും കൂടി, ആവശ്യപ്പെട്ട തുക ബോറോവർക്ക് വായ്പയായി നൽകാൻ കമ്പനി സമ്മതിച്ചിരിക്കുന്നു.

**ഈ കരാര് ചുവടെപറയുന്ന വിധത്തില് സാക്ഷ്യപ്പെടുത്തുന്നു:**

**നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും:**

ഈ കരാറില്, വിഷയത്തിനോ അതിന്റെ പശ്ചാത്തലത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ല എന്നു വരികില്, താഴെ അക്കമിട്ടുപറയുന്ന പദപ്രയോഗങ്ങൾക്ക് ചുവടെ പറയുന്ന അർത്ഥങ്ങള് ഉണ്ടായിരിക്കുന്നതാണ്. ഇതില് നിർവചിച്ചിട്ടില്ലാത്ത പദങ്ങൾക്കും പ്രയോഗങ്ങൾക്കും, 1897 ലെ ജനറല് ക്ലോസ് ആക്ടില് അതിന് വ്യാഖ്യാനവും അർത്ഥവും നല്കിയിട്ടുണ്ടെങ്കില്, ആ വ്യാഖ്യാനവും അർത്ഥവും ഉണ്ടായിരിക്കുന്നതാണ്.

a) "അധിക പലിശ" എന്ന പ്രയോഗത്തിന് പ്രതിമാസ തവണകള് അല്ലെങ്കില് ബോറോവര് കമ്പനിക്ക് അടയ്ക്കേണ്ടതും അടയ്ക്കാന് ഡ്യൂ ആയതുമായ മറ്റേതെങ്കിലും തുകകള് അടയ്ക്കുന്നതില് ഉണ്ടാകുന്ന ഏത് കാലതാമസിത്തിനു മേലും, ഡ്യൂ തീയതി മുതല് യഥാർത്ഥത്തില് പണമടയ്ക്കുന്ന തീയതി വരെ, ഷെഡ്യൂളില് വ്യക്തമാക്കിയിട്ടുള്ള നിരക്കില്, കമ്പനി ഈടാക്കുന്ന ഏത് പലിശയും എന്ന് അർത്ഥമാക്കുന്നതും ഉൾക്കൊള്ളുന്നതുമാണ്.

b) "കരാര്" എന്ന പദം, ഈ വായ്പാ കരാര്, ഇതോടൊപ്പം അല്ലെങ്കില് ഈ കരാറില് ഇതിനു കീഴില് ചേർത്തിട്ടുള്ള ഷെഡ്യൂള്(ളുകള്), ഏതെങ്കിലും കൂട്ടിച്ചേർക്കലുകള്, സപ്ലിമെന്റല് കരാറുകള് അല്ലെങ്കില് ഇതോടൊപ്പം അനുബന്ധപ്പെടുത്തിയിട്ടുള്ള ഉള്ളടക്കങ്ങള് എന്ന് അർത്ഥമാക്കുന്നതും ഉൾക്കൊള്ളുന്നതുമാണ്.

c) ഈ കരാറിന്റെ ഷെഡ്യൂളിൽ വിവരിക്കപ്പെട്ടതോ, അത് വാങ്ങുന്നതിനോ റീഫിനാൻസ് ചെയ്യുന്നതിനോ ആയി ഇതിനുചുവടെ ലോൺ അനുവദിക്കപ്പെട്ടതോ ഹൈപ്പോത്തിക്കേറ്റ് ചെയ്യപ്പെട്ടതോ ബോറോവറാൽ കമ്പനിക്ക് ഈടായി സമർപ്പിക്കപ്പെട്ടതോ സമർപ്പിക്കപ്പെടാന് ഇടയായതോ ആയ മോട്ടോർ വാഹനങ്ങളോ യന്ത്രങ്ങളോ ഉപകരണങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും ആസ്തിയോ, അത് പുതിയതായാലും ഉപയോഗിക്കപ്പെട്ടതായാലും "ആസ്തി" എന്ന പദപ്രയോഗത്താൽ അർത്ഥമാക്കുകയും അതിൽ ഉൾപ്പെടുകയും ചെയ്യുന്നു. "ആസ്തി/ ആസ്തികൾ" എന്നതിൽ ആസ്തിയായി വയ്ക്കുന്ന വസ്തുവിലേക്ക് ബോറോവർ എപ്പോഴെങ്കിലും അതിന്റെ

ചട്ടക്കൂടിനോട് കൂട്ടിച്ചേർക്കുകയോ യന്ത്രഭാഗങ്ങൾ നവീകരിക്കുകയോ ചെയ്യുന്നത് പോലുള്ളവയും ഉൾപ്പെടുന്നു.

d) "ഡ്യൂ ഡേറ്റ്" എന്നത് അർത്ഥമാക്കുന്നത്, അടങ്കൽ തുകയുടെ ഒരു ഗഡുവോ, പലിശയോ, അല്ലെങ്കിൽ ഈ കരാർ പ്രകാരം അടയ്ക്കേണ്ട ഏതൊരു തുകയോ വായ്പാതുകയുടെ ബാക്കി തുകയോ, ഈ കരാർ പ്രകാരം അടക്കേണ്ട തീയതിയാണ്.

e) "ഇലക്ട്രോണിക് ക്ലിയറിംഗ് സർവീസസ്" അല്ലെങ്കിൽ "ഇസിഎസ്" എന്ന പദപ്രയോഗം അർത്ഥമാക്കുന്നത്, ഈ വായ്പാ ഉടമ്പടി പ്രകാരമുള്ള ഇ.എം.ഐകൾ അടയ്ക്കുന്നത് സംബന്ധിച്ച്, ബോറോവർ എഴുതിനൽകിയ സമ്മതപത്രം അനുസരിച്ച്, സുഗമമാക്കിത്തീർക്കുന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച കടം വീട്ടൽ സേവനത്തെയാണ്.

f) “തവണ” എന്ന പദത്തിന് വായ്പയുടെ കാലാവധിയിലുള്ള പലിശയും ചേർത്ത് വായ്പ തീർപ്പാക്കുന്നതിന് ആവശ്യമായ, ഷെഡ്യൂളില് വ്യക്തമാക്കിയിട്ടുള്ള പ്രതിമാസ പേയ്മെന്റിന്റെ തുക എന്ന് അർത്ഥമാകുന്നതാണ്.

g) "വായ്പ" എന്ന പദം അർത്ഥമാക്കുന്നത്, ഈ കരാറിലും ഷെഡ്യൂളിലും നൽകിയിരിക്കുന്ന വായ്പാ തുകയാണ്.

h) "പ്രീക്ലോഷർ" എന്ന പദം, അത്തരമൊരു തിരിച്ചടവിനായി കമ്പനി തയ്യാറാക്കിയതും ആ സമയത്ത് പ്രാബല്യത്തിലുള്ളതുമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി നടത്തുന്ന സമയത്തിനു മുമ്പേയുള്ള തിരിച്ചടവിനെയാണ്.

i) "പോസ്റ്റ് ഡേറ്റഡ് "ചെക്കു(കൾ)" അല്ലെങ്കിൽ "പി.ഡി.സികൾ" എന്ന പദപ്രയോഗം അർത്ഥമാക്കുന്നത്, ബോറോവർ കമ്പനിക്ക് വേണ്ടി എഴുതിക്കൊടുക്കുന്ന, ഓരോ ഇൻസ്റ്റാൾമെന്റിന്റെയും തീയതിയോട് യോജിച്ച ഒരു തീയതിവെച്ചെഴുതിയ, ഓരോ ഇൻസ്റ്റാൾമെന്റിന്റെയും തുകയുടെ ചെക്കുകളെയാണ്.

j) “പലിശയുടെ നിരക്ക്” എന്ന പ്രയോഗത്തിന് ഈ കരാറിന്റെ ആർട്ടിക്കിള് 2 ല് സൂചിപ്പിച്ചിരിക്കുന്ന പലിശയുടെ നിരക്ക് എന്ന് അർത്ഥമാകുന്നതാണ്.

k) "റീപെയ്മെന്റ്" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, മുതലും അതിന്റെ പലിശയും, പ്രീമിയമുകളും ഫീസുകളും അധിക പലിശയും അടവും മറ്റേതെങ്കിലും ചാർജ്ജുകളുണ്ടെങ്കിൽ അതും, കമ്പനിക്ക് കൊടുത്ത കരാറിലെ വ്യവസ്ഥകൾപ്രകാരം കൊടുത്തുതീർക്കേണ്ട മറ്റേതെങ്കിലും തുകയുണ്ടെങ്കിൽ അതും അടക്കം, ഇൻസ്റ്റാൾമെന്റുകളായി തിരിച്ചടയ്ക്കുന്നതിനെയാണ്; വിശേഷമായി, ഈ കരാറിന്റെ ആർട്ടിക്കിൾ 6-ൽ പരാമർശിച്ചിരിക്കുന്നതുപോലെ, തവണകളായി ലോൺ അടച്ചുതീർക്കുന്നതിനെയാണ്.

l) “ഷെഡ്യൂള്” എന്ന പദത്തിന് ഈ കരാറിന്റെ ഷെഡ്യൂള് എന്ന് അർത്ഥമാകുന്നതാണ്.

**1. വായ്പയുടെ നിബന്ധനകള്:**

a) ആസ്തി വാങ്ങുന്നതിനോ റീഫിനാൻസ് ചെയ്യുന്നതിനോ ആയി, ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന തുക (വായ്പ തുക), ഇതിനുചുവടെ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകളോടുകൂടി ബോറോവർക്ക് ലോണായി അനുവദിച്ചുകൊടുക്കാൻ, ഇതിനാൽ കമ്പനി സമ്മതിക്കുന്നു.

b) ഈ കരാറിനു കീഴിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ബോറോവറും ഗ്യാരണ്ടറും ഒരുമിച്ചും വെവ്വേറെയും പ്രസ്തുത തുക തിരിച്ചടയ്ക്കുകയും, ഈ കരാർ, ഇതിൽ കരാർചെയ്തിരിക്കുന്ന രീതിയിൽ, സമയത്തിനു മുൻപേ അവസാനിപ്പിക്കുകയും ചെയ്യാത്തിടത്തോളം, ഇതിൽ പരാമർശിച്ചിരിക്കുന്ന തീയതി (ഒന്നാം ഇൻസ്റ്റാൾമെന്റ് തിയതി) മുതൽ ആരംഭിക്കുന്ന, ഷെഡ്യൂളിൽ വായ്പാ കാലാവധി എന്നതിനു കീഴിൽ പരാമർശിച്ചിരിക്കുന്ന കാലയളവിലേക്കാണ് ഈ കരാർ പ്രകാരമുള്ള വായ്പ പ്രദാനം ചെയ്തിരിക്കുന്നത്.

**2. പലിശ:**

a) വായ്പയുടെ പലിശ നിരക്ക് ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ആയിരിക്കുകയും വായ്പ അനുവദിച്ച് കിട്ടുന്ന തീയതിമുതൽ ആയത് തിരിച്ചടയ്ക്കാൻ ബോറോവർ ബാധ്യസ്ഥനും ആണ്.

b) ഷെഡ്യൂളിൽ നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്ക് വായ്പാ കാലാവധിയിലുടനീളം നിശ്ചിതമായി തുടരും. എന്നിരുന്നാലും, കരാർ നിലനിൽക്കുന്നിടത്തോളം, വായ്പയുടെ പലിശനിരക്ക് കാലാകാലങ്ങളിൽ നവീകരിക്കാൻ, ഉയർത്താനോ താഴ്ത്താനോ, കമ്പനിക്ക് അതിന്റെ വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്. ഇത്തരം വ്യതിയാന(ങ്ങള്) അനുമതി കത്തിന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതും, അക്കാര്യം ബോറോവറെ അറിയിക്കുന്നതും, ആയത് ബോറോവർക്ക് ബാധകമായിരിക്കുന്നതുമാണ്.

c) പലിശയും എല്ലാ ചാർജുകളും ദിനംപ്രതി, വർഷത്തിൽ 365 ദിവസം എന്ന അടിസ്ഥാനത്തിൽ കണക്കുകൂട്ടുകയും കടന്നുപോയ ദിവസങ്ങളുടെ യഥാർത്ഥ എണ്ണം കണക്കാക്കുകയും ചെയ്യും.

d) ബോറോവർ, ഈ കരാർ പ്രകാരമോ ആസ്തിയോട് ബന്ധപ്പെട്ടോ ചെലവാകുന്ന എല്ലാ ബാധ്യതകളും, സെസ്സുകളും, ലൈസൻസ് ഫീസും, പലിശ നികുതിയും, മറ്റ് നികുതികളും, ഇൻഷൂറൻസ് പ്രീമിയവും, മറ്റ് ചാർജ്ജുകളും, അത് കഴിഞ്ഞകാലത്തേതായാലും വരാനുള്ളതായായാലും, അടയ്ക്കേണ്ടതും, ഏതെങ്കിലും കാരണവശാൽ കമ്പനി അത്തരം പണം അടയ്ക്കേണ്ടിവന്ന പക്ഷം, ബോറോവർ, അതുസംബന്ധിച്ച് കമ്പനിയിൽ നിന്ന് ഒരു അറിയിപ്പ് ലഭിച്ച തീയതി മുതൽ 3 ദിവസത്തിനുള്ളിൽ കമ്പനിക്ക് ആ പണം നൽകേണ്ടതുമാണ്. ഇപ്പറഞ്ഞ തുക അടയ്ക്കാൻ ബോറോവർ പരാജയപ്പെട്ടാൽ കമ്പനി തുക അടച്ച തീയതി മുതൽ ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ അധിക പലിശ കൂട്ടിച്ചേർക്കുന്നതും അത്, ബോറോവർ കമ്പനിക്ക് നൽകാനുള്ള തുകയോടൊപ്പം ചേർക്കുകയും ചെയ്യുന്നതാണ്.

e) ഈ കരാറിനു കീഴിൽ വായ്പയെടുക്കുന്നത് ഒരു വാണിജ്യ ഇടപാടു മാത്രമാണ്, ബോറോവറോ ഗ്യാരൻററോ പലിശ ഈടാക്കുന്നതുമായി ബന്ധപ്പെട്ട അന്യായപലിശയുടെയോ മറ്റ് നിയമങ്ങളുടെയോ അടിസ്ഥാനത്തിലുള്ള ഏത് പ്രതിരോധ നടപടിയും ഒഴിവാക്കുന്നു.

f) പലിശയുടെ കണക്കുകൂട്ടൽ - ഇക്കാര്യത്തിൽ തവണസംഖ്യ, അടങ്കൽ തുകയുടെയും ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന പലിശനിരക്കിന്റെയും അടിസ്ഥാനത്തിൽ കണക്കുകൂട്ടുന്നതും മാസാമാസം ബാക്കിത്തുക കുറയുന്ന വിധത്തിൽ ഏറ്റവും അടുത്ത പൂർണ്ണസംഖ്യയായി നിജപ്പെടുത്തുന്നതും ആണ്. ഒരു വർഷത്തിൽ മൂന്നൂറ്റിയറുപത്തിയഞ്ച് ദിവസം എന്ന കണക്കിലാണ് പലിശയും മറ്റ് ചാർജ്ജുകളും കണക്കുകൂട്ടുന്നത്.

**3. പ്രോസസ്സിംഗ് / സർവ്വീസ് ചാർജ്ജുകൾ:**

വായ്പ അനുവദിക്കുന്നതിനായി കമ്പനിക്ക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ബോറോവര് സമ്മതിച്ച പ്രകാരമുള്ള ഒരു പ്രോസസ്സിംഗ് ചാർജ് കമ്പനിക്ക് അടയ്ക്കുന്നതിന്, ഒരുവിധത്തിലുമുള്ള നിർബന്ധമോ അന്യായ സ്വാധീനമോ കൂടാതെ അടയ്ക്കുന്നതിനുള്ള സമ്മതം ബോറോവര് പ്രകടിപ്പിച്ചിട്ടുണ്ട്. കരാറിന്റെ ഷെഡ്യൂളിൽ(പ്രോസസ്സിങ്ങ് ചാർജ്ജുകൾ) കൂടുതൽ വ്യക്തമായി പരാമർശിച്ചിരിക്കുന്ന, പ്രൊസസ്സിങ്ങ് ഫീയോ തിരികെ നൽകേണ്ടാത്ത സേവന ചാർജ്ജുകളോ ഏതൊരു സാഹചര്യത്തിലും, കമ്പനി വായ്പ അനുവദിച്ചശേഷം വായ്പാതുക ഉപയോഗിക്കുകയോ കൈമാറുകയോ ചെയ്യുന്നില്ലെങ്കിൽ പോലും, ബോറോവർക്ക് തിരികെ നൽകുന്നതല്ല.

4. **വിതരണം:**

a) കമ്പനി വായ്പ ഏതു രീതിയില് വിതരണം ചെയ്യണമെന്നാണ് ബോറോവര് ആഗ്രഹിക്കുന്നത് എന്നുള്ളത് കമ്പനിയെ അറിയിക്കേണ്ടതാണ്. എന്നിരുന്നാലും, വിതരണത്തിന്റെ രീതി നിർണയിക്കുന്നതിനുള്ള പൂർണ്ണമായ വിവേചനം കമ്പനിക്ക് ഉണ്ടായിരിക്കുന്നതും, ആയത് ഈ കരാറിനു കീഴില് വിവക്ഷിച്ചിരിക്കുന്ന വിധത്തില് ബോറോവർക്കുളളള വിതരണമായി കണക്കാക്കേണ്ടതുമാണ്. ഒരു പുതിയ ആസ്തി വാങ്ങുന്ന കാര്യത്തിൽ, കമ്പനിയുടെ താത്പര്യപ്രകാരം, വായ്പാതുക കമ്പനി നേരിട്ട് വ്യാപാരിക്കോ നിർമ്മാതാവിനോ നൽകിയേക്കാമെങ്കിലും അങ്ങനെ കൊടുക്കുന്ന പണം ബോറോവർക്ക് നൽകിയതായി കണക്കാക്കുന്നതാണ്. ഉപയോഗിച്ച ആസ്തി(കൾ) വാങ്ങുന്ന കാര്യത്തിൽ, വായ്പ വിതരണംചെയ്യുന്നതിന്റെ രീതി, ആസ്തിയുടെ ഉടമയ്ക്കാണോ വിൽക്കുന്നയാൾക്കാണോ അതോ വിൽപ്പനക്കാരനാണോ ബോറോവർക്കാണോ നൽകേണ്ടത് എന്ന് കമ്പനി തീരുമാനിക്കും. കൂടാതെ, അത്തരം വിതരണം ബോറോവർക്ക് നൽകിയതായി ഈ കരാർ പ്രകാരം കണക്കാക്കുന്നതാണ്. റീഫിനാൻസിന്റെ കാര്യത്തിൽ, കമ്പനി തീരുമാനിക്കുന്ന രീതിയിലായിരിക്കും ബോറോവർക്ക് വേണ്ടി വായ്പാതുക വിതരണം ചെയ്യുന്നത്. ബോറോവർക്ക് പകരമായി ഏതൊരാൾക്ക് തുക വിതരണം ചെയ്താലും അത് ബോറോവർക്ക് നൽകിയതായി കണക്കാക്കി, ആയത് ബോറോവർ സമ്മതിക്കുന്നതായി വ്യാഖ്യാനം ചെയ്യുന്നതാണ്.

b) കമ്പനി വായ്പാതുക വിതരണം ചെയ്യുന്നതിനു മുൻപായി, ആസ്തി വാങ്ങുന്നതിനുള്ള ബോറോവറുടെ പങ്ക് ചെലവഴിച്ചതിന്റെ രേഖ കമ്പനിക്ക് നൽകേണ്ടതാണ്.

c) ഈ കരാറിന്റെ നിബന്ധനപ്രകാരം ബോറോവർക്ക് കമ്പനി വിതരണം ചെയ്യുന്ന എല്ലാ തുകകളും, ഉചിതമാംവിധം ക്രോസു ചെയ്തതും " A/c. Payee only"എന്ന് അടയാളപ്പെടുത്തപ്പെട്ടതുമായ ചെക്കു വഴിയോ ഡിമാന്റ് ഡ്രാഫ്റ്റ് വഴിയോ തുക കൈമാറ്റം ചെയ്യുന്നതിനുള്ള ഭാരതീയ ബാങ്കിംഗ് വ്യവസ്ഥയിന് കീഴില് അനുവദിക്കപ്പെട്ട മറ്റ് ഏതെങ്കിലും അംഗീകൃത മാർഗ്ഗങ്ങള് വഴിയോ, കമ്പനിയുടെ പൂർണ്ണമായ വിവേചനാധികാരത്തില് ആയിരിക്കും. അത്തരത്തിലുള്ള എല്ലാ ചെക്കുകളുമായി അല്ലെങ്കില് ഫണ്ട് കൈമാറ്റ രീതികളുമായി ബന്ധപ്പെട്ട് ഏതെങ്കിലും കളക്ഷന് ചാർജുകളോ അത്തരത്തിലുള്ള മറ്റു ചാർജുകളോ ചുമത്തുകയാണെങ്കില്, ചെക്കിന്റെ ട്രാൻസിറ്റിന്/കളക്ഷന്/ ബോറോവര് അല്ലെങ്കില് അവരുടെ ബാങ്ക് സാക്ഷാത്കരിക്കുന്നതിന് എടുക്കുന്ന സമയം എത്ര തന്നെയായാലും, ബോറോവര് വഹിക്കേണ്ടതാണ്.

d) വിതരണത്തിന്റെ തീയതി, വായ്പാ തുകയുടെ സാക്ഷാത്കരണത്തിന്റ തീയതി എന്തു തന്നെയായാലും, ചെക്കിന്റെ തീയതി അല്ലെങ്കില് ബോറോവറുടെ ബാങ്ക് അക്കൗണ്ടിലേക്ക് എന്.ഇ.എഫ്.ടി./ ആർ.ടി.ജി.എസ്. മുഖേന കമ്പനി നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന തീയതി ആയിരിക്കുന്നതാണെന്ന് ബോറോവര് ഇതിനാല് സമ്മതിക്കുന്നു.

e) കമ്പനിയുടെ അനുമതി ലഭിക്കുകയും റദ്ദാക്കലിന് ആവശ്യമായ ചെലവുകൾ വഹിക്കുകയും ചെയ്യാത്തിടത്തോളം, വായ്പ റദ്ദാക്കാനോ വായ്പാതുക നിരസിക്കാനോ ഉള്ള അവകാശം ബോറോവർക്ക് ഉണ്ടായിരിക്കുന്നതല്ല.

f) കമ്പനി വായ്പാതുക വിതരണം ചെയ്തതിനുശേഷം എന്നാൽ ആദ്യ ഗഡു അടയ്ക്കേണ്ട ദിവസത്തിന് മുൻപ്, വായ്പ റദ്ദാക്കാൻ ബോറോവര് ആവശ്യപ്പെട്ടാൽ, കാരണം ഏതുതന്നെയായാലും, കമ്പനിക്ക് ഇക്കാര്യം പൂണ്ണമായും അതിന്റെ വിവേചന ഉപയോഗിച്ച് പരിഗണിക്കാവുന്നതാണ്. അത്തരമൊരു സന്ദഭത്തിൽ, റദ്ദാക്കുന്നതിന് കമ്പനിയുടെ അനുമതിയുണ്ടെങ്കിൽ, ഉടനടി ബോറോവര്, വായ്പാതുകയോടൊപ്പം, അത് അനുവദിച്ചതുമുതൽ തിരിച്ചടയ്ക്കുന്നതുവരെയുള്ള കാലയളവിൽ, വഷത്തിൽ 18% എന്ന നിരക്കിലോ ബോറോവറോട് നേരത്തേ വ്യക്തമാക്കിയ നിരക്കിലോ റദ്ദാക്കലിനാവശ്യമായ ചെലവ് തിരിച്ചടയ്ക്കേണ്ടതാണ്.

5. **മുന്നുപാധികള്:**

ചുവടെ പറയുന്ന മുന്നുപാധികള് (മുന്നുപാധികള്) പൂർത്തീകരിക്കുന്നതനുസരിച്ച് കമ്പനി വായ്പാ തുക വിതരണം ചെയ്യുന്നതാണ്. ഇതിനുചുവടെ എഴുതിയ ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന തീയതിയിലോ (കരാറിന്റെ തീയതി) കമ്പനി ദീർഘിപ്പിച്ച കാലയളവിനുള്ളിലോ ഉള്ള മുന്നുപാധികള് ബോറോവര് അംഗീകരിക്കേണ്ടതാണ്. അത്തരം തീയതിയോടു കൂടി മുന്നുപാധികള് നിറവേറ്റുന്നതില് പരാജയപ്പെടുന്നത്, കമ്പനി വായ്പ വിതരണം ചെയ്യുന്നത് നിരസിക്കുന്നതില് കലാശിക്കാവുന്നതും ഏതെങ്കിലും കാരണവശാല് അല്ലെങ്കില് അസാധാരണ സാഹചര്യങ്ങള് കാരണമായി ഇതിനോടകം വിതരണം ചെയ്തിട്ടുള്ള വായ്പ മൊത്തമായി തിരികെ വിളിക്കുന്നതിന് ഇടയാക്കുന്നതുമാണ്. ബോറോവര് / ഗ്യാരണ്ടർ നിർദ്ദേശം പൂർത്തീകരിക്കേണ്ട മുന്നുപാധികൾ:

a) ബോറോവർ/ ഗ്യാരണ്ടർ ഈ കരാറിൽ ഉപ്പെടുത്തിയ പ്രതിപാദനങ്ങളോ പ്രമാണങ്ങളോ, വായ്പ ഉപകരിക്കുന്നതിന് (i) ഇതുസംബന്ധിച്ച തീയതിയി (ii) ഉദ്ദിഷ്ട വിതരണ തീയതിയിൽ (ആ തീയതിയിൽ നടത്തിയതുപോലെ) സത്യമായിരിക്കേണ്ടതാണ്.

b) കമ്പനി ആവശ്യപ്പെടുകയാണെങ്കില്, കമ്പനിക്ക് സ്വീകാര്യമായ ഗ്യാരന്റി(കള്) കമ്പനിയ്ക്ക് അനുകൂലമായി എക്സിക്യൂട്ടീവ് ചെയ്തിരിക്കേണ്ടതാണ്;

c) കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന രീതിയില് പോസ്റ്റ് ഡേറ്റഡ് ചെക്കുകള്/ ഇ.സി.എസ്. മാൻഡേറ്റുകള്/ എ.സി.എച്ച്./ എന്.ഇ.എഫ്.ടി./ മറ്റ് ബാധകമായ അധികാരപ്പെടുത്തലുകള് അല്ലെങ്കില് ഇൻസ്ട്രുമെന്റുകള് ബോറോവര് എക്സിക്യൂട്ട് ചെയ്തിരിക്കുകയും കമ്പനിക്ക് ഡെലിവര് ചെയ്തിരിക്കുകയും വേണം.

d) ബോറോവര്/ഗ്യാരണ്ടർ, കമ്പനിക്ക് സ്വീകാര്യമായവിധത്തിൽ അത്തരം പണയങ്ങൾ ("സെക്യൂരിറ്റി") കമ്പനിക്ക് വേണ്ടി ഉണ്ടാക്കേണ്ടതാണ്. ജാമ്യവസ്തു, എല്ലാത്തരം ബാധ്യതകളിൽനിന്നും, കടക്കാരന് സ്വത്ത് കൈവശം വയ്ക്കാനുള്ള അവകാശത്തിൽനിന്നും, ന്യൂനതകളിൽനിന്നും മുക്തവും, ബോറോവർക്ക്/ഗ്യാരണ്ടർക്ക് സുതാര്യവും വ്യാപാരയോഗ്യവുമായ ഉടമസ്ഥാവകാശം ഉണ്ടായിരിക്കുകയും വേണം. ബാധകമായ നിയമത്തിനു കീഴിൽ, അത്തരമൊരു ജാമ്യവസ്തു ഉണ്ടാക്കുന്നതിനാവശ്യമായ എന്തെങ്കിലും രജിസ്ട്രേഷനോ ഫയലിങ്ങുകളോ ആവശ്യമാണെങ്കിൽ ബോറോവര് / ഗ്യാരണ്ടർ അത്തരം രജിസ്ട്രേഷനും ഫയലിങ്ങുകളും ചെയ്യേണ്ടതാണ്. ബോറോവർക്ക്/ഗ്യാരണ്ടർക്ക് അത്തരം ജാമ്യത്തിനായി ഏതെങ്കിലും സമ്മതപത്രം ആവശ്യമാണെങ്കിൽ, അത്തരം ജാമ്യവസ്തു ഉണ്ടാക്കുന്നതിനുമുൻപ്, ബോറോവര്/ഗ്യാരണ്ടർ അത്തരത്തിലുള്ള എല്ലാ സമ്മതപത്രവും വാങ്ങിയിരിക്കേണ്ടതാണ്.

e) ബോറോവര് കൂടാതെ/അല്ലെങ്കില് കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റു വ്യക്തി കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റു പ്രമാണങ്ങളും രേഖകളും എക്സിക്യൂട്ട് ചെയ്തിരിക്കേണ്ടതും കമ്പനി ആവശ്യപ്പെട്ടേക്കാവുന്ന മറ്റ് നടപടികള് നിർവഹിച്ചിരിക്കേണ്ടതും മറ്റു പ്രമാണീകരണങ്ങള് എക്സിക്യൂട്ട് ചെയ്തിരിക്കേണ്ടതുമാണ്.

f) കടംവീട്ടാൻ കഴിയാത്ത സാഹചര്യം നിലവിലില്ലാത്ത അവസ്ഥ: ആർട്ടിക്കിള് 10 ല് നിർവചിക്കപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഒരു ഇവന്റ് ഓഫ് ഡിഫോൾട്ടും സംഭവിക്കുവാനും തുടരുവാനും പാടില്ല.

g) തവണകള് മുൻകൂറായി: ഈ കരാര് എക്സിക്യൂട്ട് ചെയ്യുന്ന സമയത്ത് അല്ലെങ്കില് കമ്പനി വ്യക്തമാക്കുന്നത് പോലെ ഇതിനുശേഷമുള്ള ഏത് സമയത്തും ഷെഡ്യൂളി/ഒുകളില് പറഞ്ഞിരിക്കുന്ന എണ്ണം തവണകള് മുൻകൂറായി കമ്പനിക്ക് അടയ്ക്കാമെന്ന് ബോറോവര് സമ്മതിക്കുന്നു. ഈ കരാറിന്റെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി, മുൻകൂര് തവണത്തുകകള്

ഷെഡ്യൂളില് വ്യക്തമാക്കിയിരിക്കുന്ന വിധത്തില് തവണത്തുകയ്ക്ക് എതിരായി അഡ്ജസ്റ്റ് ചെയ്യുന്നതാണ്. മുൻകൂര് തവണത്തുകകൾക്ക് ഏതെങ്കിലും പലിശ നല്കുന്നതിന് കമ്പനിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

6. **തിരിച്ചടവ്:**

a) ഈ കരാറിനു കീഴിൽ ബോറോവര് കമ്പനിയിൽ അടയ്ക്കാൻ കടപ്പെട്ട മുഴുവൻ തുകയും കാലാവധി ആകുന്നമുറയ്ക്ക്, കാലതാമസംകൂടാതെയും മുടക്കമില്ലാതെയും ബോറോവർ അത് കമ്പനിയിൽ അടയ്ക്കേണ്ടതാണ്. കൃത്യമായ തിരിച്ചടവ്, വായ്പ അനുവദിക്കാനുള്ള അടിസ്ഥാന നിബന്ധനയാണെന്നും ഈ കരാറിന്റെ കാതൽ കൃത്യനിഷ്ഠയാണെന്നും ബോറോവർ സമ്മതിക്കുന്നു.

b) ബോറോവർ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച്, തിരിച്ചടവ് തവണകളായി നിർവ്വഹിക്കും . കമ്പനിയുടെ അവകാശത്തിൻമേൽ മുൻവിധി കൂടാതെ, പലിശ അടക്കമുള്ള മുഴുവൻ വായ്പാതുകയും ഈ കരാറുപ്രകാരമുള്ള മറ്റ് കുടിശികകളും, കരാറിൽ പറഞ്ഞപ്രകാരം ആവശ്യപ്പെടുമ്പോൾ അടയ്ക്കാനുള്ള തിരിച്ചടവ് ഷെഡ്യൂളാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇൻസ്റ്റാൾമെന്റുകൾ തെറ്റായി കണക്കാക്കപ്പെട്ടിട്ടുള്ളതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടുപിടിച്ചാൽ, യാതൊരു മുൻവിധിയും കൂടാതെ, കമ്പനി ഇൻസ്റ്റാൾമെന്റ് തുക രണ്ടാമത് കണക്കുകൂട്ടുന്നതായിരിക്കും. എന്നിരുന്നാലും, ഷെഡ്യൂളില് പറഞ്ഞിരിക്കുന്ന തവണകള്, കമ്പനിക്ക് ഉചിതമെന്ന് തോന്നുന്ന ഏത് സമയത്തും അവസാനിപ്പിക്കുന്നതിനും, ഇതിനോടകം ഡ്യൂ ആയിക്കഴിഞ്ഞതും അടച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും തുകകള് ഉണ്ടെങ്കില് അതും എല്ലാ ഭാവി തവണത്തുകകളും, ഡ്യൂ ആകുന്ന മറ്റേതു തുകകളും എല്ലാം ചേർത്തുള്ള മൊത്തം തുകയും, ഭാവി തവണത്തുകകളിന്മേല് കമ്പനി അനുവദിച്ചേക്കാവുന്ന ഏതെങ്കിലും കിഴിവുകളുണ്ടെങ്കില് അതിനു വിധേയമായി, അടയ്ക്കാന് ആവശ്യപ്പടുന്നതിനും കമ്പനിയ്ക്കുള്ള അവകാശത്തെ ദോഷകരമായി ബാധിക്കുന്നതല്ല.

c) ബോറോവർ കമ്പനിക്ക് കൊടുക്കാൻ ബാധ്യസ്ഥപ്പെട്ട എല്ലാ തുകകളും, എന്തുതന്നെ വന്നാലും യാതൊരു ഇളവും കൂടാതെ, കാലാവധി തിയതിയിലോ അതിനു മുൻപോ ചെന്നൈയിലുള്ള കമ്പനിയുടെ രജിസ്റ്റേഡ് ഓഫീസിലോ ബ്രാഞ്ച് ഓഫീസിലോ അടയ്ക്കേണ്ടതാണ്. എന്നിരുന്നാലും, ഡ്യൂ തീയതികൾക്കു മുമ്പ് പേയ്മെന്റുകള് നടത്തിയാലും, ഡ്യൂ തീയതികളില് അല്ലെങ്കില് ഇൻസ്ട്രുമെന്റുകളുടെ സാക്ഷാത്കാരത്തിനു ശേഷം മാത്രമേ പേയ്മെന്റുകൾക്കുള്ള ക്രെഡിറ്റ് നല്കുകയുള്ളൂ.

d) ബോറോവർക്ക് ആസ്തി കൈമാറുന്നത് ആരായാലും, ഇടപാടുകാരനോ ഉത്പാദകനോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ ആയാലും, ഇടപാടുകാരനോ ഉത്പാദകനോ എതിരെയോ ആസ്തി കൈമാറിയ വിധത്തെക്കുറിച്ചോ ആസ്തിയെക്കുറിച്ചുതന്നെയോ ബോറോവർക്ക് വിയോജിപ്പോ വിവാദമോ പ്രതിഷേധമോ പരാതിയോ മറ്റോ ഉണ്ടെങ്കിലും, ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ഇൻസ്റ്റാൾമെന്റുകൾ അടയ്ക്കാൻ ബോറോവർ ബാധ്യസ്ഥനായിരിക്കും.

e) അധിക പലിശ ചുമത്തപ്പെട്ടു എന്ന കാരണത്താൽ, ബോറോവർ, തിരിച്ചടവിന്റെ ഷെഡ്യൂളിനോട് കർശനമായി പറ്റിനിൽക്കണമെന്ന, വായ്പ അനുവദിച്ചുകിട്ടാനുള്ള അവശ്യ നിബന്ധനയിൽ നിന്ന് മുക്തനാകുന്നില്ല.

f) ഇൻസ്റ്റാൾമെന്റുകൾ കണക്കുകൂട്ടുന്നതിനും അതിൽനിന്ന് മുതലും പലിശയും വിഭജിക്കുന്നതിനും ഉള്ള കമ്പനിയുടെ രീതി ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും, മനസ്സിലാക്കുകയും, അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോറോവർ ഇതിനാൽ സ്ഥിരീകരിക്കുന്നു.

g) കാലാവധി തിയതി, ഒരു അവധി ദിവസമാണ് വരുന്നതെങ്കിൽ, ആ പേയ്മെന്റ്, അതിന് തൊട്ട് മുമ്പുള്ള പ്രവൃത്തി ദിവസത്തിൽ അടയ്ക്കണം.

7. **തവണകളുടെ പേയ്മെന്റിന്റെ രീതി:**

a) ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, വായ്പയുടെ തിരിച്ചടവ് പോസ്റ്റ് ഡേറ്റഡ് ചെക്കുകള് വഴിയോ പണമായി അടക്കുന്നതിലൂടെയോ ഡിമാന്റ് ഡ്രാഫ്റ്റിലൂടെയോ അല്ലെങ്കില് സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷനുകള് (എസ്.ഐ.) / ഇലക്ട്രോണിക് ക്ലിയറിംഗ് സിസ്റ്റത്തിലൂടെയോ (ഇ.സി.എസ്.) അല്ലെങ്കില് ബോറോവറുടെ ബാങ്ക് അക്കൗണ്ട് നേരിട്ട് കുറവു ചെയ്യുന്നതിലൂടെ തവണകള് ശേഖരിക്കുവാന് കമ്പനിയെ അധികാരപ്പെടുത്തുന്നതായ കാലാകാലങ്ങളില് കമ്പനി അംഗീകരിക്കുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ ആയിരിക്കേണ്ടതാണ്.

b) ബോറോവർ, തവണകൾക്കായി, പോസ്റ്റ് ഡേറ്റഡ് ചെക്കുകളും ഇ.സി.എസ്. അധികാരപത്രങ്ങളും കമ്പനിക്ക് നൽകിയിട്ടുണ്ട്. അത്തരം പോസ്റ്റ് ഡേറ്റഡ് ചെക്കുകളുടെയും അധികാരപത്രങ്ങളുടെയും സമർപ്പണം, നിരുപാധികവും പിൻവലിക്കാനാകാത്തതുമായ അധികാരം കമ്പനിക്ക് ബോറോവറിനാൽ നൽകപ്പെട്ടതായി പരിഗണിച്ച്, മുൻകൂറായി നൽകപ്പെട്ട അത്തരം ചെക്കുകളും അധികാരപത്രങ്ങളും അതാത് തീയതികളിൽ പിവലിക്കാമെന്നും, ചെക്കുകളും അധികാരപത്രങ്ങളും സമർപ്പിക്കുന്ന മുറയ്ക്ക് അവ അനുവദിക്കപ്പെടും എന്നും, ബോറോവർ ഉറപ്പുനൽകുന്നു.

c) പിഡിസികളിൽ അല്ലെങ്കിൽ ഇസിഎസ്സിൽ ഏതെങ്കിലും ഒന്ന് സമർപ്പിക്കുന്നതിനു മുൻപ്, കമ്പനി, ബോറോവർക്ക് നോട്ടീസോ, ഓർമിപ്പിക്കലോ അറിയിപ്പോ ഒന്നും അയയ്ക്കുന്നതല്ല.

d) ആർട്ടിക്കിൾ 6 (എ) പ്രകാരം ബോറോവറാൽ സമർപ്പിക്കപ്പെട്ട പിഡിസികളിൽ അല്ലെങ്കിൽ ഇസിഎസ്സിൽ ഒന്നോ ഒന്നിലധികമോ അല്ലെങ്കിൽ എല്ലാം

(i) കമ്പനിയുടെ കസ്റ്റഡിയിലായിരിക്കുന്ന സമയത്ത് നഷ്ടപ്പെടുകയോ, നശിപ്പിക്കപ്പെടുകയോ കാണാതാവുകയോ അല്ലെങ്കില്

(ii) അതിന്റെ കൈയ്യൊപ്പുകാരന്റെയോ കൈയ്യൊപ്പുകാരിൽ ഒന്നോ അതിലധികമോ പേരുടെയോ (ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ) മരണത്താലോ പാപ്പരത്തത്താലോ ബുദ്ധിഭ്രമത്താലോ അധികാര നഷ്ടത്താലോ പണമായി മാറ്റാൻ കഴിയാതാവുകയോ അല്ലെങ്കിൽ പണം പിൻവലിക്കുന്നയാളുടെ ബാങ്ക് പ്രവർത്തനം നിർത്തുകയോ നിയമപരമായ അവധിയിൽ പ്രവേശിക്കുകയോ ചെയ്യുന്നപക്ഷം, അത്തരമൊരു സാഹചര്യത്തിൽ, ബോറോവർ, പറയപ്പെട്ട ചെക്കുകളോ അതിൽ ഏതെങ്കിലും ഒന്നോ കമ്പനിയുടെ അടുത്തുനിന്ന് നഷ്ടപ്പെട്ടതായോ നശിപ്പിക്കപ്പെട്ടതായോ കാണാതായതായോ മേൽപ്പറഞ്ഞ കാരണങ്ങളാൽ പണമായി മാറ്റാൻ കഴിയാതായതായോ അറിയിപ്പ് ലഭിച്ചാലുടൻതന്നെ, നഷ്ടപ്പെടുകയോ, നശിപ്പിക്കപ്പെടുകയോ കാണാതാവുകയോ ചെയ്ത ചെക്കുകൾക്ക് പകരം വയ്ക്കാനാവശ്യമായ ചെക്കുകൾ കമ്പനിക്ക് കൈമാറുകയോ കമ്പനി അംഗീകരിക്കുകയും ശരിവയ്ക്കുകയും ചെയ്ത വിധത്തിൽ വായ്പ തിരിച്ചടയ്ക്കാൻ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

e) ഏതെങ്കിലും കാരണത്താൽ, കമ്പനി ഏതെങ്കിലും ചെക്കുകൾ ഹാജരാക്കാതിരിക്കുന്നുവെന്നത്, ഈ കരാറിന് കീഴിൽ അടയ്ക്കേണ്ട തുക തിരിച്ചടയ്ക്കാനുള്ള ബോറോവറുടെ ബാധ്യതയെ ബാധിക്കുന്നില്ല എന്ന് ബോറോവർ മനസ്സിലാക്കുകയും

സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഏത കാരണത്താലായാലുമുള്ള എൻക്യാഷ്മെന്റിലെ കാലതാമസത്തിന്, വിട്ടുപോകലിന് അല്ലെങ്കില് അശ്രദ്ധയ്ക്ക്, അല്ലെങ്കില് (ഇതിലെ നിബന്ധനകള് പ്രകാരം ബോറോവര് കമ്പനിക്ക് ഇതിനോടകം നല്കിയിട്ടുള്ള) ഏതെങ്കിലും ചെക്കിന്റെ/ക്കുകളുടെ കേടുപാടിന് അല്ലെങ്കില് നഷ്ടപ്പടലിന് കമ്പനിക്ക് ഒരു തരത്തിലും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

f) ആവശ്യമെങ്കില്, ബോറോവർക്ക്, കമ്പനിയുടെ അനുവാദത്തിനു വിധേയമായി, ഇഷ്യൂ ചെയ്തിട്ടുള്ളതും ഒരു ബാങ്കില് ഡ്രോ ചെയ്തിട്ടുള്ളതുമായ ചെക്കുകള്, ഓരോ റീപ്ലേസ്മെന്റിനും ഷെഡ്യൂളില് വ്യക്തമാക്കിയിരിക്കുന്ന ഒരു തുക കമ്പനിക്ക് സ്വാപ്പ് ചാർജുകളായി അടച്ച് മറ്റൊരു ബാങ്കിന്റേതാക്കി സ്വാപ്പ്/ഇന്റർചേഞ്ച് ചെയ്യാനാവുന്നതാണ്.

g) ഈ കരാറിനു / അല്ലെങ്കില് പ്രചാരത്തിലുള്ള നിയമത്തിനു കീഴില് കമ്പനിക്കുള്ള മറ്റു യാതൊരു അവകാശങ്ങളെയോ പ്രതിവിധികളെയോ ബാധിക്കാതെ, ഓരോ തവണ ഹാജരാക്കുമ്പോഴും ഓരോ പി.ഡി.സി. / ഇ.സി.എസ്./ഡി.ഡി.യുടെയും ഡിസ്ഹോണറിന് ഷെഡ്യൂളില് പ്രസ്താവിച്ചിട്ടുള്ള നിരക്കില് ചെക്ക് ഡിസ്ഹോണർ ചാർജുകള് നല്കുന്നതിന് ബോറോവര് ബാധ്യസ്ഥനായിരിക്കുന്നതാണ്. ചെക്കുകളോ/ ഇസിഎസ്-കളോ തിരസ്കരിക്കപ്പെടുമ്പോൾ ചുമത്തപ്പെടുന്ന ചാജ്ജുകൾ, സമയാസമയങ്ങളിൽ ഭേദഗതി വരുത്തപ്പെടുകയും പ്രാബല്യത്തിൽ വരികയും ചെയ്ത, 1881 ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിനും പ്രസക്തമായ മറ്റ് നിയമങ്ങൾക്കും കീഴിൽ കമ്പനിക്കുള്ള അവകാശങ്ങളോട് മുൻവിധികൂടാതെയാണ്, ഈടാക്കുന്നത്.

i) പണമടവുകള് ഔട്ട്സ്റ്റേഷന് ചെക്കുകളായി നല്കുന്നിടത്ത്, കാലാകാലങ്ങളില് കമ്പനിയുടെ വിവേചനാധികാരമനുസരിച്ചുള്ള പുതുക്കലുകൾക്കു വിധേയമായി ഷെഡ്യൂളില് പ്രസ്താവിച്ചിരിക്കുന്ന പ്രകാരം ചെക്ക് കളക്ഷന് ചാർജുകള് അടയ്ക്കുവാന് ബോറോവര് ബാധ്യസ്ഥനായിരിക്കും.

j) ഷെഡ്യൂളില് പറഞ്ഞിരിക്കുന്ന ചാർജുകള് കമ്പനിയുടെ മാത്രം വിവേചനാധികാരപ്രകാരം മാറ്റങ്ങൾക്കു വിധേയമായിരിക്കുന്നതാണ്.

k) വായ്പയോ അല്ലെങ്കിൽ കടബാധ്യതയുടെ ഏതെങ്കിലും ഭാഗമോ കടപ്പെട്ടിരിക്കുന്നതോ കുടിശ്ശികയായതോ ആയിരിക്കുന്നിടത്തോളം കാലം, പിഡിസികളോ ഈസിഎസ്-കളോ റദ്ദാക്കാനോ അതിനോട് ബന്ധപ്പെട്ട് 'സ്റ്റോപ് പേയ്മെന്റ് ഇൻസ്ട്രക്ഷന് ' പുറപ്പെടുവിക്കാനോ ഉള്ള അവകാശം ബോറോവർക്ക് ഉണ്ടായിരിക്കില്ല. അത്തരത്തിലുള്ള ഏതെങ്കിലും പ്രവർത്തനം, വഞ്ചിക്കാനും 1881 ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന് കീഴിലെ നീതിന്യായ നടപടികൾ തടയാനും ഉള്ള ലക്ഷ്യത്തോടെ ചെയ്തതായി കണക്കാക്കപ്പെടും. കമ്പനിക്ക്, ബോറോവർക്കെതിരെ, ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

l) ഈ കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സമയത്തിനുമുൻപോ, അല്ലാതെയോ വായ്പ അവസാനിപ്പിക്കുന്ന അവസരത്തിൽ, 60 ദിവസത്തിനകം, ബോറോവർ കമ്പനിയുടെ അടുത്തുള്ള പിഡിസികൾ ശേഖരിക്കേണ്ടതാണ്; അല്ലാത്തപക്ഷം, ബോറോവറെ അറിയിക്കാതെ, ആയത് നശിപ്പിക്കാനുള്ള അവകാശം കമ്പനിക്ക് ഉണ്ടായിരിക്കും.

**8. ഈട്**

a) ബോറോവർക്ക് കമ്പനി, ഇതിനുചുവടെ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി, വായ്പാസൌകര്യം അനുവദിക്കുകയോ അനുവദിക്കാൻ സമ്മതിക്കുകയോ ചെയ്ത സാഹചര്യത്തിൽ, പ്രത്യേകമായ ഒരു ആദ്യ ചാർജ്ജ് മുഖേന, ബോറോവർ, അനുബന്ധസാധനങ്ങളും ഇപ്പോഴോ ഭാവിയിലോ കൂട്ടിച്ചേർക്കുന്ന വസ്തുക്കളും പരിഷ്കാരങ്ങളും നവീകരണങ്ങളും ഇപ്പോഴോ ഭാവിയിലോ പുനഃസ്ഥാപിക്കുന്ന വസ്തുക്കളും അടക്കം, ആസ്തി, കമ്പനിക്കായി ഇതിനാൽ ഹൈപ്പോത്തിക്കേറ്റ് ചെയ്യുന്നു. കമ്പനിക്ക് ആസ്തിയിൻമേലുള്ള അധികാരം പൂർണമാക്കുന്നതിനുവേണ്ടി, നിയമമോ കമ്പനിയോ ആവശ്യപ്പെടുന്നപ്രകാരം, അത്തരം അധികാരികളുടെ മുമ്പാകെ അത്തരത്തിലുള്ള കൂടുതലായ രേഖകൾ എഴുതി ഒപ്പിടാനും/ഒപ്പിടാനോ ഫയൽ ചെയ്യാനും/ചെയ്യാനോ രജിസ്റ്റർ ചെയ്യാനും/ചെയ്യാനോ ബോറോവർ സമ്മതിക്കുകയും ആ ചുമതല ഏറ്റെടുക്കുകയും ചെയ്യുന്നു.

b) ഈ കരാറിൽ ഒപ്പുവയ്ക്കുകയോ, ആസ്തി ബോറോവർക്ക് കൈമാറുകയോ, ഏതാണോ ആദ്യം സംഭവിക്കുന്നത്, അതോടെ ആസ്തിയുടെ ഹൈപ്പോത്തിക്കേഷൻ പ്രാബല്യത്തിൽ വരുന്നതാണ്.

c) ആസ്തി ഒരു വാഹനമാണെങ്കിൽ, ബോറോവർ, നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ, അത് തന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും വാഹനത്തിന്റെ കമ്പനിയുമായുള്ള ഹൈപ്പോത്തിക്കേഷൻ ഉറപ്പാക്കുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുകയും വേണം.

d) ബോറോവർ ആസ്തിയുടെ ഹൈപ്പോത്തിക്കേഷൻ കമ്പനിയിനിന്ന് രേഖാമൂലം പിൻവലിക്കുന്നതുവരെ, കമ്പനിയിനിന്ന് മുൻകൂർ അനുമതി നേടാതെ, വിൽക്കാനോ കൈമാറ്റം ചെയ്യാനോ വേറെ ഹൈപ്പോത്തിക്കേഷൻ ഉണ്ടാക്കാനോ അധികാരം പ്രയോഗിക്കാനോ ജാമ്യം നൽകാനോ ഈട് നൽകാനോ പകരം നൽകാനോ ആസ്തിയുടെ മേലോ അതിൻറെ ഏതെങ്കിലും ഭാഗത്തിന്റെ മേലോ ഒരു വിധത്തിലുമുള്ള ബാദ്ധ്യത വരുത്താനോ പാടില്ല. ബോറോവർ, ആസ്തിയോ അതിൻറെ ഭാഗമോ ഒഴിവാക്കാനോ വാടകയ്ക്ക് നൽകാനോ പണയപ്പെടുത്താനോ ഉപേക്ഷിക്കാനോ അധികാരപ്പെടുത്താനോ കൈകാര്യം ചെയ്യാനോ പാടില്ല. ആസ്തിയുടെ മേലുള്ള കമ്പനിയുടെ താത്പര്യത്തിനോ അധികാരത്തിനോ മുൻവിധിയോടെയോ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലോ ഉള്ള യാതൊരു പ്രവൃത്തിയോ ഇടപാടോ വസ്തുവോ സാധനമോ അനുവദിക്കാനോ സമ്മതിക്കാനോ പാടില്ല. ആസ്തി, രജിസ്റ്റർ ചെയ്യാനാകാത്ത ഒരു വാഹനം/ ഉപകരണം ആണെങ്കിൽ, ബോറോവർ, കമ്പനി ആവശ്യപ്പെടുന്ന പ്രകാരം ഇപ്പറഞ്ഞ രജിസ്റ്റർ ചെയ്യാനാകാത്ത വാഹന/ ഉപകരണ -ത്തിന്റെ യഥാർത്ഥ ഇൻവോയിസിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ ഉറപ്പുവരുത്തണം. ബോറോവർ ഒരു കമ്പനി ആണെങ്കിൽ, നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ, കമ്പനികളുടെ രജിസ്ട്രാറുമായി അധികാരപ്പെടുത്തി രജിസ്റ്റർ ചെയ്യേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ, കമ്പനിക്കുവേണ്ടി അധികാരപ്പെടുത്തി രജിസ്റ്റർ ചെയ്ത രേഖ സമർപ്പിക്കേണ്ടതുമാണ്.

e) ഈ കരാർ നടപ്പാക്കുന്ന സമയത്ത് ആസ്തി ബോറോവർക്ക് കൈമാറ്റം ചെയ്തിട്ടില്ലെങ്കിൽ, ആസ്തി ഒരു വാഹനം ആണെങ്കിൽ, രജിസ്ട്രേഷനോ ഹൈപ്പോത്തിക്കേഷനോ പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിൽ, വാഹനത്തിന്റെ കാര്യത്തിൽ, രജിസ്ട്രേഷൻ / ഹൈപ്പോത്തിക്കേഷൻ ഉൾപ്പെട്ട ആസ്തിയുടെ വിശദാംശങ്ങൾ കൈമാറുന്നതോ രജിസ്ട്രേഷനോ ഒരാഴ്ചയ്ക്കുള്ളിൽ നടത്തപ്പെടും എന്ന് ബോറോവർ കമ്പനിക്ക് എഴുതി നൽകേണ്ടതും അത്തരം വിശദാംശങ്ങൾ, ഈ കരാർ നടപ്പാക്കുമ്പോൾതന്നെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നതായി കണക്കാക്കേണ്ടതുമാണ്. കമ്പനിക്ക് ആസ്തിയിന്മേൽ ഏർപ്പെടുത്തിയ അധികാരത്തിന്റെ നിവ്വഹണത്തെയോ സാധുതയെയോ ചോദ്യംചെയ്യാനോ അതിന്റെഫലമായി, ഈ കരാർ ഭേദഗതി ചെയ്യാനുള്ള ഏതെങ്കിലും അപേക്ഷ ഉയർത്താനോ ബോറോവർക്ക് അധികാരം ഉണ്ടായിരിക്കില്ല.

f) വായ്പാതുകയ്ക്കും പലിശയ്ക്കും ഈട് നൽകുന്ന വിധത്തിൽ, ബോറോവർ കമ്പനിക്ക് വേണ്ടി, ഒരു ഡിമാന്റ് പ്രോമിസറി നോട്ട് എഴുതി നൽകിയിട്ടുണ്ട്.

g) ഈ കരാറിൻറെ അടിസ്ഥാനത്തിലുള്ള എല്ലാ ബാധ്യതകളും തിരിച്ചടയ്ക്കുന്നതുവരെയും, കമ്പനിയുമായി, ബോറോവർ ഏർപ്പെട്ടിട്ടുള്ള കൂടുതലായ കരാറുപ്രകാരമുള്ള പലിശ, അധിക പലിശ, ചെലവുകൾ, ചാർജുകൾ, മറ്റ് തുകകൾ എന്നിവ വ്യവസ്ഥകൾക്കനുസൃതമായി തിരിച്ചടയ്ക്കുന്നതുവരെയും കമ്പനി ഇവിടെ ഉണ്ടാക്കിയെടുത്തിരിക്കുന്ന ഈടിനെ രേഖാമൂലം പിൻവലിക്കുന്നതുവരെയും ആസ്തിയുടെ ഹൈപ്പോത്തിക്കേഷൻ പ്രാബല്യത്തിലും അധികാരത്തിലും തുടരും.

h) മരണം, പാപ്പരത്തം, കടം കൊടുത്തയാളുമായുള്ള വ്യവസ്ഥകൾ, ശാരീരികവും മാനസികവുമായ വൈകല്യം, അവസാനിപ്പിക്കൽ (സ്വമേധയായോ അല്ലാതെയോ), എന്നിവയാലോ ഏതെങ്കിലും തരത്തിലുള്ള ലയനത്താലോ സംയോഗത്താലോ പുനർനിർമ്മാണത്താലോ, നടത്തിപ്പ് ഏറ്റെടുക്കലിനാലോ കൂറു പിരിയലിനാലോ ദേശസാൽക്കരണത്താലോ (കാര്യം അങ്ങനെയാണെങ്കിൽ), ബോറോവറുടെ അവസ്ഥയിൽ വരുന്ന മറ്റേതെങ്കിലും മാറ്റത്താലോ ഹൈപ്പോത്തിക്കേഷന് മാറ്റം വരികയോ കോട്ടം തട്ടുകയോ ഇല്ലാതാകുകയോ ചെയ്യുന്നില്ല.

i) ഈ കരാറിനു കീഴിൽ ബോറോവർ അടയ്ക്കാനുള്ള എല്ലാ തുകകളുടെയും കൃത്യമായ തിരിച്ചടവും ബാധ്യതയും ഈ കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും വ്യവസ്ഥകളും ബോറോവർ നിർവ്വഹിക്കാനും പാലിക്കാനും ഗ്യാരന്റർ ഇതിനാൽ ഉപാധികളില്ലാതെ ഉറപ്പുനൽകുന്നു. ഏത് തുകയുടെയും അടവിനായി അനുവദിക്കുന്ന സമയത്തിന്റെ പേരിലോ മറ്റേതൊരു വിജയമോ പരാജയമോ, വീഴ്ചയോ കഴിവുകേടോ ഹൈപ്പോത്തിക്കേറ്റ് ചെയ്ത ആസ്തിയുടെമേൽ കമ്പനി അധികാരം പ്രയോഗിക്കുന്നത് തടസ്സപ്പെടുത്താൻ ഇടയാക്കില്ലെന്ന് ഗ്യാരന്റർ ഇതിനാൽ നൽകിയിരിക്കുന്ന ഉറപ്പിൽനിന്ന് അദ്ദേഹത്തെ ഒഴിവുള്ളവനാക്കുന്നില്ല. ഗ്യാരന്റർ, കമ്പനിക്കും തനിക്കും ഇടയിൽ, ബോറോവറിനോട് ചേർന്ന് ഗ്യാരന്റർ മുഖ്യ കടക്കാരനാണെന്ന് സമ്മതിച്ചുകൊണ്ട് 1872 -ലെ ഇന്ത്യൻ കോൺട്രാക്ട് ആക്റ്റിലെ 133, 134, 139, 141 കീഴിൽ ജാമ്യവസ്തുക്കളിലുള്ള ഏതൊരു അവകാശവും അതുവഴിയുള്ള കരുതലുകളും ഉപേക്ഷിക്കുന്നു. കമ്പനിക്ക് ബോറോവർ / ഗ്യാരന്റർ -ക്കുമെതിരായി, അതിന്റെ വിവേചനയിലുള്ള ഏത് നടപടിയും എടുക്കാൻ അധികാരമുണ്ടെന്നും, ഏതൊരു പശ്ചാത്തലത്തിലും കമ്പനിയുടെ വാദങ്ങളെ ചോദ്യംചെയ്യില്ലെന്നും ഗ്യാരന്റർ ഇതിനാൽ സമ്മതിക്കുന്നു.

j) കമ്പനി ഏതുസമയത്തും, ബോറോവറിനോട്, കമ്പനിയുടെ സ്വന്തം വിവേചനാധികാരത്തിൽ ആവശ്യമെന്ന് തോന്നുന്ന, മൂന്നാം കക്ഷിയിൽ നിന്നുള്ള ഉറപ്പ് ഉൾപ്പെടെയുള്ള കൂടുതലായ ജാമ്യങ്ങൾ ആവശ്യപ്പെട്ടേക്കാം. അത്തരം അവസരങ്ങളിൽ ബോറോവർ കൂടുതലായ ജാമ്യം നൽകുകയും ഇതിനോടുള്ള ബന്ധത്തിൽ കമ്പനി ആവശ്യപ്പെടുന്ന അത്തരം കരാറുകളോ, ഏറ്റെടുക്കലുകളോ, രേഖകളോ, നടത്തിപ്പവകാശങ്ങളോ നടപ്പാക്കുകയും ചെയ്തേക്കാം. ഈ കരാറനുസരിച്ച് ബോറോവർ കമ്പനിക്കു കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തു തീരുന്നതു വരെ ബോറോവർ കരാർ റദ്ദാക്കുകയോ അത്തരം ഏതെങ്കിലും വാഗ്ദാനങ്ങളോ കരാറുകളോ ഉറപ്പുകളോ രേഖകളോ പിൻവലിക്കുകയോ ഇല്ല, കമ്പനി ആവശ്യപ്പെട്ട് 7 ദിവസത്തിനുള്ളിൽ അവ കമ്പനിക്കു സമർപ്പിക്കാമെന്ന് ബോറോവർ ഉറപ്പു തരുന്നു.

k) ഹൈപ്പോത്തിക്കേഷൻ, ഗ്യാരന്റീ, മറ്റെന്തെങ്കിലും സെക്യൂരിറ്റി എന്നിവയുണ്ടെന്നു വരികിലും ഈ കരാറനുസരിച്ച് കമ്പനിക്കു കടപ്പെട്ടിരിക്കുന്ന തുകയ്ക്ക് ബോറോവറും ഗ്യാരന്ററും എല്ലായ്പ്പോഴും വ്യക്തിപരമായി കയപ്പെട്ടവരാണെന്നും മറ്റെന്തു മാർഗങ്ങൾ കമ്പനിക്കുണ്ടെങ്കിലും അവർക്കെതിരെയും അവരുടെ എസ്റ്റേറ്റ് വസ്തുവകകൾ എന്നിവയ്ക്കെതിരെയും കമ്പനിക്ക് അത് ഉന്നയിക്കാവുന്നതാണെന്നും ബോറോവറും ഗ്യാരന്ററും സമ്മതിക്കുകയും ഉറപ്പുതരുകയും ചെയ്യുന്നു.

l) മേൽപ്പറഞ്ഞവയ്ക്കു പുറമേ, ഒരു കൃത്യവിലോപം ഉണ്ടാകുന്നപക്ഷം, ബോറോവർ കമ്പനിക്കു ഏതുസമയത്തും കൊടുക്കേണ്ടി വരുന്ന ഏതോരു തുകയ്ക്കും കൂടുതലായ സെക്യൂരിറ്റി ആയി കമ്പനിയുടെ പേർക്ക് പ്രഥമവും പ്രത്യേകവും ആയി ഈ ഷെഡ്യൂളിൽ കൂടുതലായി പരാമർശിച്ചിരിക്കുന്ന വസ്തുവിന്റെ മോർട്ഗേജ്/ചാർജ് സൃഷ്ടിക്കാമെന്ന് സമ്മതിക്കുന്നു.

m) ബോറോവർ ഒരു കമ്പനി ആയിരിക്കുമ്പോൾ, ഹൈപ്പോത്തിക്കേഷൻ ഉണ്ടെന്നു വരികിലും ബോറോവർ ആസ്തിയുടെ മേൽ അധികാരം നൽകുന്ന CHG-1 ഫോം റെജിസ്ട്രാർ ഓഫ് കമ്പനീസിൽ ഫയൽ ചെയ്യുമെന്ന് ബോറോവറും ഗ്യാരന്ററും സമ്മതിക്കുകയും ഉറപ്പുതരുകയും ചെയ്യുന്നു.

n) ബോറോവർക്കും ഗ്യാരന്റർക്കും കമ്പനിയുമായി ചെയ്ത മറ്റേതെങ്കിലും കരാറിന്റെ പേരിൽ ഏതെങ്കിലും കടപ്പാട് ഉണ്ടാകുന്ന പക്ഷം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ആസ്തി മേൽ കമ്പനിക്ക് തുടർച്ചയായ അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് ബോറോവറും ഗ്യാരന്ററും സമ്മതിക്കുകയും ഉറപ്പുതരുകയും ചെയ്യുന്നു. ബോറോവറും ഗ്യാരന്ററും കമ്പനിയുമായി നിലവിലുള്ള എല്ലാ കരാറുകൾക്കും മേൽ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ആസ്തി ഏറ്റടുക്കുന്നതിന് കമ്പനിക്ക് തുടർച്ചയായ അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് ബോറോവറും ഗ്യാരന്ററും കൂടുതലായി സമ്മതിക്കുകയും ഉറപ്പുതരുകയും ചെയ്യുന്നു.

o) മറ്റേതൊരു രേഖയിലും പരാമർശിച്ചിരിക്കുന്ന കമ്പനിയുടെ അവകാശങ്ങളോടുള്ള മുൻവിധി കൂടാതെ, ഈ കരാറിന്റെ ഭാഗം 10 ൽ പറഞ്ഞിരിക്കുന്നതരം എന്തെങ്കിലും കൃത്യവിലോപം ഉണ്ടാവുകയോ കരാറിലെ ഏതെങ്കിലും നിബന്ധന ലംഘിക്കുകയോ ചെയ്യുന്ന പക്ഷം കമ്പനിക്ക് അനുയോജ്യവും ഉചിതവും എന്നു തോന്നുന്ന ഏതൊരു സെക്യൂരിറ്റിയും വായ്പ തീർപ്പാക്കുന്നതിന് ഉപയോഗിക്കാൻ കമ്പനിക്ക് സമ്പൂർണ അധികാരമുണ്ടായിരിക്കും.

p) സെക്യൂരിറ്റി അപ്രകാരം ഏറ്റെടുക്കുമ്പോൾ സെക്യൂരിറ്റിയുടെ മൂല്യത്തിൽ വരുന്ന ഏതെങ്കിലും കുറവിനോ നഷ്ടത്തിനോ കമ്പനി ഉത്തരവാദിയായിരിക്കില്ല. കമ്പനി അത്തരം വില്പന നടത്തുന്നത് ബോറോവറോട് യാതൊരു കണക്കുബോധിപ്പിക്കലും കൂടാതെയായിരിക്കുന്നതും നഷ്ടത്തിനോ/ നാശത്തിനോ/ കമ്പനി അവകാശങ്ങള് പ്രയോഗിച്ചതു മൂലം / പ്രയോഗിക്കാത്തതു മൂലം ആസ്തിയുടെ മൂല്യത്തില് വന്ന കുറവിനോ കമ്പനിക്ക് ബാധ്യതയില്ലാത്തതും കൂടുതല് വലിയ ഒരു തുക കിട്ടേണ്ടതായിരുന്നു എന്നതിന്റെ അടിസ്ഥാനത്തില് ഈ കരാര് പ്രകാരം ബാക്കിയുള്ള അയാളുടെ ബാധ്യതയെക്കുറിച്ച് തർക്കമുന്നയിക്കുന്നതിനോ കമ്പനിക്കെതിരായി എന്തെങ്കിലും അവകാശവാദം ഉയർത്തുന്നതിനോ ബോറോവർക്ക് അവകാശമില്ലാത്തതും ആയിരിക്കും.

q) ബോറോവറുടെ കൈവശമുള്ള സെക്യൂരിറ്റി, ഹൈപ്പോത്തിക്കേറ്റ് ചെയ്ത ആസ്തി എന്നിവയോടു കൂട്ടിച്ചേർക്കുന്ന എന്തും അതിന്റെ രേഖകളും ബോറോവർ വശം കമ്പനിയുടെ പ്രയോജനത്തിനായി സൂക്ഷിക്കപ്പെടും.

## 9. ഇൻസ്റ്റാൾമെന്റുകളുടെ മാറ്റവും പുനഃക്രമീകരണവും:

a) ആവശ്യമെങ്കിൽ കൂടുതലായ കാലഘട്ടത്തേക്ക് വ്യവസ്ഥകളും നിബന്ധനകളും അടക്കം ഈ സൗകര്യം പുനഃവിചിന്തനം ചെയ്യുന്നത് യാതൊരു കടപ്പാടും കൂടാതെ കമ്പനിയുടെ സ്വന്തം വിവേചനാധികാരത്തിൽ മാത്രം കൈകാര്യം ചെയ്യാനുള്ള അവകാശം കമ്പനി നിലനിർത്തുന്നു.

b) കമ്പനി സ്വയമോ, ബോറോവറുടെ അഭ്യര്ത്ഥന പ്രകാരമോ, അതിനു ഉചിതമെന്നു തോന്നുന്നപക്ഷം, ബോറോവറുടെ രേഖാമൂലമുള്ള സമ്മതത്തോടു കൂടി, അതു തീരുമാനിക്കുന്ന വിധത്തിലും അത്തരം വ്യാപ്തിയിലും തവണകളില് മാറ്റം വരുത്തുകയോ റീഷെഡ്യൂള് ചെയ്യുകയോ ചെയ്യാവുന്നതും, അതേത്തുടർന്ന് ഷെഡ്യൂളില് പറഞ്ഞിരിക്കുന്നത് എന്തുതന്നെ ആയിരുന്നാലും മേല്പറഞ്ഞ മാറ്റത്തിനും റീഷെഡ്യൂളിംഗിനും അനുസരണമായി ബോറോവര് തിരിച്ചടവ് നടത്തേണ്ടതുമാണ്.

c) ബോറോവറുടെ തൃപ്തികരമായ വായ്പാ തിരിച്ചടവു ട്രാക്ക് റെക്കോർഡിനെ അടിസ്ഥാനമാക്കി, കമ്പനിക്ക് അതിന്റെ മാത്രം വിവേചനാധികാരം ഉപയോഗിച്ച്, ഇതിന് പ്രകാരം അനുവദിച്ചിട്ടുള്ള വായ്പയ്ക്ക് ഉപരിയായോ അധികമായോ അധിക വായ്പകള് അനുവദിക്കാവുന്നതാണ്. സമയാസമയങ്ങളിലെ കമ്പനിയുടെ നിലവിലുള്ള ക്രെഡിറ്റ് നിയമങ്ങള് അനുസരിച്ച് കമ്പനി വ്യവസ്ഥ ചെയ്യുന്ന രേഖകള് എക്സിക്യൂട്ട് ചെയ്യുമ്പോള് മാത്രമേ ഈ അധിക വായ്പകള് അനുവദിക്കപ്പെടുകയുള്ളൂ. ഈ വകുപ്പിന്റെ അടിസ്ഥാനത്തില് ഈ അധിക വായ്പകൾക്ക് അവകാശവാദം ഉന്നയിക്കുന്നതിന് ബോറോവർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

## 10. ഇവന്റ്സ് ഓഫ് ഡിഫോൾട്ട് (പിഴവിന്റെ സംഭവങ്ങള്):

താഴെ പറയുന്ന കാര്യങ്ങൾ ഒരു “കൃത്യ വിലോപം“ ആയി കണക്കാക്കും: -

a) ബാധ്യത നിറവേറ്റാനോ കടം വീട്ടാനോ ഇൻസ്റ്റാൾമെന്റ്, ഫീസ്, ചാർജുകൾ, ചെലവുകൾ, കമ്പനിക്കു ചെല്ലേണ്ട മറ്റു തുകകൾ എന്നിവ ഇവിടെ പ്രസ്താവിച്ചിരിക്കുന്ന വിധത്തിലോ കാലാവധിയിലോ കമ്പനി ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും അടയ്ക്കാനോ ബോറോവർ അല്ലെങ്കിൽ ഗ്യാരന്റർ പരാജയപ്പെടുന്നു; അല്ലെങ്കിൽ

b) കമ്പനിയുടെ അഭിപ്രായത്തിൽ, വായ്പയുമായി ബന്ധപ്പെട്ട നിർണായക വിവരങ്ങൾ കടം വാങ്ങിയ ആൾ നൽകാതിരിക്കുന്നു; അല്ലെങ്കിൽ

c) പാപ്പരത്തം, സ്വമേധയാ അല്ലെങ്കിൽ മറ്റു പ്രകാരത്തിൽ നിറുത്തൽ, ബിസിനസ്സിലെ പരാജയം, പാപ്പരത്തത്തിന്റെ ഒരു പ്രവൃത്തിയിൽ ഏർപ്പെടൽ, വായ്പ വാങ്ങിയ ആളിന്റെ / ജാമ്യക്കാരന്റെ വായ്പാദാതാവിനുള്ള ആനുകൂല്യത്തിന്റെ പൊതു നിയമനം, അല്ലെങ്കിൽ വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ ഏതെങ്കിലും വായ്പാദാതാവിന് പണമടവ് നടത്തുന്നത് നിറുത്തുകയോ അല്ലെങ്കിൽ അങ്ങനെ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നെങ്കിൽ, ഈ ഉടമ്പടി അനുസരിച്ചുള്ള ആസ്തികളുടെ, വിശേഷാൽ പണയപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മേലുള്ള റിസീവറിന്റെ/ട്രസ്റ്റിയുടെ അല്ലെങ്കിൽ അതുപോലുള്ള ഉദ്യോഗസ്ഥന്റെ നിയമനം, വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ പാപ്പരത്ത അപേക്ഷ നൽകൽ അല്ലെങ്കിൽ അവർക്കെതിരെ നൽകൽ, അല്ലെങ്കിൽ നിറുത്തുന്നതായി വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ പ്രവർത്തനം നിർത്തുന്നതിന് അപേക്ഷ ഫയൽ ചെയ്യൽ കൂടാതെ അതു സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ അതു പിൻവലിക്കാതിരിക്കൽ; അല്ലെങ്കിൽ

d) വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ (ഒരു കമ്പനി ആണെങ്കിൽ) മുൻകൂറായുള്ള ലിഖിത അംഗീകാരം ഉള്ള സാഹചര്യത്തിലൊഴികെ, ലയനത്തിന് അല്ലെങ്കിൽ പുനർനിർമാണത്തിന് ഉള്ള ഉദ്ദേശ്യത്തിൽ പ്രവർത്തനം നിറുത്തുന്നപക്ഷം; അല്ലെങ്കിൽ

e) വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ അതിന്റെ ബിസിനസ്സ് നിർത്തലാക്കുകയോ നിറുത്തലാക്കുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

f) ബോറോവറുടെ ബാധ്യതകള് ബോറോവറുടെ ആസ്തികളേക്കാള് അധികമാണെന്നോ ബോറോവര് ബിസിനസ്സ് നഷ്ടത്തില് നടത്തിക്കൊണ്ടു പോകുകയാണെന്നോ ഒരു അക്കൗണ്ടന്റോ കമ്പനി നിയോഗിച്ച ഒരു അക്കൗണ്ടന്റുകളുടെ സ്ഥാപനമോ (അതിന് കമ്പനിക്ക് അവകാശമുള്ളതും ഏതു സമയത്തും ചെയ്യുവാന് ഇതിനാല് അധികാരപ്പെടുത്തപ്പെട്ടതുമാകുന്നു) സാക്ഷ്യപ്പെടുത്തുകയാണെങ്കില്;

g) കടം വാങ്ങുന്നയാൾ, കമ്പനിയുടെ രേഖാമൂലമുള്ള സമ്മതം ഇല്ലാതെ ഏതെങ്കിലും വിധത്തിൽ ആസ്തിയുടെമേൽ കടം വരുത്തിവെക്കുകയോ അതു വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ വിൽക്കാനോ കൈമാറ്റം ചെയ്യാനോ ശ്രമിക്കുകയോ പണയാസ്തി ഈടായി നൽകുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

h) കടം വാങ്ങിയ ആൾ പണയാസ്തിക്ക് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം; അല്ലെങ്കിൽ

i) പണയാസ്തി ഏതെങ്കിലും അധികാരികൾ പിടിച്ചെടുക്കുകയോ അറ്റാച്ച് ചെയ്യുകയോ കസ്റ്റഡിയിൽ എടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും നടപടിക്കു വിധേയമാക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

j) കാലാകാലങ്ങളിൽ നിയമപ്രകാരം പണയാസ്തിയുടെ കാര്യത്തിൽ പൂർത്തീകരിക്കുന്നതിനായി ഏതെങ്കിലും നികുതി, ചുങ്കം, ഡ്യൂട്ടി അല്ലെങ്കിൽ മറ്റേതെങ്കിലും പിഴയോ ചാർജോ അടയ്ക്കുന്നതിലോ അല്ലെങ്കിൽ ഏതെങ്കിലും നിയമം, വ്യവസ്ഥ, പൂർത്തിയാക്കാനുള്ള ഔപചാരികതകൾ തുടങ്ങിയവ നിവർത്തിക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം; അല്ലെങ്കിൽ

k) പണയാസ്തി മോഷ്ടിക്കപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ കണ്ടുപിടിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

l) പണയാസ്തിക്ക് കേടുപാടോ നാശനഷ്ടമോ സംഭവിക്കുകയോ അത് ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ അതിന് കേടുപാട് സംഭവിക്കുകയോ അല്ലെങ്കിൽ ആസ്തിമൂലം തേർഡ് പാർട്ടിക്ക് ശാരീരിക ദ്രോഹം നേരിടുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

m) കടം വാങ്ങിയ ആൾ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് കമ്പനിക്ക് എത്തിച്ചുകൊടുത്ത അല്ലെങ്കിൽ എത്തിച്ചുകൊടുക്കേണ്ട ഏതെങ്കിളും PDC-കൾ സമർപ്പിക്കുമ്പോൾ അത് ഏതെങ്കിലും കാരണത്താൽ മാറ്റിയെടുക്കാൻ കഴിയാത്തപക്ഷം; അല്ലെങ്കിൽ

n) കടം വാങ്ങിയ ആൾ എന്തെങ്കിലും കാരണങ്ങളാൽ ഏതെങ്കിലും PDC / ECS മാൻഡേറ്റ് നിർത്തലാക്കാൻ നിർദേശിക്കുകയാണെങ്കിൽ അല്ലെങ്കിൽ കടം വാങ്ങിയ ആൾ നൽകിയ ഏതെങ്കിലും പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ / ഇസിഎസ് മാൻഡേറ്റ് മാറിയെടുക്കാൻ കഴിയാതെവരുന്നപക്ഷം; അല്ലെങ്കിൽ

o) കമ്പനിക്ക് പണയാസ്തിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് കടം വാങ്ങിയ ആൾ നൽകുന്നതിൽ പരാജയപ്പെടുന്നപക്ഷം; അല്ലെങ്കിൽ

p) ഈ കരാറിൽ നല്കിയിരിക്കുന്നപ്രകാരം ആസ്തിയുടെ (പഴയതും പുതിയ വാഹനം / ഉപകരണം) ഏതെങ്കിലും വിശദാംശങ്ങൾ നൽകുന്നതിൽ കടം വാങ്ങിയ ആൾ പരാജയപ്പെടുന്നപക്ഷം; അല്ലെങ്കിൽ

q) കമ്പനിയുടെ താൽപര്യത്തിന് അല്ലെങ്കിൽ കടം വാങ്ങിയ ആൾ അല്ലെങ്കിൽ ജാമ്യക്കാരന നൽകിയ സെക്യൂരിറ്റിക്ക് നഷ്ടമുണ്ടാക്കുന്ന, അപകടപ്പെടുത്തുന്ന, അപായപ്പെടുത്തുന്ന, അല്ലെങ്കിൽ അതിനെ അപകീർത്തിപ്പെടുത്തുന്ന അല്ലെങ്കിൽ നഷ്ടമുണ്ടാക്കാനോ അപകടപ്പെടുത്താനോ അപായപ്പെടുത്താനോ അപകീർത്തിപ്പെടുത്താനോ സാധ്യതയുള്ള ഏതെങ്കിലും സാഹചര്യമോ സംഭവമോ ഉണ്ടാകുന്നപക്ഷം; അല്ലെങ്കിൽ

r) കരാർ, കരാറുകൾ, വ്യവസ്ഥകൾ എന്നിവയിലും ഈ കരാറിന് കീഴിലുള്ള ഏതെങ്കിലും വകുപ്പുകളിലും കടം വാങ്ങിയ ആളിന്റെ / ജാമ്യക്കാരന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും ലംഘനം ഉണ്ടാകുകയോ അല്ലെങ്കിൽ സമർപ്പിച്ച രേഖകളിൽ ഏതെങ്കിലും വ്യാജമെന്നു കണ്ടെത്തപ്പെടുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

s) വായ്പ അനുവദിച്ചശേഷം വായ്പ എടുത്ത ആളും ജാമ്യക്കാരനും അല്ലെങ്കിൽ അവരിൽ ആരെങ്കിലും (ഇണ) വിവാഹമോചിതമാകുമ്പോൾ അല്ലെങ്കിൽ അതിനു വേണ്ടിയോ മറ്റുള്ള ഏതെങ്കിലും കാര്യത്തിനു വേണ്ടിയോ ഏതെങ്കിലും കുടുംബ കോടതിയിൽ ഏതെങ്കിലും തരത്തിലുള്ള നിയമനടപടി ആരംഭിക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

t) വായ്പ വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് മരണം സംഭവിക്കുകയോ മാനസികരോഗം വരുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം ബാധിക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

u) കമ്പനിയുടെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുവാദം കൂടാതെ ബോറോവറുടെ ഘടനയിലോ മാനേജ്മെന്റിലോ കാതലായ എന്തെങ്കിലും മാറ്റം അല്ലെങ്കില് ബോറോവറുടെ പുനഃസംഘടന സംഭവിക്കുമ്പോള് അല്ലെങ്കില് ബോറോവറുടെ മാനേജ്മെന്റിന് കമ്പനിയുടെ വിശ്വാസം നഷ്ടമാകുമ്പോള്;

v) മറ്റേതെങ്കിലും വ്യക്തിയുമായുള്ള ഏതെങ്കിലും കരാർ കരാർ, വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ ലംഘിക്കുന്നപക്ഷം; അല്ലെങ്കിൽ

w) വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ, വായ്പ വാങ്ങിയ ആൾ അല്ലെങ്കിൽ ജാമ്യക്കാരൻ എന്ന നിലയിൽ കമ്പനിയുമായി നടത്തിയ മറ്റേതെങ്കിലും കരാറുകളിൽ വീഴ്ച വരുത്തുന്നപക്ഷം; അല്ലെങ്കിൽ

x) ജാമ്യക്കാരൻ നൽകിയ ജാമ്യത്തെ അസാധു ആക്കുകയോ പ്രവർത്തനരഹിതമാക്കുകയോ ചെയ്യുന്ന ഏതെങ്കിലും കുഴപ്പം കണ്ടെത്തുന്ന പക്ഷം; അല്ലെങ്കിൽ

y) ഈ കരാറോ മറ്റേതെങ്കിലും ബന്ധപ്പെട്ട രേഖയോ പ്രകാരം ഏതെങ്കിലും ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നത് കടം വാങ്ങിയ ആൾക്ക് നിയമവിരുദ്ധം ആകുന്നപക്ഷം അല്ലെങ്കിൽ ഈ കരാറിന് കീഴിലുള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നത് ജാമ്യക്കാരന് അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്ക് (വായ്പ എടുത്ത ആൾ ഉൾപ്പെടെ) നിയമവിരുദ്ധമാകുന്നപക്ഷം; അല്ലെങ്കിൽ

z) ഈ ഉടമ്പടി അല്ലെങ്കിൽ മറ്റേതെങ്കിലും രേഖ; ജാമ്യക്കാരൻ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയോ (കടം വാങ്ങിയ ആൾ ഉൾപ്പെടെ) ഉണ്ടാക്കിയ ഈ കരാറോ അല്ലെങ്കിൽ ബന്ധപ്പെട്ട ഏതെങ്കിലും രേഖകളോ അപ്രസക്തമോ നിയമവിരുദ്ധമായോ ആയിത്തീരുകയോ അല്ലെങ്കിൽ അസാധുവായി പ്രഖ്യാപിക്കപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ കടം വാങ്ങിയ ആളോ ജാമ്യക്കാരനോ മറ്റേതെങ്കിലും വ്യക്തിയോ അപ്രസക്തമോ നിയമവിരുദ്ധമോ അസാധുവോ എന്ന് ആരോപിക്കുന്നപക്ഷേ; അല്ലെങ്കിൽ

aa) വായ്പയെടുക്കുന്നയാൾ / ജാമ്യക്കാരൻ ഈ കരാർ അല്ലെങ്കിൽ ബന്ധപ്പെട്ട രേഖ തള്ളിക്കളയുകയോ തള്ളിക്കളയാനുള്ള ഉദ്ദേശ്യത്തിനു തെളിവു ലഭിക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

bb) പ്രകൃതി ദുരന്തങ്ങളുടെ / അപ്രതീക്ഷിത സംഭവങ്ങളുടെ ഫലമായി ഫലമായി ആസ്തിയുടെ മൂല്യം (കമ്പനിക്ക് പൂർണ വിവേചനാധികാരം ഉള്ള നിർണയം) കുറയുന്നപക്ഷം; അല്ലെങ്കിൽ

cc) വായ്പയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ, വായ്പ വാങ്ങുന്ന ആൾ അത് ഏത് ഉദ്ദേശ്യത്തിനായി അപേക്ഷിച്ചുവോ, ഏതു ഉദ്ദേശ്യത്തിനായി കമ്പനി അത് അനുവദിച്ചുവോ അതിൽനിന്നു ഭിന്നമായ ഒരു കാര്യത്തിന് ഉപയോഗിക്കുന്നപക്ഷം; അല്ലെങ്കിൽ

dd) കമ്പനിയുടെ അഭിപ്രായത്തിൽ, വായ്പ തിരിച്ചടയ്ക്കാനുള്ള, കടം വാങ്ങിയ ആളിന്റെ കഴിവിനെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ള ഏതെങ്കിലുമൊരു സംഭവം അല്ലെങ്കിൽ സംഭവങ്ങളുടെ പരമ്പര ഉണ്ടാകുന്നപക്ഷം;

ee) അല്ലെങ്കിൽ വായ്പ എടുത്ത ആളിന്റെ / ജാമ്യക്കാരന്റെ സ്റ്റാറ്റസ് ഈ രാജ്യത്തു താമസിക്കുന്ന ആൾ എന്ന നിലയിൽനിന്ന് ഈ രാജ്യത്തു താമസിക്കാത്ത ആൾ എന്ന നിലയിലേക്ക് മാറുന്നപക്ഷം; അല്ലെങ്കിൽ

ff) വായ്പ എടുത്ത ആൾക്കോ ജാമ്യക്കാരനോ അല്ലെങ്കിൽ പണയാസ്ഥിക്ക് എതിരെ ഏതെങ്കിലും അറ്റാച്ച്മെന്റോ ഡിസ്ട്രെസ്സോ നിയമനടപടിയോ മറ്റേതെങ്കിലും നടപടിയോ നടപ്പിലാക്കുകയോ ചുമത്തുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

gg) ഏതെങ്കിലും ഒരു കുറ്റത്തിന് ഏതെങ്കിലും കോടതിയുടെയോ ഗവൺമെൻറ് അധികാരികളോ കടം വാങ്ങിയ ആൾക്ക് / ജാമ്യക്കാരൻ് എതിരെ ചാർജ് ചെയ്യുകയോ കുറ്റക്കാരനായി ശിക്ഷിക്കുകയോ ചെയ്യുന്നപക്ഷം; അല്ലെങ്കിൽ

hh) കമ്പനിയുമായി അല്ലെങ്കിൽ അതിന്റെ സഹസ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള ഈ കരാറോ മറ്റേതെങ്കിലും കരാറോ പ്രകാരമുള്ള ഏതെങ്കിലും വ്യവസ്ഥകളുടെ കാര്യത്തിൽ കടം വാങ്ങിയ ആൾ അല്ലെങ്കിൽ ജാമ്യക്കാരൻ തർക്കങ്ങൾ ഉന്നയിക്കുന്നപക്ഷം; അല്ലെങ്കിൽ

ii) ഏതെങ്കിലും പിഴവിന്റെ സംഭവം, അല്ലെങ്കില് നോട്ടിസിനു ശേഷമോ അല്ലെങ്കില് സമയപരിധി കഴിഞ്ഞ ശേഷമോ അല്ലെങ്കില് രണ്ടിനും ശേഷമോ നടക്കുന്ന പിഴവിന്റെ സംഭവമാകാവുന്ന ഏതെങ്കിലും സംഭവം നടക്കുകയാണെങ്കില്,

അത്തരം പിഴവിന്റെ സംഭവം നടന്നിരിക്കുന്നു എന്നു വ്യക്തമാക്കിക്കൊണ്ട് അതിനെക്കുറിച്ച് രേഖാമൂലമുള്ള അറിയിപ്പ് ബോറോവര് കമ്പനിക്ക് ഉടനടി നല്കേണ്ടതാണ്. കമ്പനി നിയമം 2013-ലെ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തനം നിറുത്തുന്നതിനുള്ള നിയമപരമായ അറിയിപ്പ് അല്ലെങ്കിൽ കടമെടുത്ത ആൾക്ക് അല്ലെങ്കിൽ ജാമ്യക്കാരന് എതിരെയുള്ള ഏതെങ്കിലും കേസുകൾ അല്ലെങ്കിൽ നയമ നടപടികൾ ഫയൽ ചെയ്യപ്പെടാൻ പോകുന്നു എന്ന അറിയിപ്പ് കടമെടുത്ത ആൾക്ക് അല്ലെങ്കിൽ ജാമ്യക്കാരന് ലഭിക്കുമ്പോൾ / ലഭിക്കുന്നെങ്കിൽ അക്കാര്യം കടമെടുത്ത ആൾ അല്ലെങ്കിൽ ജാമ്യക്കാരൻ സത്വരം കമ്പനിയെ അറിയിക്കും; അല്ലെങ്കിൽ

മേൽപ്പറഞ്ഞ സംഭവങ്ങളോ സാഹചര്യങ്ങളോ ഉണ്ടായോ എന്നതു സംബന്ധിച്ച അന്തിമ തീരുമാനം കമ്പനിയുടേത് ആയിരിക്കും; അത് സമഗ്രവും വായ്പ എടുത്ത ആൾക്ക് / ജാമ്യക്കാരന് ബാധകമാകുന്നതും ആയിരിക്കും; അല്ലെങ്കിൽ

**11. വീണ്ടും കൈവശമാക്കലും അവസാനിപ്പിക്കലും കമ്പനിയുടെ മറ്റ് അവകാശങ്ങളും:**

a) പത്താം വകുപ്പിൽ അടങ്ങിയിരിക്കുന്ന വീഴ്ച ആയുള്ള സംഭവങ്ങളിൽ ഉൾപ്പെട്ടെ സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ സംഭവങ്ങളിൽ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം കടംവാങ്ങിയ ആൾക്ക് ആസ്തിയുടെ മേലുള്ള അവകാശങ്ങൾ യാതൊരു അറിയിപ്പും കൂടാതെ അസാധുവാക്കപ്പെടുകയും ആസ്തി, അനുബന്ധ സാധനങ്ങളും മാറ്റം വരുത്തലുകളും സഹിതം, സ്വാഭാവികമായ തേയ്മാനങ്ങൾ ഒഴികെ, അയാൾക്ക് ആദ്യം ലഭിച്ച അതേ അവസ്ഥയിൽ കമ്പനിക്ക് തിരികെ നൽകേണ്ടതാണ്. വാഹനത്തിൻറെ കാര്യത്തിലാണെങ്കിൽ വ്യവസ്ഥകൾ പ്രകാരമുള്ള അല്ലെങ്കിൽ അതിന് കീഴിൽ ഉണ്ടാക്കിയിരിക്കുന്ന നിയമപ്രകാരമുള്ള ബാധകമായ ഫാറങ്ങളും ആസ്തിയും സഹിതം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കമ്പനിക്ക് നൽകേണ്ടതാണ്. ആസ്തി കൈമാറുന്നതിൽ കടം വാങ്ങിയ ആളുടെ ഭാഗത്തുണ്ടാകുന്ന പരാജയം അല്ലെങ്കിൽ വിസമ്മതം, ആസ്തി നിയമവിരുദ്ധമായി പിടിച്ചുവെക്കുന്നതായി

കണക്കാക്കുന്നതാണ്. അതിന് അയാൾക്കെതിരെ ഏതൊരു തരത്തിലുമുള്ള നിയമനടപടി കൈക്കൊള്ളുന്നതിനുള്ള സമ്പൂർണ്ണ അവകാശം കമ്പനിക്ക് ഉണ്ടായിരിക്കുന്നതാണ്.

i) **അറിയിപ്പ്:** മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ഏതെങ്കിലും സംഭവമോ ആസ്തി കൈമാറുന്നതിലെ വീഴ്ചയോ ഉൾപ്പെടെ, വായ്പയുടെ തിരിച്ചടവു നടത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിക്കുന്നപക്ഷം, കടം വാങ്ങിയ ആൾ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിലാസത്തിൽ 7 ദിവസത്തേക്കുള്ള ഒരു അറിയിപ്പ് കമ്പനി പുറപ്പെടുവിക്കുന്നതായിരിക്കും. അറിയിപ്പ് പോസ്റ്റു ചെയ്ത് 24 മണിക്കൂറിനുള്ളിൽ, അത് കടം വാങ്ങിയ ആൾക്ക് ലഭിച്ചതായി കണക്കാക്കുന്നതാണ്, ഏതെങ്കിലും കാരണത്താൽ കമ്പനിയുടെ ആ അറിയിപ്പ് ഉദ്ദേശിച്ച ആൾക്ക് ലഭിക്കാതെ തിരികെ വന്നാൽ പോലും. അറിയിപ്പ് കടം വാങ്ങിയ ആൾക്ക് അയച്ചു എന്നതിന് കമ്പനിയുടെ അംഗീകൃത ഓഫീസർ നൽകുന്ന സ്ഥിരീകരണം അന്തിമവും ഈ കാര്യത്തിൽ പ്രസക്തവും ആയിരിക്കും.

ii) **തിരികെ കൈവശമാക്കൽ** കടം വാങ്ങുന്നയാൾ തിരിച്ചടവ് നടത്തുന്നതിലോ കമ്പനിക്ക് ആസ്തി കൈമാറുന്നതിലോ അല്ലെങ്കിൽ കമ്പനിയുടെ സംതൃപ്തികരമാകുമാറ്, മുകളിൽ പരാമർശിച്ചിരിക്കുന്ന കരാറിന്റെ നിബന്ധനകളിലെ ലംഘനം പരിഹരിക്കുന്നതിലോ പരാജയപ്പെടുന്നെങ്കിൽ, ഈ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അവകാശങ്ങൾ പ്രകാരം യാതൊരു മുൻവിധിയും കൂടാതെ ആസ്തി കൈവശമാക്കുന്നതിനുള്ള (റീപൊസഷൻ എന്ന് ഇനിമുതൽ പറയുന്നു) അധികാരം കമ്പനിക്ക് ഉണ്ടായിരിക്കുന്നതും പ്രസ്തുത ഉദ്ദേശത്തിൽ ആസ്തി ഇരിക്കുന്ന ഏതൊരു സ്ഥലത്തും അല്ലെങ്കിൽ സ്ഥലങ്ങളിലും പ്രവേശിച്ച് അത് കൈവശപ്പെടുത്തുകയും ചെയ്യുന്നതാണ്. കടം വാങ്ങിയ ആൾ വീഴ്ച വരുത്തുന്നപക്ഷം, ആസ്തി റീപൊസസ് ചെയ്യുന്നതിനുള്ള അവകാശം കമ്പനി പ്രയോഗിക്കുന്നതിന് അയാൾ യാതൊരു വിധത്തിലുമുള്ള തടസ്സങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാക്കുകയില്ലെന്ന് ഇതിനാതൽ സമ്മതിച്ചുകൊള്ളുന്നു. കമ്പനി, ആസ്തി കൈവശമാക്കുന്ന സമയത്ത് അതിന്മേലുള്ള ഏതെങ്കിലും വസ്തുക്കൾ (നശിക്കുന്നതും അല്ലാത്തതുമായവ) നീക്കം ചെയ്യുന്നതിനുള്ള പൂർണ ഉത്തരവാദിത്വം വായ്പ വാങ്ങിയ ആൾക്ക് ആയിരിക്കും; അത്തരം വസ്തുക്കൾ ആസ്തിയിൽനിന്ന് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള ക്രമീകരണങ്ങൾ സ്വന്തം ചെലവിൽ വായ്പ വാങ്ങിയ ആൾ നടത്തുന്നതാണ്. ആസ്തി കൈവശപ്പെടുത്തുന്ന സമയത്ത് അല്ലെങ്കിൽ അതിനുശേഷം ഉണ്ടാകുന്ന കേടുപാടുകൾക്കോ മൂല്യശോഷണത്തിനോ അവ ലഭിക്കേണ്ട ആർക്കെങ്കിലും ലഭിക്കാതിരിക്കുന്നതു നിമിത്തമുള്ള ഏതെങ്കിലും കേടുപാടുകൾക്കോ കമ്പനിക്ക് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

iii) **ആസ്തി കൈവശമാക്കിയശേഷം** ആസ്തി കൈവശമാക്കിയശേഷം, വീഴ്ച പരിഹരിക്കുന്നതിനുള്ള ഒരു അവസാന അവസരം എന്ന നിലയിൽ അവസാനിപ്പിക്കൽ വില നൽകുന്നതിന് കടം വാങ്ങിയ ആൾക്ക് കമ്പനി ഏഴു ദിവസത്തെ നോട്ടീസ് നൽകുന്നതാണ് (അതിൽ ആസ്തി കൈവശമാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ചാർജുകളും ചെലവുകളും നിയമപരമായ ചെലവുകളും ഉൾപ്പെടും). അറിയിപ്പ് പോസ്റ്റു ചെയ്ത് 24 മണിക്കൂറിനുള്ളിൽ, അത് കടം വാങ്ങിയ ആൾക്ക് ലഭിച്ചതായി കണക്കാക്കുന്നതാണ്, ഏതെങ്കിലും കാരണത്താൽ കമ്പനിയുടെ ആ അറിയിപ്പ് ഉദ്ദേശിച്ച ആൾക്ക് ലഭിക്കാതെ തിരികെ വന്നാൽ പോലും. അറിയിപ്പ് കടം വാങ്ങിയ ആൾക്ക് അയച്ചു എന്നതിന് കമ്പനിയുടെ അംഗീകൃത ഓഫീസർ നൽകുന്ന സ്ഥിരീകരണം അന്തിമവും ഈ കാര്യത്തിൽ പ്രസക്തവും ആയിരിക്കും.

iv) **അറിയിപ്പിലെ ഇളവ്:** ഇവിടെ പ്രതിപാദിച്ചിരിക്കുന്ന അറിയിപ്പിന് (ആസ്തി കൈവശമാക്കുന്നതിനു മുമ്പും ശേഷവും), അത്തരത്തിലുള്ള നടപടി ആസ്തിക്കോ കമ്പനിയുടെ താത്പര്യത്തിനോ അപകടം വരുത്തിവെക്കുന്നതായി കമ്പനി കരുതുന്ന സാഹചര്യത്തിൽ, കമ്പനിയുടെ വിവേചനാധികാരപ്രകാരം ഇളവ് ചെയ്യുന്നതാണ്.

v) നിയമിത സമയത്തിനുള്ളിലും മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലും അവസാനിപ്പിക്കൽ വില നൽകുമ്പോൾ, പിടിച്ചെടുത്ത ആസ്തി കമ്പനി കടം വാങ്ങിയ ആൾക്ക് അല്ലെങ്കിൽ അയാൾ രേഖാമൂലം നൽകിയ തൻറെ നിയുക്ത പ്രതിനിധിക്ക് മടക്കി നൽകുന്നതായിരിക്കും. നിയമിത സമയത്തിനുള്ളിലും മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലും അവസാനിപ്പിക്കൽ വില നൽകുന്നതിൽ കടം വാങ്ങിയ ആൾ പരാജയപ്പെട്ടാൽ, കടം വാങ്ങിയ ആൾക്ക് എതിരെയുള്ള നിയമപരമായ പരിഹാരമാർഗങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട്, കടം വാങ്ങിയ ആളെ അറിയിക്കാതെ തന്നെ, കമ്പനിക്ക് ഉചിതമെന്ന് തോന്നുന്ന വിധത്തിൽ ആസ്തി വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതായിരിക്കും.

vi) സ്വകാര്യമായ ഉടമ്പടിയിലോ പരസ്യമായ ലേലത്തിലോ അല്ലെങ്കിൽ കമ്പനിക്ക് ഉചിതമെന്ന് തോന്നുന്ന മറ്റു വിധത്തിലോ, കോടതിയുടെ ഇടപെടൽ കൂടാതെ, ആസ്തി വിൽക്കാൻ / കൈമാറ്റം ചെയ്യാൻ / മറ്റൊരാളെ ഏൽപ്പിക്കാൻ കടം വാങ്ങിയ ആൾ മാറ്റം വരുത്താനാവാത്ത വിധത്തിൽ ഇതിനാൽ അധികാരപ്പെടുത്തുന്നു. വിൽപ്പനയുടെയോ കമ്പനി കൈക്കൊള്ളുന്ന നടപടികളുടെയോ സാധുത സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിക്കാൻ കടം വാങ്ങിയ ആൾക്ക് അവകാശം ഉണ്ടായിരിക്കില്ല; മാത്രമല്ല അത്തരത്തിലുള്ള അധികാരം ഉപയോഗിക്കുമ്പോൾ ഉണ്ടായേക്കാവുന്ന ഏതു തരത്തുലുമുള്ള നഷ്ടത്തിന് അല്ലെങ്കിൽ പ്രസ്തുത ഉദ്ദേശ്യത്തിന് കമ്പനി ഉപയോഗിക്കുന്ന ബ്രോക്കറുടെയോ ലേലം നടത്തുന്ന ആളിന്റെയോ മറ്റേതെങ്കിലും വ്യക്തിയുടെയോ ഭാഗത്തെ ഏതെങ്കിലും പ്രവർത്തനത്തിന്റെയോ വീഴ്ചയുടെയോ ഫലമായുള്ള നഷ്ടത്തിന് കമ്പനിക്ക് ബാധ്യതയോ ഉത്തരവാദിത്വമോ ഉണ്ടിയിരിക്കില്ല.

vii) കടം വാങ്ങിയ ആൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള (ആസ്തി ഒരു വാഹനം ആയിരിക്കുന്നിടത്ത്) എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ഇൻഷ്വറൻസ് പോളിസികളും താക്കോലും ആസ്തിയോടു ബന്ധപ്പെട്ട മറ്റു രേഖകളും കമ്പനിയെ ഏൽപ്പിക്കും. കടം വാങ്ങിയ ആൾ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നപക്ഷം ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ നൽകി ആ രേഖകൾ പുതുതായി സംഘടിപ്പിക്കാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അതിന് വേണ്ടിവരുന്ന ചെലവുകൾ വഹിക്കേണ്ടത് കടം വാങ്ങിയ ആൾ ആയിരിക്കും. കരാറനുസരിച്ച് അയാൾ നൽകേണ്ട തുകയുടെ ഭാഗമായിരിക്കും ആ ചെലവുകൾ. കമ്പനി അത്തരത്തിലുള്ള അപേക്ഷ നൽകുന്നതിൽ കടം വാങ്ങിയ ആൾക്ക് യാതൊരു തരത്തിലുമുള്ള എതിർപ്പില്ല സമ്മതിച്ചുകൊള്ളുന്നു.

viii) ആസ്തി വിറ്റ് അതിൽനിന്ന് കിട്ടുന്ന തുക വായ്പയ്ക്കായി അടക്കേണ്ട തുകയുടെ (പാർക്കിങ്ങിന്റെ ചെലവുകളും ചാർജുകളും ആസ്തിയുടെ വിൽപ്പനയും അവസാനിപ്പിക്കൽ ചെലവും ഉൾപ്പെടെ) ഭാഗമായി കണക്കാക്കുമ്പോൾ, അടയ്ക്കേണ്ടതായ തുകയിൽ എന്തെങ്കിലും കുറവു വന്നാൽ, കടം വാങ്ങിയ ആൾ / ജാമ്യക്കാരൻ അതു വഹിക്കുന്നതായിരിക്കും. അത്തരം പൊരുത്തപ്പെടുത്തൽ നടത്തിയശേഷം തുകയിൽ കൂടുതലായി എന്തെങ്കിലും അവശേഷിക്കുന്നെങ്കിൽ കമ്പനി അത് കടം വാങ്ങിയ വ്യക്തിക്ക്, സ്വത്ത് കൈവശം വയ്ക്കാനുള്ള അയാളുടെ അവകാശത്തിന് ചേർച്ചയിൽ, തിരികെ നൽകുന്നതാണ്.

b) **അവസാനിപ്പിക്കൽ:**

കടം വാങ്ങിയ വ്യക്തി ആസ്തി ഏല്പിക്കുകയോ കമ്പനി അത് കൈവശപ്പെടുത്തുകയോ ചെയ്യുമ്പോൾ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന വായ്പാ വ്യവസ്ഥ എന്തുതന്നെ ആയിരുന്നാലും യാതൊരു അറിയിപ്പും കൂടാതെതന്നെ കരാർ അവസാനിക്കുന്നതാണ്.

മുകളിൽ പറഞ്ഞതും കരാർ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ഈ ഉടമ്പടിയിൽ അടങ്ങിയിട്ടുള്ളതുമായ വ്യവസ്ഥകൾ കണക്കിലെടുത്തുകൊണ്ട് ഈ ഉടമ്പടി അവസാനിച്ചതായി കണക്കാക്കുന്നത് ആയിരിക്കും.

i) കരാറിൽ പ്രതിപാദിച്ചിരിക്കുന്ന വായ്പാ വ്യവസ്ഥകൾ അവസാനിക്കുന്ന സമയത്തിന്റെ മുറയ്ക്ക്; അല്ലെങ്കിൽ

ii) അതിനുമുമ്പ്, അങ്ങനെ ചെയ്യാനുള്ള തീരുമാനം സംബന്ധിച്ച് കടം വാങ്ങിയ ആൾക്കും ജാമ്യക്കാരനും കമ്പനി രേഖാമൂലം നൽകിയ അറിയിപ്പിനാൽ.

അത്തരം വിധത്തിൽ കരാർ അവസാനിപ്പിക്കുമ്പോൾ, വീഴ്ച സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ ആസ്തി പിടിച്ചെടുക്കാനുള്ള അധികാരം കമ്പനിക്ക് ഉണ്ടായിരിക്കും

മുകളിൽ പറഞ്ഞതുപോലെ ഏതെങ്കിലും വിധത്തിൽ കരാർ അവസാനിപ്പിക്കുമ്പോൾ:

iii) അതിനുശേഷം, കടംവാങ്ങിയ വ്യക്തിയും ജാമ്യക്കാരനും ശേഷിക്കുന്ന തുക തവണകളായി അടയ്ക്കുന്നതിന്റെ പ്രയോജനത്തിന് അർഹരായിരിക്കില്ല. അവർ ശേഷിക്കുന്ന തുക കുടിശികയും കൂട്ടുപലിശയും സഹിതം അല്ലെങ്കിൽ മറ്റേതെങ്കിലും അക്കൗണ്ടിലുള്ളത് സത്വരം അടച്ചുതീർക്കേണ്ടതാണ്.

iv) വായ്പ എടുത്തയാൾ കരാർ അവസാനിപ്പിക്കുന്നതിന് വരുന്ന ചെലവിന്റെ കൂടുതലായ പലിശ, ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ, നൽകാൻ ബാധ്യസ്ഥനാണ്. ഇത് കണക്കാക്കുന്നത് കരാർ അവസാനിപ്പിക്കുന്ന തിയ്യതി മുതൽ പണമടവ് പൂർണമായി നിർവഹിക്കുന്നതു വരെയുള്ള കാലയളവിലാണ്.

c) **കമ്പനിയുടെ മറ്റ് അവകാശങ്ങൾ**

i) പരാമർശിച്ചിരിക്കുന്ന കരാർ പ്രകാരം അടയ്ക്കേണ്ട എല്ലാ തുകകളും അടച്ചുകഴിഞ്ഞാലും കടംവാങ്ങിയ വ്യക്തിക്കോ ജാമ്യക്കാരനോ അല്ലെങ്കിൽ ഇരുവർക്കുമോ കമ്പനിയുമായി മറ്റേതെങ്കിലും കരാർ അനുസരിച്ചുള്ള ചാർജുകൾ ഉണ്ടെങ്കിൽ അവ തുടരുന്നതായിരിക്കും എന്ന് ബന്ധപ്പെട്ട പാർട്ടികൾ തമ്മിൽ പ്രത്യേകമായി സമ്മതിച്ചുകൊള്ളുന്നു. ഈ കരാർ പ്രകാരം അടയ്ക്കേണ്ട തുക തിരിച്ചടയ്ക്കുന്നതുവരെ പൂർത്തിയായ കരാറുകളിൽ മേലുള്ള നോ ഒബജക്ഷൻ സർട്ടിഫിക്കറ്റ് പിടിച്ചുവെക്കാനും കടം വാങ്ങിയ ആൾക്ക് അല്ലെങ്കിൽ ജാമ്യക്കാരന് നൽകിയിട്ടുള്ള ആസ്തികൾ കോടതികളുടെ ഇടപെടൽ ഇല്ലാതെതന്നെ പിടിച്ചെടുക്കാനും വിൽക്കാനും കമ്പനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

ii) ഈ ഉടമ്പടിപ്രകാരം അല്ലെങ്കിൽ അതിന് കീഴിലുള്ള ഉടമ്പടികൾ പ്രകാരം, കടം വാങ്ങിയ ആൾ അല്ലെങ്കിൽ ജാമ്യക്കാരൻ നൽകിയ മറ്റേതെങ്കിലും സെക്യൂരിറ്റി ഉപയോഗിച്ചുകൊണ്ട്, പണയ ആസ്തി വിൽക്കുന്ന സാഹചര്യത്തിൽ, ഈ കരാറിന്റെ തുടർച്ച എന്ന നിലയിൽ, ലഭിച്ച തുകയിൽ വരുന്ന ഏതെങ്കിലും നഷ്ടത്തിലോ കുറവിലോ അതുപോലെതന്നെ ആസ്തിയുടെ / സെക്യൂരിറ്റിയുടെ മൂല്യത്തിൽ വരുന്ന ഏതെങ്കിലും കുറവിലോ കമ്പനി ഉത്തരവാദി ആയിരിക്കുന്നതല്ല. കടംവാങ്ങിയ ആളിനോടും ജാമ്യക്കാരനോടും ഏതെങ്കിലും തരത്തിലുള്ള ബാധ്യത ഇല്ലാതെ ആയിരിക്കും കമ്പനി അത്തരത്തിലുള്ള വിൽപ്പന നടത്തുന്നത്. കമ്പനിയുടെ അവകാശങ്ങൾ പ്രയോഗിക്കുകയോ പ്രയോഗിക്കാതിരിക്കുകയോ ചെയ്യുന്നതു മൂലമുള്ള നഷ്ടത്തിനോ കേടുപാടുകൾക്കോ ആസ്തിയുടെ അല്ലെങ്കിൽ സെക്യൂരിറ്റിയുടെ മൂല്യത്തിൽ വരുന്ന കുറവിനോ കമ്പനിയെ ഉത്തരവാദിയാക്കാൻ കഴിയുന്നതല്ല. വിൽപനയിലൂടെ കൂടുതൽ തുക കിട്ടുമായിരുന്നിരിക്കാം അല്ലെങ്കിൽ കിട്ടേണ്ടതായിരുന്നു എന്ന ഒരു ആരോപണം കമ്പനിക്കെതിരെ ഉന്നയിക്കാനോ കരാർ പ്രകാരമുള്ള ശേഷിക്കുന്ന തുക സംബന്ധിച്ചു തർക്കിക്കാനോ ഉള്ള അവകാശം കടം വാങ്ങിയ വ്യക്തിക്കോ ജാമ്യക്കാരനോ ഉണ്ടായിരിക്കുന്നതല്ല.

iii) ശിഷ്ടതുക തിരിച്ചെടുക്കാൻ നിയമപരമായ നടപടികൾ തുടങ്ങുന്നതിന് കമ്പനിക്കുള്ള അവകാശങ്ങൾ മനസ്സിലാക്കിക്കൊണ്ടുതന്നെ, കടം വാങ്ങിയ ആളും ജാമ്യക്കാരനും, കമ്പനിക്ക് തേർഡ് പാർട്ടികളെ നിയോഗിക്കാൻ അവകാശമുണ്ട് എന്ന കാര്യം പൂർണമായി അംഗീകരിക്കുന്നു. അത്തരം തേർഡ് പാർട്ടികൾക്ക്, കടം വാങ്ങിയ ആളിന്റെ മുൻകൂട്ടിയുള്ള സമ്മതം ഇല്ലാതെതന്നെ, കടം വാങ്ങിയ ആൾ നൽകാനുള്ള തുക തിരിച്ചെടുക്കുന്നത് ഉൾപ്പെടെ, കരാറിൽ കീഴിൽ നൽകിയിരിക്കുന്ന എല്ലാ ധർമങ്ങളും അവകാശങ്ങളും അധികാരങ്ങളും വിനിയോഗിക്കാൻ കഴിയുന്നതാണ്.

iv) വീഴ്ച വന്നത് നിമിത്തം ആസ്തി കൈവശപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നത്, കടം വാങ്ങിയ വ്യക്തിക്കും ജാമ്യക്കാരനും എതിരെ വ്യക്തിപരമായി, ഈ കരാർ പ്രകാരം ലഭിക്കേണ്ട തുകയിന്മേലുള്ള അവകാശം ഉറപ്പിക്കുന്നതിന് കമ്പനി നടത്തുന്ന ഒരു കീഴ്വഴക്കത്തിന്റെ വ്യവസ്ഥ അല്ല എന്ന് വ്യക്തമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

v) ആസ്തി കൈവശമാക്കുന്നതിൽ കമ്പനിയുടെ ഭാഗത്തുനിന്നും വന്ന കഴിവുകേടോ പരാജയമോ വീഴ്ചയോ കരാർ അവസാനിപ്പിക്കാൻ അതു തീരുമാനിക്കുന്നെങ്കിൽ അതിനുള്ള അവകാശത്തെ ഒരു പ്രകാരത്തിലും, ഒരു സമയത്തും ബാധിക്കുകയില്ല. അതു പണമടവിൽ വന്ന വീഴ്ചയെ വെച്ചുപൊറുപ്പിക്കുന്നതായോ വിടുതലായോ കണക്കാക്കേണ്ടതല്ല. കരാർ പ്രകാരം, കടം വാങ്ങിയ ആളിൽനിന്നും ജാമ്യക്കാരനിൽനിന്നും അടയ്ക്കേണ്ട തുക മുഴുവൻ പരിച്ചെടുക്കാനുള്ള അവകാശത്തെ അതു ബാധിക്കുന്നില്ല.

vi) കരാറിൽ മറ്റു സ്ഥലങ്ങളിൽ എന്തുതന്നെ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, അത്തരം അവസാനിപ്പിക്കലിനുശേഷം വായ്പ തുടരണോ എന്ന കാര്യം കമ്പനിയുടെ മാത്രം അധികാരത്തിലും വിവേചനത്തിലും പെടുന്നതായിരിക്കും; കൂടാതെ കടം വാങ്ങിയ ആൾ, കമ്പനി തീരുമാനിക്കുന്നതുപോലെ, അപ്പോൾ കമ്പനിക്കു കൊടുക്കാനുള്ള തുകയെയും ആശ്രയിച്ചിരിക്കുന്നു. കമ്പനി സ്വന്തം വിവേചനാധികാരം ഉപയോഗിച്ച്, ഏതു സമയത്തും പ്രത്യേകിച്ച് കാരണങ്ങളൊന്നും നൽകാതെ, ശിഷ്ട തുക അടയ്ക്കാൻ കടം വാങ്ങിയ ആളോട് ആവശ്യപ്പെട്ടേക്കാം; അങ്ങനെ ആവശ്യപ്പെടുമ്പോൾ കടം വാങ്ങിയ ആൾ സത്വരം ശേഷിക്കുന്ന തുക കമ്പനിയിൽ അടച്ചുതീർക്കുകയും ചെയ്യേണ്ടതാണ്. കമ്പനിക്കു നല്കിയ ഏതെങ്കിലും വിവരങ്ങള് അല്ലെങ്കില് വസ്തുതകള് അസത്യമായതോ, തെറ്റായ പ്രസ്താവനയോ, തെറ്റായ പ്രതിനിധാനമോ ആണ് അല്ലെങ്കില് ഈ കരാറില് സമ്മതിച്ചിരിക്കുന്ന ഉടമ്പടികള് പാലിക്കാതിരിക്കല്;

12. **നീക്കിയിരിപ്പ്:**

a) വായ്പാ കരാർ പ്രകാരമുള്ള കൊടുക്കാനുള്ളതും കൊടുക്കേണ്ടതും കടം വാങ്ങിയ ആൾ കൊടുത്തിട്ടുള്ളതുമായ ഏതു തുകയും കമ്പനിക്ക് ഉചിതമെന്നു തോന്നുന്ന ക്രമത്തിൽ, പിൻവരുന്ന പ്രകാരം, നീക്കിവെക്കുന്നതിനുള്ള അവകാശം കമ്പനിക്ക് ഉണ്ടായിരിക്കും:

i) ഡ്യൂ ആയ മുതല് തുകയുടെ തിരിച്ചടവ്.

ii) അധിക പലിശ ഏതെങ്കിലുമുണ്ടെങ്കില് അതുൾപ്പെടെയുള്ള പലിശ.

iii) പിഴ പലിശ, ഏതെങ്കിലുമുണ്ടെങ്കില്.

iv) വിലകള്, ചാർജുകള്, ചെലവുകള് മറ്റു പണങ്ങള് എന്നിവയിന്മേലുള്ള പലിശ.

v) മുന്നടവിന്റെ പ്രീമിയം

vi) വില, ചാർജുകൾ, ചെലവ്, മറ്റുള്ള സാമ്പത്തികം

ഈ കരാറിനു പുറമേ, കടം വാങ്ങിയ ആൾ / ജാമ്യക്കാരൻ സ്വന്തം പേരിലോ തന്റെ / തങ്ങളുടെ പങ്കാളികളുടെ, ബന്ധുക്കളുടെ, നോമിനികളുടെ, പ്രതിനിധികളുടെ പേരിൽ, കടം വാങ്ങുന്ന ആൾ / വാടകയ്ക്ക് എടുക്കുന്ന ആൾ / ലീസ് എടുത്ത ആൾ / ജാമ്യക്കാരൻ എന്ന നിലയിൽ, കമ്പനിയുമായി മറ്റേതെങ്കിലും വായ്പയിൽ / വായ്പ എടുത്തുള്ള വാങ്ങലിൽ / ലീസിൽ അല്ലെങ്കിൽ മറ്റേതെങ്കിലും കരാറിൽ ഏർപ്പെട്ടിരിക്കുകയോ ഭാവിയിൽ ഏർപ്പെടുകയോ ചെയ്യുന്നെങ്കിൽ അത് പാർട്ടികൾ തമ്മിൽ ഇതിനാൽ പ്രത്യേകമായി സമ്മതിച്ചുകൊള്ളുന്നു.

b) കടം വാങ്ങുന്നയാൾ / ജാമ്യക്കാരൻ അല്ലെങ്കിൽ ഈ ഉടമ്പടിയുടെ ഭാഗമായുള്ള അയാളുടെ അല്ലെങ്കിൽ അവരുടെ ബന്ധുക്കൾ, പങ്കാളികൾ, നോമിനികാർ പ്രതിനിധികൾ എന്നിവർ നടത്തുന്ന പണമടവുകൾ "അക്കൗണ്ടിലുള്ള പേയ്മെൻററ്" ആയി മാത്രം കണക്കാക്കുകയും കടം വാങ്ങുന്നയാൾ, അയാളുടെ / അവരുടെ ബന്ധുക്കൾ, പങ്കാളികൾ, നോമിനികാർ, അല്ലെങ്കിൽ പ്രതിനിധികൾ എന്നിവർ കമ്പനിയുമായി ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഉടമ്പടിയുടെ അക്കൗണ്ടിൽ, കമ്പനിക്ക് ഉചിതമാണെന്നു തോന്നുന്നതുപോലെ, അതിന്റെ കാലയളവിലോ അതിനുശേഷമോ, സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് കമ്പനി ഉൾപ്പെടുത്തുന്നതാണ്, പ്രത്യേകമായ നിർദേശങ്ങൾ അതിനു വിരുദ്ധം ആണെങ്കിൽ പോലും.

c) ഈ കരാറിനു കീഴില് ഡ്യൂ ആയതും അടയ്ക്കേണ്ടതുമായ എല്ലാ തുകകളും അടയ്ക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ബോറോവര് അല്ലെങ്കില് അയാളുടെ/അവരുടെ ബന്ധുക്കള് പാർട്ണർമാർ, നോമിനീകള്, പ്രതിനിധികള്, കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും കരാറിനു കീഴില് അവര് അടയ്ക്കേണ്ട ഡ്യൂസ് വീണ്ടെടുക്കുന്നതിലേക്കായി, അത്തരം കരാറിനു(റുകൾക്കു) കീഴില് കമ്പനിയില് നിക്ഷിപ്തമായിരിക്കുന്ന മറ്റ് അവകാശങ്ങളെ ദോഷകരമായി ബാധിക്കാതെ, ഷെഡ്യൂളില് സൂചിപ്പിച്ചിരിക്കുന്ന ആസ്തി കൈവശം വയ്ക്കുന്നതിന്/തിരികെ കൈവശം വയ്ക്കുന്നതിന്/ വില്ക്കുന്നതിന് കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്

d) വായ്പ എടുക്കുന്ന വ്യക്തി അല്ലെങ്കിൽ ജാമ്യക്കാരൻ കമ്പനിയുമായി ഏർപ്പെടുന്ന മറ്റേതെങ്കിലും കരാർ പ്രകാരമുള്ള ചാർജ് തുടരുന്നതായിരിക്കും. ഈ കരാർ പ്രകാരം അടയ്ക്കേണ്ട തുക തിരിച്ചടയ്ക്കുന്നതുവരെ പൂർത്തിയായ കരാറുകളിൽ മേലുള്ള നോ ഒബജക്ഷൻ സർട്ടിഫിക്കറ്റ് (NOC) പിടിച്ചുവെക്കാനും കടം വാങ്ങിയ ആൾക്ക് അല്ലെങ്കിൽ ജാമ്യക്കാരന് നൽകിയിട്ടുള്ള ആസ്തികൾ കോടതികളുടെ ഇടപെടൽ ഇല്ലാതെതന്നെ പിടിച്ചെടുക്കാനും വിൽക്കാനും കമ്പനിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

e) ഇവിടെ പ്രതിപാദിച്ചിരിക്കുന്ന കമ്പനിയുടെ അവകാശങ്ങൾ അവഗണിക്കാതെതന്നെ, ഈ കരാർ പ്രകാരം നൽകിയിട്ടുള്ള സെക്യൂരിറ്റി, മറ്റേതെങ്കിലും കരാർ പ്രകാരം കമ്പനി നൽകിയിട്ടുള്ളതും നിലവിൽ ശേഷിക്കുന്നതുമായ മറ്റെല്ലാ വായ്പകൾക്കുമുള്ള സെക്യൂരിറ്റി ആയും തുടരും എന്നതിനോട് വായ്പ വാങ്ങിയ ആൾ / ജാമ്യക്കാരൻ ഇതിനാൽ സമ്മതിക്കുന്നു. ഈ കരാറിൽ നല്കിയിട്ടുള്ള സെക്യൂരിറ്റി, ഈ കരാർപ്രകാരം വീഴ്ച വന്നിട്ടില്ല എന്നത് ഒരു വസ്തുത ആണെങ്കിൽ പോലും മറ്റു കരാറുകൾ പ്രകാരം വായ്പ വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് ശേഷിക്കുന്നതായി ഉള്ള എല്ലാ വായ്പകളും സെറ്റിൽ ചെയ്യാൻ ഉപയോഗിക്കുന്നതിന് കമ്പനിക്ക് പരമമായ വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

13. **വായ്പ വാങ്ങിയ ആൾക്കും ജാമ്യക്കാരനും ബാധകമാകുന്ന നിയമങ്ങളും വ്യവസ്ഥകളും**

വായ്പ വാങ്ങിയ ആളും ജാമ്യക്കാരനും കമ്പനിക്ക് പിൻവരുന്ന കാര്യം ഉറപ്പാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു

a) വായ്പ വാങ്ങിയ ആളും ജാമ്യക്കാരനും ഈ രാജ്യത്തു വസിക്കുന്ന സാധാരണ പൗരന്മാരാണെന്നും ഈ വായ്പയുടെ കാലാവധിക്കാലത്ത് അങ്ങനെതന്നെ തുടരുമെന്നും.

b) ഈ കരാറിൽ പ്രവേശിക്കാനും അതു നടപ്പിലാക്കാനും കടം വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് മതിയായ നിയമശേഷി ഉണ്ടെന്ന്. ഈ കരാറിൽ നൽകിയിരിക്കുന്ന പ്രകാരം അതിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിൽനിന്ന് കടം വാങ്ങിയ ആളും ജാമ്യക്കാരനും ഏതെങ്കിലും നിയമത്തിന്റെ, വ്യവസ്ഥയുടെ, ന്യായത്തീർപ്പിന്റെ, വിധിയുടെ, ഉടമ്പടിയുടെ, അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യത്തിന്റെ കീഴിൽ ഏതെങ്കിലും വിധത്തിൽ നിയന്ത്രിക്കപ്പെടുകയോ തടയപ്പെടുകയോ ചെയ്യുന്നില്ല. നടപ്പിലാക്കുമ്പോൾ ഈ ഉടമ്പടി, കടം വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് സാധുവും നിയമപരമായി ബാധകവും ആയിരിക്കും; മാത്രമല്ല ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ അദ്ദേഹത്തിന് എതിരെ പ്രയോഗത്തിൽ വരുത്തുകയും ചെയ്യാവുന്നതാണ്. കടം വാങ്ങുന്ന വ്യക്തി / ജാമ്യക്കാരൻ (ഒരു കമ്പനി / പരിമിത ബാധ്യതയുള്ള ഒരു പങ്കാളിത്ത സ്ഥാപനം / മറ്റേതെങ്കിലും കോർപ്പറേറ്റ് സ്ഥാപനം ആയിരിക്കുന്ന സാഹചര്യത്തിൽ) ഭാരതത്തിലെ നിയമങ്ങൾ പ്രകാരം സുസംഘടിതവും നിലവിലുള്ളതും അത് ഒരു ഭാഗമായിരിക്കുന്ന ഈ ഉടമ്പടിയിൽ പ്രവേശിക്കുന്നതിന് ഉചിതമായ അധികാരവും ശേഷിയും ഉള്ളതും അതിന്റെ പ്രതിനിധികൾക്ക് ശരിയായ അധികാരം ഉള്ളതും ആകുന്നു.

c) ഈ ഉടമ്പടിയുടെ നടപ്പാക്കൽ, ഏതെങ്കിലും നിയമത്തിന്റെ / ഭരണഘടനാപരമായ രേഖകളുടെ ലംഘനമല്ല; അല്ലെങ്കിൽ അത് കടം വാങ്ങിയ വ്യക്തിക്ക് / ജാമ്യക്കാരന് ബാധകമാകുന്ന മറ്റേതെങ്കിലും പ്രമാണത്തിന് വിരുദ്ധമല്ല.

d) ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന ആസ്തിയുടെമേൽ ഏതെങ്കിലും തരത്തിലുള്ള ബാധ്യതയോ കൈവശാവകാശമോ നിലനിൽക്കുന്നില്ല.

e) ഈ കരാറിനോടും ഈടുരേഖകളോടും പണയ ആസ്തിയോടും ബന്ധപ്പെട്ട് ആവശ്യമായ എല്ലാ അധികാരപ്പെടുത്തലുകളും അംഗീകാരങ്ങളും സമ്മതങ്ങളും ലൈസൻസുകളും അനുമതികളും ലഭ്യമാക്കുകയും പൂർണമായി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ സകല കാര്യങ്ങളും ചെയ്യുകയും ചെയ്തിരിക്കുന്നു.

f) കമ്പനി അല്ലെങ്കിൽ കമ്പനിയുടെ ഏതെങ്കിലും അംഗീകൃത പ്രതിനിധി അയയ്ക്കുന്ന എല്ലാ അക്കൗണ്ട് സ്റ്റേറ്റ്മെൻറുകളും വായ്പ വാങ്ങുന്ന വ്യക്തിക്കും ജാമ്യക്കാരനും സ്വീകാര്യമാണെന്നും വായ്പ വാങ്ങിയ ആൾ കൊടുക്കാനുള്ളതായി അവകാശപ്പെടുന്ന ഏതൊരു തുകയുടെയും കൃത്യത സംബന്ധിച്ച തെളിവ് ആയിരിക്കുമെന്നും.

g) കടം വാങ്ങുന്നയാൾ / ജാമ്യക്കാരൻ നൽകിയ വിലാസത്തിൽ ആയിരിക്കും ഏതൊരു അറിയിപ്പും ആശയവിനിമയവും അയയ്ക്കുന്നതെന്നും അവ അയച്ച് മൂന്ന് ദിവസത്തിനുള്ളിൽ വിലാസക്കാരന് ലഭിച്ചതായി കണക്കാക്കുമെന്നും കടം വാങ്ങിയ ആളിന്റെയും ജാമ്യക്കാരന്റെയും വിലാസത്തിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ അക്കാര്യം കമ്പനിയെ അറിയിക്കുമെന്നും അതിൽ പരാജയപ്പെടുന്നപക്ഷം അവർ അവസാനം നൽകിയ വിലാസത്തിൽ അയയ്ക്കുന്ന അറിയിപ്പ് അല്ലെങ്കിൽ ആശയവിനിമയം അവർക്കു ലഭിച്ചതായി കണക്കാക്കുമെന്നും.

h) ഈ കരാറിനു കീഴിലുള്ള കമ്പനിയുടെ അവകാശവും ഉത്തരവാദിത്തങ്ങളും, കടം വാങ്ങിയ ആളെ / ജാമ്യക്കാരനെ ഏതെങ്കിലും വിധത്തിൽ അറിയിക്കാതെ, അത് ആഗ്രഹിക്കുന്ന രീതിയിലും വ്യവസ്ഥകൾക്കു വിധേയമായും, കമ്പനി തിരഞ്ഞെടുക്കുന്ന ഏതൊരു വ്യക്തിക്കും മുഴുവനായോ ഭാഗികമായോ വിൽക്കാനോ നിയമിച്ചുനൽകാനോ കൈമാറാനോ കമ്പനിക്കു കഴിയുമെന്നും അത്തരത്തിലുള്ള ഏതൊരു വിൽപ്പനയോ നിയമിച്ചുനൽകലോ കൈമാറ്റമോ കടം വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് ബാധകമാണെന്നും അവർക്ക് ഈ ഉടമ്പടിയുടെ ആനുകൂല്യമോ ഉത്തരവാദിത്തമോ പ്രത്യക്ഷമായോ പരോക്ഷമായോ മറ്റാർക്കെങ്കിലും നിയമിച്ചുനൽകാൻ അധികാരമില്ലെന്നും.

i) വായ്പ വാങ്ങുന്ന ആളെ പ്രതിനിധീകരിക്കുന്ന വ്യക്തിയുടെ ഭാഗത്തെ വായ്പ വാങ്ങുന്നതിനുള്ള അധികാരത്തിന്റെ അസാന്നിദ്ധ്യം അല്ലെങ്കിൽ വൈകല്യം അല്ലെങ്കിൽ അതു നടപ്പാക്കുന്നതിലെ ക്രമക്കേട്, അത്തരം അസാന്നിധ്യം, വൈകല്യം, അല്ലെങ്കിൽ ക്രമക്കേട്, ഈ കരാർ പ്രകാരം, വായ്പ വാങ്ങുന്ന ആൾക്കും ജാമ്യക്കാരനും എതിരെയുള്ള കമ്പനിയുടെ അവകാശങ്ങളെ ബാധിക്കുകയില്ലെന്നും.

j) കടം വാങ്ങുന്ന ആൾ / ജാമ്യക്കാരൻ തനിക്കു ബാധകമായ എല്ലാ നികുതികളും നിയമപരമായ പണമടവുകളും അടച്ചിട്ടുണ്ടെന്നും ഏതെങ്കിലും വ്യക്തിയിൽ നിന്നോ അധികാരിയിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള ഡിമാൻറ്, അവകാശവാദം, അല്ലെങ്കിൽ അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും. കൂടുതലായി, കടം വാങ്ങുന്ന ആൾ, ഇടപാടിന്റെയും പണയാസ്തിയുടെയും കാര്യത്തിൽ സർക്കാരിനും മുനിസിപ്പൽ കോർപ്പറേഷനും പ്രാദേശിക ഗതാഗത വകുപ്പിനും മറ്റ് അധികാരികൾക്കും നൽകേണ്ടതായിട്ടുള്ള, ഇപ്പോഴത്തെയും ഭാവിയിലെയും എല്ലാവിധ നികുതികളും നിരക്കുകളും ഡ്യൂട്ടികളും ചാർജുകളും തീരുവകളും മറ്റു തരത്തിലുള്ള കരങ്ങളും ചെലവുകളും ബാധ്യതകളും അടച്ച് അതിന്റെ രസീത് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുകയും ചെയ്യുന്നതാണ്. കൂടുതലായി, സർക്കാർ ഗഡുക്കളുടെമേൽ അല്ലെങ്കിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഇടപാടിന്മേൽ ചുമത്തുന്ന അല്ലെങ്കിൽ ചുമത്തിയേക്കാവുന്ന ഏതൊരു നിരക്കും, ചാർജുകളും, കരങ്ങളും, തീരുവകളും, തുകകളും മറ്റും അല്ലെങ്കിൽ ഈ കരാറിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി കമ്പനി അടയ്ക്കേണ്ട അല്ലെങ്കിൽ ഒരുപക്ഷേ അടയ്ക്കേണ്ടി വന്നേക്കാവുന്ന പ്രതിമാസ ഗഡുക്കൾ സ്വതവേ വർദ്ധിക്കുന്നതാണ്.

k) ആസ്തി ഒരു വാഹനം ആണോയെന്നും മോട്ടോർ വാഹന നിയമത്തിന്റെ അല്ലെങ്കിൽ അതിന്റെ ചട്ടക്കൂടിനുള്ളിൽ ഉണ്ടാക്കിയിരിക്കുന്ന ചട്ടങ്ങളുടെയും നാട്ടിലെ നിയമങ്ങളുടെയും പരിധിയിൽ അത് ഉപയോഗിക്കപ്പെടുമോയെന്നും കടം വാങ്ങുന്ന ആൾ ഉറപ്പു വരുത്തും.

l) കടം എടുക്കുന്ന ആൾക്ക് / ജാമ്യക്കാരന് എതിരെ ഏതെങ്കിലും തരത്തിലുള്ള കേസുകളോ നടപടികളോ അവകാശവാദങ്ങളോ നിലവിൽ ഇല്ലെന്നും ഉണ്ടാകാൻ ഇടയില്ലെന്നും (സിവിലോ ക്രിമിനലോ മറ്റു വിധത്തിലോ ഉള്ളത്) ഉറപ്പു നൽകുന്നു.

m) നികുതി അല്ലെങ്കിൽ മറ്റേതെങ്കിലും വിഷയം സംബന്ധിച്ച് കടം വാങ്ങിയ ആൾക്ക് / ജാമ്യക്കാരന് ഉള്ള അവകാശങ്ങളുടെയോ സ്ഥാനത്തിന്റെയോ കാര്യത്തിൽ കമ്പനിക്ക് യാതൊരുവിധ ബാധ്യതയും ഇല്ലെന്ന് ഉറപ്പു നൽകുന്നു.

n) മുഴുവൻ വായ്പയും താഴെ കൊടുത്തിരിക്കുന്ന ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന ആസ്തി വാങ്ങുക എന്ന ഉദ്ദേശ്യത്തിനു മാത്രമായി ഉപയോഗിക്കുമെന്നും അല്ലെങ്കിൽ കടം വാങ്ങുന്ന ആൾ വെളിപ്പെടുത്തിയതു പോലെ അത്തരം ഉപയോഗത്തിനായി റീഫൈനാൻസ് വേണ്ടിവരുന്നെങ്കിൽ, ഊഹത്തിൽ അധിഷ്ഠിതമായി ഓഹരി വിപണിയിലോ റിയൽ എസ്റ്റേറ്റിലോ സാമൂഹിക വിരുദ്ധമോ നിയമവിരുദ്ധമോ ആയ പ്രവർത്തനങ്ങളിലോ ഉപയോഗിക്കുകയില്ലെന്നും.

o) ബാങ്കിൽ ചെക്ക് സമർപ്പിക്കുന്നതിൽനിന്ന് അല്ലെങ്കിൽ "പെയ്മെൻറ് നിറുത്തുക" എന്നതുപോലെ ബാങ്കിന് ഏതെങ്കിലും പെയ്മെൻറ് നിർദേശം നൽകുന്നതിൽനിന്ന് വിട്ടുനിൽക്കാൻ കമ്പനിയോട് ആഹ്വാനം ചെയ്യുന്നതിന് കടം വാങ്ങുന്ന ആൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും കാരണത്താൽ കടം വാങ്ങിയ ആൾ അങ്ങനെ ചെയ്താൽതന്നെ ചെക്ക് / ചെക്കുകൾ സമർപ്പിക്കാനും / അല്ലെങ്കിൽ പേയ്മെന്റിനായി കമ്പനിക്ക് നൽകിയിട്ടുള്ള ഏതൊരു നിർദേശവും നടപ്പിലാക്കാനും കമ്പനിക്ക് അവകാശം ഉണ്ടായിരിക്കും.

p) മറ്റ് ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നതിനു മുമ്പ് കമ്പനിയുടെ ലിഖിത അനുമതി തേടിയിരിക്കും.

q) ആസ്തി ഒരു വാഹനം ആയിരിക്കുന്ന സാഹചര്യത്തിൽ, യഥാസമയം പുതുക്കിയതും കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുത്തുന്നതുമായ 1988-ലെ മോട്ടോർ വഹാന നിയമപ്രകാരം അതു തന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും പണയം വെച്ചിരിക്കുന്നത് കമ്പനിയുടെ പേരിലാണെന്ന് അംഗീകരിച്ച് അത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുകയും താമസംവിനാ അതിന്റെ ഒരു പകർപ്പ് കമ്പനിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

r) നിർമ്മാതാവിൽ നിന്ന് അല്ലെങ്കിൽ ഡീലറിൽനിന്ന് വാഹനം കൈപ്പറ്റി അതിന്റെ ഫിറ്റ്നസ്, ഗുണനിലവാരം, അവസ്ഥ തുടങ്ങിയവ പരിശോധിച്ച് ഉറപ്പിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ആസ്തി കൈപ്പറ്റിയാലുടൻ അക്കാര്യം കമ്പനിയെ അറിയിക്കുകയും ചെയ്യുന്നതാണ്.

s) ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കരുത്, അപേക്ഷിക്കേണ്ടി വരുന്നപക്ഷം അതിന് വാഹനത്തിന്റെ മേലുള്ള ചാർജിനെ അംഗീകരിക്കുന്നതിനായി അതു സംബന്ധിച്ചുള്ള അപേക്ഷ കമ്പനിയിൽ എത്തിച്ചുകൊണ്ട് ആയിരിക്കണം.

t) കരാർ നിലവിൽ വരുന്ന സമയത്ത് ആസ്തി ലഭിച്ചിട്ടില്ലാതിരിക്കുകയോ, വാഹനത്തിന്റെ കാര്യത്തിലാണെങ്കിൽ, വായ്പ എടുക്കുന്ന ആളുടെ പേരിൽ അതു രജിസ്റ്റർ ചെയ്യാതിരിക്കുകയോ ആണെങ്കിൽ, ആ സമയത്ത് ലഭ്യമല്ലാത്ത ആസ്തിയുടെ വിവശദ വിവരങ്ങൾ കടം വാങ്ങുന്ന ആൾ ആസ്തി ലഭിച്ച് / അത് രജിസ്ട്രേഷൻ ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

u) ആസ്തി / വാഹനം ലഭിച്ച് ഒരു മാസത്തിനകം, അസൽ ഇൻവോയ്സും ബാധകമെങ്കിൽ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഇൻഷുറൻസ് പോളിസിയും സമർപ്പിക്കുകയും പണയം കമ്പനിയുടെ പേരിലാണെന്ന് ഉറപ്പാക്കുകയും അതിൽ അതു

രേഖപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ അതു സമർപ്പിക്കാൻ കടം വാങ്ങുന്നയാൾ പരാജയപ്പെട്ടാൽ, അതു സമർപ്പിക്കുന്നതുവരെ ഈ കരാറിലെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന പിഴ, അതിൽ അടങ്ങിയിരിക്കുന്ന കമ്പനിയുടെ സ്ഥാപിത അവകാശങ്ങൾ മാനിച്ചുകൊണ്ട്, അയാൾ ഒടുക്കേണ്ടതാണ്.

v) എല്ലാ നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളുമായി ഉചിതമായും യഥാസമയവും പൊരുത്തപ്പെടുകയും ആസ്തിയോടു ബന്ധപ്പെട്ട് ചുമത്തിയിട്ടുള്ള എല്ലാ ചാർജുകളും അടയ്ക്കുകയും വേണം. പണയാസ്തി ഉപയോഗിക്കുകയോ പ്രവർത്തിപ്പിക്കുകയോ കേടുപോക്കുകയോ ചെയ്യുന്നതിന്റെയും അതിൽനിന്ന് ഉണ്ടാകുന്ന ബാധ്യതയുടെയും മുഴു ഉത്തരവാദിത്തവും കടം വാങ്ങുന്ന ആൾക്ക് ആയിരിക്കും.

w) ഇൻഷുറൻസ് പോളിസിയുടെ സാക്ഷ്യപ്പെടുത്തിയ യഥാർഥ പകർപ്പുകളും അവയുടെ പുതുക്കൽ സർട്ടിഫിക്കറ്റുകളും കമ്പനിയിൽ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. കടം വാങ്ങുന്ന ആൾ അത്തരത്തിലുള്ള ഏതൊരു പോളിസിയും കമ്പനിയുടെ പേരിലാക്കുകയും അത്തരം പോളിസിയിൽനിന്ന് അയാൾക്കു ലഭിക്കുന്ന ഏതൊരു വരുമാനവും കമ്പനിയിൽ അടയ്ക്കുകയും ചെയ്യും.

x) ആസ്തിയുടെ ഇൻഷുറൻസ് താമസംവിനാ അടയ്ക്കുകയും അതിന്റെ രസീത് കമ്പനിക്കു നൽകുകയും ചെയ്യും. കടം വാങ്ങുന്ന ആൾ ഇൻഷുറൻസ് അടയ്ക്കുന്നില്ലെങ്കിൽ, അത് അടയ്ക്കുന്നതിനും ആ തുക കടം വാങ്ങിയ ആളിൽനിന്ന് ഈടാക്കുന്നതിനും ഉള്ള അവകാശം കമ്പനിക്ക് ഉണ്ടായിരിക്കുന്നതാണ്. കടം വാങ്ങിയ ആൾ, അറിയിപ്പ് ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ ആ തുക അടയ്ക്കുന്നില്ലെങ്കിൽ, ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന പലിശ അടക്കം, അടയ്ക്കാനുള്ള മറ്റു തുകകൾ സഹിതം കമ്പനിക്ക് നൽകേണ്ടതാണ്.

y) പണയാസ്തിക്ക് ഉണ്ടാകുന്ന നഷ്ടമോ കേടുപാടോ സംബന്ധിച്ച് രേഖാമൂലം സത്വരം കമ്പനിയെ അറിയിക്കുകയും അക്കാര്യത്തിൽ ഇൻഷ്വർ ചെയ്ത കമ്പനിയിൽ ആവശ്യമായ അവകാശവാദങ്ങൾ ഉന്നയിക്കുകയും വേണം. ആ ക്ലെയിം ഇൻഷ്വറൻസ് കമ്പനി സ്വീകരിച്ചാലും ഇല്ലെങ്കിലും നഷ്ടമോ കേടുപാടോ സംബന്ധിച്ചുള്ള ബാധ്യതയിൽനിന്ന് കടം വാങ്ങിയ ആളോ ജാമ്യക്കാരനോ മുക്തനാകുന്നില്ല.

z) അനുചിതമോ നിയമവിരുദ്ധമോ ആയ പ്രവർത്തനങ്ങൾക്കായി പണയാസ്തി ഉപയോഗിക്കുകയോ ഏതെങ്കിലും പ്രവർത്തനത്തിനായി അതിനു മാറ്റം വരുത്തുകയോ ചെയ്യില്ല; അങ്ങനെ ചെയ്യുന്നത് അനുചിതവും നിയമവിരുദ്ധവും ആണ്.

aa) വായ്പാ കാലാവധിയുടെ സമയത്ത് ആസ്തി നല്ല നിലയിൽ സൂക്ഷിക്കുകയും ആവശ്യമായ എല്ലാ കേടുപാടുകളും നടത്തുകയും അതിനു വേണ്ട കൂട്ടിച്ചേർപ്പുകളും പുരോഗതിയും വരുത്തുകയും വേണം. ആസ്തി / വാഹനം എവിടെ ആണെന്നതു സംബന്ധിച്ച് കമ്പനിയെ എപ്പോഴും അറിയിച്ചിരിക്കണം. കടം വാങ്ങിയ ആൾ, കമ്പനിയുടെ ലിഖിത അനുമതി ഇല്ലാതെ, ആസ്തി അതിന്റെ സ്ഥാനത്തുനിന്ന് നീക്കുകയോ നീക്കാൻ അനുവദിക്കുകയോ ആസ്തിയായ വാഹനം മറ്റൊരു സ്ഥലത്ത് സൂക്ഷിക്കുകയോ ചെയ്യുകയില്ല.

bb) ആസ്തിയുടെ രജിസ്ട്രേഷൻ ബുക്ക് അല്ലെങ്കിൽ ആസ്തിയോടു ബന്ധപ്പെട്ട ഇൻഷുറൻസ് പോളിസി നശിച്ചുപോകുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്താൽ മൂന്നു ദിവസത്തിനുള്ളിൽ രേഖാമൂലം അക്കാര്യം കമ്പനിയെ അറിയിക്കുകയും അവകാശവാദം ഉന്നയിക്കുകയും വേണം. അത്തരം ഒരു സാഹചര്യത്തിൽ, ഈ കരാറിൻ കീഴിലുള്ള അവകാശങ്ങൾ കണക്കിലെടുത്തുകൊണ്ട്, കമ്പനിയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ അത്തരം പടികൾ സ്വീകരിക്കാൻ കടം വാങ്ങിയ ആളോട് ആവശ്യപ്പെട്ടേക്കാം.

cc) ആസ്തിയുടെമേൽ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെമേൽ ഏതെങ്കിലും തരത്തിലുള്ള അറ്റാച്ച്മെൻറ് അല്ലെങ്കിൽ ഡിസ്ട്രെസ്സ് അതുമല്ലെങ്കിൽ അതിന്റെ സുരക്ഷയെ അപകടപ്പെടുത്തിയേക്കാവുന്ന എന്തെങ്കിലും വരാൻ അനുവദിക്കുകയില്ല,

dd) ഇവിടെ ഉണ്ടാക്കിയിരിക്കുന്ന സുരക്ഷയെയും ഇതിലൂടെ ലഭിച്ചിരിക്കുന്ന അവകാശങ്ങളെയും അധികാരങ്ങളെയും പരിഹാരമാർഗങ്ങളെയും കൂടുതലായി സ്ഥിരീകരിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നതിനായി അത്തരം പ്രവൃത്തികളും ഡീഡുകളും ഉറപ്പും മറ്റുകാര്യങ്ങളും കമ്പനി ആവശ്യപ്പെടുകയും ഇക്കാര്യത്തിൽ അത്തരം രേഖകൾ ഉണ്ടാക്കുന്നതിന് കടം വാങ്ങുന്ന ആൾ സ്വന്തം പണം ഉപയോഗിക്കുകയും ചെയ്യേണ്ടിവരും.

ee) എല്ലാത്തരം ചെലവുകളിൽനിന്നും അവകാശവാദങ്ങളിൽനിന്നും നടപടികളിൽനിന്നും (അപകടങ്ങളോ കേടുപാടോ ഉണ്ടാകുമ്പോഴുള്ള തേർഡ് പാർട്ടി ബാധ്യത ഉൾപ്പെടെ) കമ്പനി പണം മുടക്കുന്ന അല്ലെങ്കിൽ ചെയ്യുന്ന ഏതൊരു കാര്യമോ വസ്തുവോ ഹേതുവായുള്ള വാടകയ്ക്കും നികുതികൾക്കുമുള്ള എല്ലാ പണമടവുകളും ഉൾപ്പെടെ ആസ്തിയുടെ വിൽപ്പനയിൽനിന്നും ശിക്ഷ വാങ്ങിക്കൊടുക്കുന്നതിൽ, ആസ്തിയോടു ബന്ധപ്പെട്ട തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ, പ്രതിവാദിക്കുന്നതിൽ, അല്ലെങ്കിൽ സ്ഥാപിക്കുന്നതിൽ കമ്പനിയെ മുക്തമായും ഹാനിരഹിതമായും സൂക്ഷിച്ചുകൊള്ളാമെന്നും കൈവശപ്പെടുത്തുന്നതിന്റെ ചെലവുകളും ഫീസുകളും ഇൻഷ്വറൻസും ഉൾപ്പെടെയുള്ള എല്ലാ പണമടവുകളും ചെലവുകളും നടത്തിക്കൊള്ളാമെന്നും സമ്മതിച്ചുകൊള്ളുന്നു;

ff) ആസ്തിയോ അതിന്റെ ഏതെങ്കിലും ഭാഗമോ, ഇവിടെ പരാമർശിച്ചിരിക്കുന്ന വ്യാപ്തിയിൽനിന്നു വ്യത്യസ്തമായി മുമ്പു ലഭിച്ചിട്ടുള്ള, കമ്പനിയുടെ വ്യക്തമായ ലിഖിത അനുമതി ഇല്ലാതെ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ അതിന്മേലുള്ള അധികാരം സൃഷ്ടിക്കുകയോ അതു മറ്റൊരാൾക്ക് ഏൽപ്പിച്ചുനൽകുകയോ പണയപ്പെടുത്തുകയോ ഈടായി നൽകുകയോ വാടകയ്ക്കു നൽകുകയോ അടിയറവു വെക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ആസ്തിയുടെ മേലുള്ള കൈവശാവകാശം നഷ്ടപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

gg) ആസ്തി ഒരു വാഹനം ആയിരിക്കുന്നിടങ്ങളിൽ, കമ്പനിയുടെ ലിഖിത അനുമതി ഇല്ലാതെ, മറ്റേതെങ്കിലും സംസ്ഥാനത്തിൽ വാഹനം വീണ്ടും രജിസ്റ്റർ ചെയ്യാതിരിക്കൽ.

hh) പണയത്തിൽനിന്ന് ആസ്തി വിടുവിച്ചെടുക്കുന്നതു വരെ, കമ്പനിയെയും അതിന്റെ ഉദ്യോഗസ്ഥരെയും ഏജന്റുമാരെയും ആളുകളെയും ആസ്തി പരിശോധിക്കാനും അതു സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തു പ്രവേശിക്കാനും എല്ലായ്പോഴും അനുവദിക്കും; കടം വാങ്ങിയ വ്യക്തി പരിശോധിക്കുന്നതിനുള്ള അവകാശം ഒരു സമയത്തും നിഷേധിക്കുകയോ ഒഴിവാക്കുകയോ ചെയ്യുകയില്ല.

ii) അറ്റകുറ്റപ്പണികൾ നടത്തുക എന്ന ഉദ്ദേശ്യത്തിൽ ആസ്തി / വാഹനം പിടിച്ചെടുക്കുന്നത് ഉചിതമെന്ന് കമ്പനി കരുതുന്നെങ്കിൽ, അക്കാര്യത്തിൽ യോജിക്കുകയും സഹകരിക്കുകയും ചെയ്യും.

jj) കമ്പനിക്കു ലഭിക്കേണ്ട പണമടവുകൾ ശേഖരിക്കുന്നതിൽ, അല്ലെങ്കിൽ ശേഖരിക്കാൻ ശ്രമിക്കുന്നതിൽ, കമ്പനിക്കു നേരിടുന്ന ഏതൊരു ചെലവും വഹിക്കാൻ ബാധ്യസ്ഥൻ ആയിരിക്കും. അത്തരം ചെലവുകളിൽ പോസ്റ്റേജ്, ടെലഗ്രാമുകൾ, ടെലിക്സ്, രജിസ്റ്റർ ചെയ്ത പോസ്റ്റുകൾ, ടെലഫോൺ ബില്ലുകൾ, നിയമപരമായ നടത്തിപ്പുകൾ എന്നിവ ഉൾപ്പെടെ, കളക്ഷനുകൾ ശേഖരിക്കുന്നതിന് നിയമിക്കപ്പെടുന്ന പ്രതിനിധികളുടെ കൂടുതലായ ചെലവുകൾ കമ്പനിക്കു നൽകാൻ ബാധ്യസ്ഥനായിരിക്കും.

kk) കടം വാങ്ങുന്ന ആൾ നൽകുന്ന എല്ലാ വിവരങ്ങളും, അവതരണങ്ങളും, വെളിപ്പെടുത്തലുകളും മറ്റും വാസ്തവവും സത്യവും സമഗ്രവും പുതുക്കിയതും സാധുവും പൂർണ്ണവും, എല്ലാ കാലത്തും സാധുതയുള്ളതും നിലനിൽക്കുന്നതും ആണ്. മാത്രമല്ല, യാതൊരു വിവരങ്ങളും തടഞ്ഞുവെച്ചിട്ടില്ല. വായ്പ എടുത്തയാൾ ആവശ്യമായ ഇടങ്ങളിൽ ആവശ്യമായ പുതുക്കലുകൾ നൽകുന്നതാണ്. കടം വാങ്ങിയ ആൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വ്യവഹാരമോ നിയമനടപടിയോ ഭരണപരമോ മറ്റു വിധത്തിലുള്ളതോ ആയ ഏതെങ്കിലും നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ അക്കാര്യം ഉടൻതന്നെ കമ്പനിയെ അറിയിക്കും.

ll) വായ്പ എടുത്തിരിക്കുന്നത് ഒരു വ്യക്തി ആയിരിക്കുന്നതിനു പകരം ഒരു സ്ഥാപനം ആണെങ്കിൽ, അവയ്ക്കും അവയുടെ ബിസിനസിനും ബാധകമാകുന്ന എല്ലാ നിയമങ്ങളും പാലിക്കുന്നതാണ്.

mm) വായ്പ എടുത്തിരിക്കുന്നത് ഒരു കമ്പനി ആണെങ്കിൽ, ഈ സൗകര്യം പ്രയോജനപ്പെടുത്താൻ അതിന് അധികാരം ഉണ്ടായിരിക്കും; മാത്രമല്ല, മൊത്തം വായ്പാത്തുക നിർദിഷ്ട പരിധിക്കുള്ളിൽ ആയിരിക്കുകയും വേണം.

nn) കമ്പനി ഇടയ്ക്കിടെ നിർദേശിക്കുന്നതുപോലെ, കടം വാങ്ങിയ ആൾ കമ്പനിയുടെ നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥൻ ആയിരിക്കും.

oo) കടം വാങ്ങുന്ന ആളിന്റെ / ജാമ്യക്കാരന്റെ ബന്ധപ്പെട്ട അക്കൗണ്ടുകളിന്മേൽ കമ്പനിക്ക് അവകാശം ഉണ്ടായിരിക്കും; പിന്നീട് പ്രവേശിച്ചേക്കാവുന്നതോ പിന്നീട്, കടം വാങ്ങുന്ന ആളിനോട് അല്ലെങ്കിൽ ജാമ്യക്കാരനോട് ബന്ധപ്പെട്ടതായി കാണപ്പെടുന്ന മറ്റ് അക്കൗണ്ടുകൾ ഇവയിൽ ഉൾപ്പെടും (ഇവിടെ ബന്ധപ്പെട്ട അക്കൗണ്ടുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കടം വാങ്ങുന്നയാൾ ജാമ്യക്കാരനും ജാമ്യക്കാരൻ കടം വാങ്ങുന്ന ആളും ആയിരിക്കുന്ന എല്ലാ അക്കൗണ്ടുകളും ആണ്; അല്ലെങ്കിൽ കമ്പനീസ് ആക്ട് 2013-ൽ നിർവചിച്ചിരിക്കുന്ന പ്രകാരം അവരുടെ / അയാളുടെ ഏതെങ്കിലും ബന്ധുക്കൾ അല്ലെങ്കിൽ അവരുടെ ഏതെങ്കിലും പങ്കാളികൾ ഏതെങ്കിലും കമ്പനിയിൽ നിന്ന് ഉപയോഗപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും സാമ്പത്തിക സൗകര്യത്തിന്റെ കീഴിൽ കടം വാങ്ങിയ ആളോ ജാമ്യക്കാരനോ ആയിരിക്കുന്ന അക്കൗണ്ടുകൾ).

pp) ആർബിഐയുടെ കെവൈസി മാർഗ്ഗനിർദ്ദേശത്തിൽ നിർവ്വചിച്ചിരിക്കുന്നതുപോലെ താൻ / തന്റെ കുടുംബാംഗങ്ങൾ / അടുത്ത ബന്ധുക്കൾ എന്നിവർക്ക് രാഷ്ട്രീയ കാര്യങ്ങളിൽ ആഴത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കടം വാങ്ങുന്ന ആൾ / ജാമ്യക്കാരൻ ഉറപ്പു നൽകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിന് എന്തെങ്കിലും മാറ്റം ഉണ്ടാകുന്നപക്ഷം ബോറോവർ/ഗ്യാരണ്ടർ ഉടൻതന്നെ കമ്പനിയെ അറിയിക്കുന്നതാണ്.

qq) കാലാകാലങ്ങളിൽ കമ്പനിയുടെ ക്രെഡിറ്റ് പോളിസികളുടെ ഒഴിവാക്കൽ ലിസ്റ്റിലുള്ള പ്രവർത്തനങ്ങളിലോ രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക അന്തരീക്ഷത്തിന് ഭീഷണിയാകുകയോ അപകടപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനങ്ങളിലോ താൻ നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായോ ഇടപെടില്ലെന്ന് ബോറോവർ/ഗ്യാരണ്ടർ ഇതിനാൽ ഉറപ്പു നൽകുന്നു.

rr) "കരാറിന്റെ പ്രയോജനം" ഈ ഉടമ്പടി ബോറോവറുടെയും, അയാളുടെ/ അവളുടെ/ അവരുടെ നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ, നിയമപ്രകാരമുള്ള പ്രതിനിധികൾ, പിൻഗാമികൾ എന്നിവരുടെ പ്രയോജനം ഉറപ്പുവരുത്തുന്നതായിരിക്കും. ബോറോവറുടെ മരണം സംഭവിക്കുകയാണെങ്കില്, മുകളില് സൂചിപ്പിച്ചിരിക്കുന്ന വ്യക്തി(കള്) ചുവടെ പറയുന്ന കാര്യങ്ങള് ചെയ്യേണ്ടതാണ്: (i) മരണപ്പെട്ട ബോറോവർ ഒപ്പിട്ട പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ, ഇൻഷ്വറൻസ് പ്രീമിയം ചെക്കുകൾ, ഫീസ്, ചാർജുകൾ, ശേഷിക്കുന്ന പരിശോധനകൾ എന്നിവ മാറ്റി നൽകുക, ആദ്യമായി കരാറിനായി വായ്പയെടുക്കുന്നതുപോലെ ഈ കരാറിൽ നൽകിയിരിക്കുന്ന അതേ രീതിയിൽ. (ii) മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം അപേക്ഷിക്കുകയും അദ്ദേഹത്തിന്റെ പേരിൽ വാഹനങ്ങൾ ട്രാൻസ്ഫർ ചെയ്തു വാങ്ങുകയും ചെയ്യുക. (iii) കമ്പനിയുടെ ആവശ്യപ്രകാരം പുതിയ കരാർ, പവർ ഓഫ് അറ്റോർണി, അങ്ങനെയുള്ള മറ്റ് രേഖകൾ നിർമ്മിക്കുക.

മേൽപ്പറഞ്ഞതിനുപുറമേ, നിയമപ്രകാരമുള്ള പ്രതിനിധിയുമായി കരാർ തുടരണമോ ഇല്ലയോ എന്ന് തീരുമാനിക്കുന്നതിൽ കമ്പനിക്ക് അതിന്റെ വിവേചനാധികാരം പ്രയോഗിക്കാൻ അർഹതയുണ്ടായിരിക്കും. നിയമപ്രകാരമുള്ള പ്രതിനിധി മേൽപ്പറഞ്ഞ നടപടിക്രമം പിൻപറ്റാൻ വിസമ്മതിക്കുകയോ കമ്പനിയുടെ ക്രെഡിറ്റ്, മറ്റ് ആവശ്യങ്ങൾ എന്നിവയോടു യോജിക്കുകയോ ചെയ്യുന്നില്ലെങ്കിൽ കമ്പനിക്ക്, ആസ്തി/ വാഹനം മൂന്നാമതൊരാൾക്ക് വിൽക്കാൻ/ കൈമാറ്റം ചെയ്യാൻ/ഒഴിവാക്കാനും അത്തരം ഇടപാടിലെ നഷ്ടം നിയമപരമായ പ്രതിനിധികളിൽ നിന്ന് ഈടാക്കാനും അവകാശമുണ്ടായിരിക്കും.

**14. ഒഴിവാക്കൽ:**

a) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഹൈപോത്തിക്കേറ്റഡ് ആസ്തി വാങ്ങാൻ/ റീഫിനാൻസ് ചെയ്യാൻ വായ്പ ലഭ്യമാക്കാനുള്ള ബോറോവറുടെ ആഗ്രഹവും അഭ്യർത്ഥനയും അനുസരിച്ച് കമ്പനിയും ബോറോവറും തമ്മിൽ ചെയ്ത ഉടമ്പടിയാണ് ഇത്. ആസ്തി/കളുടെ എല്ലാ വിശദാംശങ്ങളും, വിവരണങ്ങളും, വിശദീകരണങ്ങളും, ബോരാവർക്ക് അറിവ് ഉള്ളവയാണെന്നും ആസ്തി വാങ്ങാനിരിക്കുന്ന ഡീലർ/ നിർമാതാവിൽ നിന്നും അതിന്റെ വിലയും വിവരങ്ങളും തീരുമാനിച്ചിട്ടുള്ളതാണെന്നും വ്യക്തമായി സമ്മതിക്കുന്നു. ആസ്തിയുടെ പ്രവർത്തനക്ഷമതയിലെ പോരായ്മ, നിലവാരമില്ലാത്തതോ കേടായതോ ആയ ആസ്തി എന്നിങ്ങനെ എല്ലാവിധ നഷ്ടസാധ്യതകളും വഹിക്കേണ്ടത് ബോറോവർ ആണെന്നും ഇക്കാര്യത്തിൽ കമ്പനിക്ക് ബോറോവറോട് യാതൊരു ഉത്തരവാദിത്വമോ ബാധ്യതയോ ഉണ്ടായിരിക്കില്ലെന്നും ബോറോവർ അംഗീകരിക്കുന്നു.

b) മുൻപറഞ്ഞ പൊതുതത്വത്തിനു ചേർച്ചയിൽ മുൻവിധി കൂടാതെ, ബോറോവർ പിൻവരുന്നവ കമ്പനിയോട് അംഗീകരിച്ച് സമ്മതിക്കുന്നു:

i) ഷെഡ്യൂൾ അനുസരിച്ചുള്ള ആസ്തിയുടെ വലുപ്പം, ഡിസൈൻ, ശേഷി, ഉൽപാദകൻ എന്നിവ, ബോറോവർ തിരഞ്ഞെടുക്കുന്നതായിരിക്കും,

ii) പട്ടികയിൽ പരാമർശിച്ചിട്ടുള്ള ആസ്തി ബോറോവർ ഉപയോഗിക്കാനുദ്ദേശിക്കുന്ന ലക്ഷ്യത്തിന് അനുയോജ്യമാണ് എന്നതിൽ ബോറോവർ തൃപ്തനാണെന്ന്.

iii) ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ആസ്തി ബോറോവർ സ്വയം തന്റെ ന്യായബോധമനുസരിച്ച് തിരഞ്ഞെടുക്കുകയും കമ്പനി അല്ലെങ്കിൽ അതിന്റെ ഉദ്യോഗസ്ഥർ, ഏജന്റുമാർ അല്ലെങ്കിൽ സേവകർ നൽകിയ ഏതെങ്കിലും പ്രസ്താവനകളിൽ ആശ്രയിച്ചിട്ടില്ല എന്ന്.

iv) ഫിറ്റ്നസിന്റെ വാറന്റിയുണ്ടാവില്ല അല്ലെങ്കിൽ ഷെഡ്യൂളിൽ സൂചിപ്പിച്ച ആസ്തി വിൽപ്പന നടത്താവുന്നത് ആണ് എന്ന്.

v) വാങ്ങുന്ന ആസ്തി ഡീലറുടെ/ നിർമ്മാതാവിൽ നിന്ന് ലഭിച്ച എല്ലാ കുറവുകളും കേടുപാടുകളും സഹിതം (അങ്ങനെയുള്ളവയാണെങ്കിൽ) സ്വീകരിക്കുന്നതാണ്.

vi) ആസ്തിയുടെ വിൽപനക്ഷമത, അവസ്ഥ, ഗുണനിലവാരം, നിലനിൽപ്പ് അല്ലെങ്കിൽ അനുയോജ്യത എന്നിവയുമായി ബന്ധപ്പെട്ട് കമ്പനി യോതൊരു പ്രാതിനിധ്യമോ വാറൻറിയോ ചെയ്യുന്നില്ല.

vii) നിയമപ്രകാരമോ അല്ലാതെയോ ഇവിടെ നൽകിയിരിക്കുന്നതോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ നൽകിയിരിക്കുന്നതോ, ആയ എല്ലാ വാഗ്ദാനങ്ങളും വാറന്റികളും വ്യവസ്ഥകളും ഇതിനാൽ ഒഴിവാക്കിയിരിക്കുന്നു എന്ന്,

viii) ഏതെങ്കിലും തരത്തിലുള്ള ബാധ്യത, ക്ലെയിം, നഷ്ടം, കേടുപാടുകൾ അല്ലെങ്കിൽ ചെലവുകൾ എന്നിവയുണ്ടായാലും ബോറോവറുടെ കടപ്പാടുകൾ നിലനിൽക്കുകയും കമ്പനിയുടെ അവകാശങ്ങൾ ബാധിക്കപ്പെടില്ല എന്നും,

1) ഉൽപാദകനോ വിതരണക്കാരനോ കാരണം ആസ്തിയുടെ ഡെലിവറി നടക്കാതിരിക്കയോ താമസിക്കയോ ഡെമറേജ്, ചെലവ് അല്ലെങ്കിൽ ആസ്തിയുടെ ഗുണനിലവാരം/ അവസ്ഥ/ ഫിറ്റ്നസ്സ് എന്നിവയിൽ ഏതെങ്കിലും തരത്തിൽ കുറവുണ്ടാവുകയോ അപര്യാപ്തതയോ ഉപയോഗത്തിൽ കോടുപാടുകളോ നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്നുവെങ്കിൽ.

2) ഏതെങ്കിലും അറ്റകുറ്റപ്പണികൾ, സേവനം അല്ലെങ്കിൽ പൊരുത്തപ്പെടുത്തലുകൾ എന്നിവയോടു ബന്ധപ്പെട്ട് അല്ലെങ്കിൽ

ഏതെങ്കിലും അറ്റകുറ്റപ്പണികൾ അല്ലെങ്കിൽ സേവനങ്ങളുടെ കാലതാമസം

അല്ലെങ്കിൽ ഏതെങ്കിലും ബിസിനസ്സ് നഷ്ടം കേടുപാടുകൾ എന്നിവമൂലം.

ix) ഏതെങ്കിലും കാരണത്താലാണെങ്കിലും ആസ്തി ഡെലിവറി ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും, ഈ കരാറനുസരിച്ചുള്ള കാലാവധിയിൽ ഇൻസ്റ്റാൾമെന്റുകളും മറ്റു തുകകളും ബോറോവർ അടയ്ക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും, കമ്പനി വിതരണക്കാരന് മുഴുവൻ/ ഭാഗികമായി പണം നൽകുകയോ എന്തെങ്കിലും പണം നൽകുകയോ ചെയ്യുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ, ഡീലർ ബോറോവറിന് ആസ്തികൾ ഡെലിവർ ചെയ്യുന്നില്ലെങ്കിൽ/ ബോറോവർ ഡെലിവറി എടുക്കുന്നില്ലെങ്കിൽ കമ്പനിയുടെ സ്വന്തം ഐച്ഛികവും വിവേചനാധികാരവും ഉപയോഗിച്ച് ഈ കരാർ അവസാനിപ്പിക്കാനും അത്തരം അവസാനിപ്പിക്കലിൽ ഈ ഉടമ്പടി അനുസരിച്ച് അഡ്വാൻസായോ ബുക്കിങ് ചെലവുകൾക്കായോ ഡീലർക്കോ ബോറോവർക്കോ ഈ ബന്ധത്തിൽ മറ്റാർക്കെങ്കിലുമോ കമ്പനി അടച്ച തുക ബോറോവർ കമ്പനിക്ക് നൽകുന്നതാണ്. ഈ തുക കമ്പനി കൊടുത്ത തീയതി മുതൽ ബോറോവർ കമ്പനിക്ക് യഥാർത്ഥത്തിൽ അത് തിരിച്ചടക്കുന്ന തീയതി വരെ, പ്രതിമാസം പിഴ തുക അനുസരിച്ചുള്ള പലിശ അടക്കം ബോറോവർ കമ്പനിക്ക് തിരികെ അടച്ചു തീർക്കേണ്ടതാണ്.

## 15. ആസ്തിയുടെ ഉപയോഗം:

a) ഹൈപ്പോത്തിക്കേറ്റ് ചെയ്ത ആസ്തികൾ നിയമപരമായ ബിസിനസ്സിന് വേണ്ടി മാത്രം ഉപയോഗിക്കുമെന്നും, അവ കേന്ദ്രം അല്ലെങ്കിൽ സംസ്ഥാനത്തിന്റെ നിരോധനം, എക്സൈസ്, മറ്റ് നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ലംഘിക്കുകയോ അതിക്രമിക്കുകയോ ഇല്ലെന്നും ബോറോവർ ഉറപ്പു വരുത്തും.

b) ഈ കരാർ നിലവിലുള്ള കാലത്ത് ആസ്തിക്കു വേണ്ടി ആവശ്യമനുസരിച്ച് സാധുതയുള്ള ഒരു പെർമിറ്റ് സമ്പാദിച്ചിരിക്കുമെന്നും, ആസ്തിയുടെ വാങ്ങൽ, സൂക്ഷിക്കൽ, ഉപയോഗം എന്നിവയുടെ മേൽ അധികാരമുള്ള രജിസ്റ്ററിങ് അതോറിറ്റിയുടെ പെർമിറ്റിൽ പറഞ്ഞിരിക്കുന്ന ചട്ടങ്ങളും നിബന്ധനകളും അനുസരിച്ചും സാമ്പത്തിക സഹായം തേടുന്ന സമയം ബോറോവർ സമർപ്പിച്ച പ്രൊപ്പോസൽ ഫോമിൽ പരാമർശിച്ചിരിക്കുന്ന ഉദ്ദേശത്തിനു മാത്രവും ആസ്തി ഉപയോഗിക്കുകയുള്ളൂവെന്നും ബോറോവർ ഉറപ്പു നൽകുന്നു.

c) ബോറോവർ തന്നെയോ തന്റെ സേവകരോ ഏജന്റുമാരോ ഇൻഷുറൻസ് പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായ ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ഇൻഷുറൻസ് അസാധുവാകുന്ന തരം പ്രവർത്തനങ്ങൾക്ക്, വിശേഷിച്ചും, ഫോറസ്റ്റ്, എക്സൈസ്, കസ്റ്റംസ്, സെയിൽസ് ടാക്സ്, പ്രൊഹിബിഷൻ, ഒപിയം, റെയിൽവെ പ്രോപർട്ടി, അനധികൃത കൈവശം വെക്കൽ, സ്വർണ നിയന്ത്രണം എന്നിവ സംബന്ധമായ കേന്ദ്ര, സംസ്ഥാന നിയമങ്ങളിലെ ഏതെങ്കിലും വകുപ്പുകൾ ലംഘിക്കും വിധം വസ്തുക്കളോ സാധനങ്ങളോ കൊണ്ടുപോകാൻ ആസ്തി/വാഹനം ഉപയോഗിക്കില്ലെന്നും അത്തരം തെറ്റായ അല്ലെങ്കിൽ നിയമവിരുദ്ധമായ ഉപയോഗഫലമായി ആസ്തി മുഖാന്തരം കമ്പനിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബോറോവർ ഉത്തരവാദിയായിരിക്കുമെന്നും ഉറപ്പുതരുന്നു. ബോറോവർ ഈ കരാറിൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്ദേശത്തിനു മാത്രം തന്റെ ചെലവിലും മുടക്കിലും ആസ്തി ഉപയോഗിക്കുകയുള്ളൂവെന്നും ബോറോവർ ഉറപ്പു നൽകുന്നു.

d) ബോറോവർ പ്രസ്തുത ആസ്തി തന്റെ സംരക്ഷണത്തിലും നിയന്ത്രണത്തിലും ഉണ്ടെന്നും, അത് നല്ല പ്രവർത്തനക്ഷമമാണെന്നും കേടുപാടുകളില്ലെന്നും സുരക്ഷിതമാണെന്നും കമ്പനിയുടെ രേഖാമൂലമുള്ള സമ്മതം കൂടാതെ തന്റെയോ അനുവദിച്ചിട്ടുള്ള മറ്റ് വിലാസത്തിൽ നിന്നോ മാറ്റുകയില്ലെന്നും ഉറപ്പുവരുത്തും.

e) വാഹനമായതുകൊണ്ട് ആസ്തിയുടെ മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ബോറോവർ സമയാസമയങ്ങളിൽ സമ്പാദിച്ചിരിക്കും.

## 16. ഇൻഷുറൻസും മെയിന്റനൻസും:

ഈ കരാർ നടപ്പിൽവന്നയുടൻ മുതൽ ബോറോവർ കമ്പനിയ്ക്കു തൃപ്തികരമാം വിധം വായ്പ പൂർണമായും അടച്ചു തീർത്ത് ആസ്തി ഹൈപ്പോത്തിക്കേഷനിൽ നിന്ന് പുറത്തെടുക്കുന്നതു വരെ:

a) തേർഡ് പാർട്ടി ബാധ്യതാ നഷ്ട സാധ്യതകൾക്കെതിരെയുള്ളതിനു പുറമെ ആസ്തിക്കു സംഭവിക്കാവുന്ന തീപ്പിടിത്തം, കലാപം, അഭ്യന്തരപ്രശ്നം, പ്രളയം, ഭൂകമ്പം, സുനാമി, മോഷണം എന്നിങ്ങനെയുള്ള നഷ്ടസാധ്യതകൾക്കെതിരെയും ബോറോവർ ആസ്തി യഥാവിധം പൂർണമായി ഇൻഷുർ ചെയ്തു സൂക്ഷിക്കുന്നതാണ്.

b) അസറ്റിന് ഉണ്ടാകുന്ന നഷ്ടത്തിനോ നാശത്തിനോ പകരമായി ഇൻഷുറർമാരിൽ നിന്നും ഏതെങ്കിലും പേയ്മെന്റ് സ്വീകരിക്കാൻ കമ്പനിയ്ക്ക് അവകാശമുണ്ട്. ഇൻഷുറൻസ് നഷ്ടപരിഹാരം ക്ലെയിം ചെയ്യാനും ഈ കരാറിനു കീഴിൽ അടക്കേണ്ടതായ പണത്തിനു പകരം അതു വരവു വെക്കാനും ബോറോവർ ഇതിനാൽ കമ്പനിയെ മാറ്റമില്ലാത്ത വിധം അധികാരപ്പെടുത്തുന്നു. ഇൻഷുവറർമാരിൽ നിന്നും കമ്പനി പണം സ്വീകരിക്കുന്നതിനെ ബോറോവർ എതിർക്കുകയില്ലെന്നു മാത്രമല്ല ആവശ്യമെങ്കിൽ കമ്പനിക്കു പണം ലഭിക്കാനാവശ്യമായ കത്തുകളും വൗച്ചറുകളും മറ്റു ഡിസ്ചാർജ് രേഖകളും നൽകുകയും ചെയ്യും കാലാകാലങ്ങളിൽ കമ്പനി നിർദേശിക്കുന്നതുപോലെ, ബോറോവർ ഇൻഷ്വറൻസ് പോളിസി, പുതുക്കലിനെ സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും പാലിക്കണം.

c) ഇൻഷുറൻസ് സാധുവാക്കി നിർത്താനുള്ള എല്ലാ പ്രീമിയങ്ങളും മറ്റ് ചിലവുകളും ബോറോവർ അടയ്ക്കുകയും

ഇൻഷുറൻസ് പോളിസിയുടെ യഥാർഥ സർട്ടിഫൈഡ് പകർപ്പുകളും അതിന്റെ തുടർന്നുള്ള പുതുക്കൽ സർട്ടിഫിക്കറ്റുകളും

കമ്പനിക്ക് നൽകുകയും ചെയ്യും. ബോറോവർ അത്തരം എല്ലാ പോളിസികളും കമ്പനിയുടെ പേരിൽ നിർദേശിക്കും/നിയമിക്കും. ഓരോ ഇൻഷുറൻസ് പോളിസിയും ബോരോവറുടെ പേരിലും കമ്പനിയെയോ കമ്പനിയ്ക്ക് ആവശ്യമെങ്കിൽ കമ്പനിയുടെ ബാങ്കർമാരെയോ "ലോസ് പേയീ" ആയി നിയമിച്ചതും ആയിരിക്കും.

d) കമ്പനി സ്വന്തം വിവേചനാധികാരം അനുസരിച്ച് ബോറോവറുടെ പേരിൽ എളുപ്പമായി ഇൻഷുറൻസ് എടുക്കാനും ഇൻഷുറൻസ് അടക്കാനുള്ള ചെലവുകൾ ബോറോവറിൽ നിന്ന് ഈടാക്കാനും കഴിയും. ഇവിടെ പറഞ്ഞിരിക്കുന്ന യാതൊന്നും ആസ്തി ഇൻഷ്വർ ചെയ്തു സൂക്ഷിക്കാൻ കമ്പനിയെ പ്രതിജ്ഞാബദ്ധമാക്കുന്നില്ല, അത് ബോറോവറുടെ ചുമതലയായിരിക്കും, , കൂടാതെ ആസ്തിക്ക് ഇൻഷുറൻസ് ഇല്ലാത്തതു മൂലമുള്ള നാശനഷ്ടത്തിന് കമ്പനിക്കെതിരെ ഒരു ക്ലെയിമും ഉണ്ടാകില്ല.

e) ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി വഴി ആസ്തി/കൾ കൂടാതെ/അല്ലെങ്കിൽ ബോറോവർക്ക് അപകടം, ആശുപത്രിപ്രവേശനം, ഗുരുതരമായ രോഗം, എന്നീ നഷ്ടസാധ്യതകൾക്കെതിരെ ഇൻഷ്വറൻസ് അല്ലെങ്കിൽ വായ്പയുടെ അളവ് എന്നിവയ്ക്കായി പ്രീമിയം എടുക്കാനും കമ്പനിയുടെ പേര് ലോസ് പേയീ ആയി അടയാളപ്പെടുത്താനും കമ്പനിയുടെ സ്വന്തം വിവേചനാധികാരത്തിൽ അവകാശമുണ്ടായിരിക്കും. ബോറോവറുടെ പ്രത്യേക നിർദേശ പ്രകാരം, കമ്പനി നേരിട്ട്, ഇൻഷ്വറൻസ് കമ്പനിയിലേക്ക് പ്രീമിയം കൊടുക്കേണ്ടി വരുമ്പോൾ അത്തരത്തിലുള്ള ഇൻഷുറൻസ് പ്രീമിയം വായ്പ തുകയുടെ ഭാഗമായി കണക്കാക്കും.

f) ഇൻഷൂറൻസ് പോളിസിയിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും നിരക്കാത്ത ഏതെങ്കിലും ആവശ്യത്തിനായി ബോറോവർ ആസ്തി ഉപയോഗിക്കുകയില്ല, കൂടാതെ ഇൻഷുറൻസ് അസാധുവായേക്കാവുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യപ്പെടാൻ അനുവദിക്കുകയോ ചെയ്യില്ല.

g) ഏതെങ്കിലും അപകടം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ ആസ്തിക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരുമ്പോൾ, ബോറോവർ തന്റെ ചെലവിൽ അവ നടത്തുകയും ഇൻഷ്വറൻസ് കമ്പനിയ്ക്ക് തീർപ്പാക്കുന്നതിന് ഇൻഷുറൻസ് ക്ലെയിമിനുള്ള ബില്ലുകൾ നൽകുകയും ചെയ്യും. ബോറോവർക്ക് എതിരായി കുടിശികയില്ലെങ്കിൽ, കമ്പനി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ഏതെങ്കിലും ക്ലെയിമിന്മേൽ സ്വീകരിക്കുന്ന അത്തരം ആനുകൂല്യങ്ങൾ ബോറോവർക്ക് കൈമാറും.

h) കമ്പനിക്ക് തൃപ്തികരമാകും വിധം ആസ്തി/കൾ നന്നായും സുരക്ഷിതമായും നിലനിർത്താനും സൂക്ഷിക്കുവാനും, തീ, അപകടം, അല്ലെങ്കിൽ മറ്റ് സാഹചര്യങ്ങൾ എന്നിവ മൂലമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പരിപാലിക്കുന്നതിനും ഉള്ള എല്ലാ ചെലവുകളും ബോറോവർ വഹിക്കണം.

i) ഈ കരാറിന്റെ പ്രവർത്തന കാലഘട്ടത്തിലെ ഏതെങ്കിലും ഇൻഷുറൻസ് പ്രകാരമുള്ള ആദ്യ അവകാശവാദം കമ്പനിയുടേതായിരിക്കും കമ്പനിയുടെ താൽപര്യം സംരക്ഷിക്കുന്നതിനും ക്ലെയിം നേടുന്നതിനും ബോറോവറുടെ റിസ്കിലും, ചെലവിലും, ബോറോവർക്ക് വേണ്ടിയും ആവശ്യമായ നടപടികളും കൃത്യങ്ങളും ചെയ്യാനും എടുക്കാനും കമ്പനിക്ക് ബോറോവർ മാറ്റമില്ലാത്ത അനുവാദം നൽകുന്നു. ഇക്കാര്യത്തിൽ നടപടിയെടുക്കരുതെന്ന് കമ്പനി തീരുമാനിക്കുന്ന സാഹചര്യത്തിൽ കമ്പനിക്കെതിരായ എന്തെങ്കിലും ക്ലെയിം ചെയ്യാൻ ബോറോവർക്ക് അധികാരമില്ല. കമ്പനിയിലെ അത്തരമൊരു പ്രവൃത്തി ഈ ഉടമ്പടിയുടെ കീഴിൽ ഏതെങ്കിലും അവകാശങ്ങളുടെ ലംഘനമായി കണക്കാക്കപ്പെടുന്നതല്ല. ഇൻഷ്വറൻസ് ക്ലെയിം ഉന്നയിച്ചാൽ, കമ്പനി അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് അത് നേടിയെടുക്കുകയും വീതിക്കുകയും ചെയ്യും. ആസ്തിക്ക് പൂർണനഷ്ടം സംഭവിക്കുമ്പോൾ, ഇൻഷ്വറൻസ് കമ്പനി സെറ്റിൽ ചെയ്ത തുക കരാർ അനുസരിച്ച് കടംവാങ്ങിയ തുകയിൽ കുറവാണെങ്കിൽ ബോറോവർ ഉടനടി ബാക്കി തുക കമ്പനിക്ക് നൽകേണ്ടതാണ്. ഇൻഷൂററുമായി കമ്പനി സെറ്റിൽമെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തർക്കം ഉന്നയിക്കുകയില്ലെന്ന് ബോറോവർ സമ്മതിക്കുന്നു.

**17. ഗ്യാരന്ററിന്റെ ബാധ്യതകൾ:**

a) കാലാവധി തിയതികൾക്കുള്ളിൽ ഇൻസ്റ്റാൾമെന്റുകൾ അടയ്ക്കാനോ ഈ കരാറിനു കീഴിലുള്ള ഏതെങ്കിലും ഉത്തരവാദിത്തങ്ങൾ പിൻപറ്റാനോ ബോറോവർ പരാജയപ്പെടുകയാണെങ്കിൽ കമ്പനി ആവശ്യപ്പെടുകയാണെങ്കിൽ ഗ്യാരന്റർ തർക്കമോ അപകീർത്തിയോ കൂടാതെ അത്തരം ഉത്തരവാദിത്വം ഏറ്റെടുക്കുമെന്ന് ഗ്യാരന്റർ ഇതിനാൽ കമ്പനിക്ക് ഉറപ്പു കൊടുക്കുന്നു. എന്നിരുന്നാലും ഒരു കൃത്യവിലോപം ഉണ്ടാകുമ്പോൾ പ്രതിക്രിയയ്കായി കമ്പനിയുടെ ഭാഗത്ത് എന്തെങ്കിലും പരാജയമോ വൈകലോ ഉണ്ടാകുന്നത് ഈ കരാറിനു കീഴിലുള്ള ഗ്യരന്ററുടെ ഉത്തരവാദിത്തത്തിന്റെ ഉറപ്പിനെ ഒഴിവാക്കില്ല.

b) ഈ കരാറിനു കീഴിൽ ബോറോവർ കമ്പനിയ്ക്കു കൊടുക്കേണ്ട ഇൻസ്റ്റാൾമെന്റുകൾ, പലിശ, അധിക പലിശ, ചാർജ്, ഫീസ്, ചിലവ്, മറ്റ് എന്തെങ്കിലും തുക മുതലായവ ഉൾപ്പെടെ, അവശേഷിക്കുന്ന തുകയിൽ, ഗ്യാരൻററുടെ ബാധ്യത, ബോറോവറുടേതിനോട് തുല്യമായിരിക്കും

c) ഗ്യാരൻററുടെ ഉത്തരവാദിത്വം കേവലം ഒരു ജാമ്യക്കാരന്റെ മാത്രമല്ല, ഒരു പ്രാഥമിക കടക്കാരന്റേതു തന്നെയായിരിക്കുമെന്നും ബോറോവർക്ക് കമ്പനി നൽകുന്ന ഏതെങ്കിലും സൌകര്യത്തിനോ കാലവിളംബത്തിനോ ഈ കരാറിനു കീഴിൽ പറഞ്ഞ വായ്പ അല്ലെങ്കിൽ തിരിച്ചടയ്ക്കപ്പെടുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതൊരു സെക്യൂരിറ്റിയോടും ബന്ധപ്പെട്ട ആനുകൂല്യങ്ങളോ ഇളവുകളോ ഗ്യാരന്റിയെ ദുർബലമാക്കുന്നില്ലെന്നും ഗ്യാരന്റർ സമ്മതിക്കുന്നു. അത്തരം ഏതെങ്കിലും സൌകര്യമോ കാലവിളംബമോ ഗ്യാരൻറർക്ക് നോട്ടീസ് നൽകിയ ശേഷം ഗ്യാരൻററുടെ സമ്മതത്തോടെയായിരിക്കും നൽകുന്നതെന്ന് ഗ്യാരൻറർ സമ്മതിക്കുന്നു.

d) കമ്പനിയും ഗ്യാരൻററും തമ്മിൽ എന്തു ക്രമീകരണത്തിലേർപ്പെട്ടാലും ഗ്യാരൻറിനെതിരെ കമ്പനിയുടെ അവകാശങ്ങൾ പൂർണമായി നിലനിൽക്കും. ഗ്യാരന്ററുടെ ഗ്യാരന്റർ എല്ലായ്പ്പോഴും ഒറ്റയ്ക്ക് ബാധ്യതപ്പെട്ടിരുന്നാലെന്നപോലെ ഉത്തരവാദിത്തങ്ങൾ പൂർണമായും നിവർത്തിക്കപ്പെടണമെന്ന് ആവശ്യപ്പെടാൻ കമ്പനിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

e) ഗ്യരന്ററുടെ അനുവാദമോ സമ്മതമോ കൂടാതെ തന്നെ ബോറോവർക്കും കമ്പനിക്കും ഈ കരാർ, സെക്യൂരിറ്റി, കമ്പനിക്കുവേണ്ടി ബോറോവർ നൽകിയ സെക്യൂരിറ്റി രേഖകൾ എന്നിവയിലെ വ്യവസ്ഥകളും നിബന്ധനകളും നീക്കാനോ മാറ്റാനോ വ്യത്യാസപ്പെടുത്താനോ, വിശേഷിച്ചും വായ്പാ തിരിച്ചടവ്, പലിശ അടവ്, ബോറോവർ കമ്പനിക്കു നൽകാനുള്ള മറ്റേതെങ്കിലും തുക എന്നിവയോ ഈ കരാറിലെ വ്യവസ്ഥകൾക്കു ചേർച്ചയിൽ പലിശ നിരക്ക് കൂട്ടാനോ ഉള്ളതടക്കമുള്ള മാറ്റങ്ങൾ വരുത്താനും ഗ്യാരന്റർ ഇതിനാൽ സമ്മതിക്കുന്നു. വായ്പ സുര്കഷിതമാക്കാനായി ബോറോവർ കമ്പനിക്കു നൽകിയതോ നൽകാനിരിക്കുന്നതോ ആയ എല്ലാ അല്ലെങ്കിൽ ഏതെങ്കിലും സെക്യൂരിറ്റി/സെക്യൂരിറ്റികൾ കൊടുക്കാനോ ഒഴിവാക്കാനോ കമ്പനിക്ക് പരിപൂർണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

f) ഗ്യരന്റർക്ക് നോട്ടീസ് നൽകാതെ തന്നെയും അനുവാദമോ സമ്മതമോ കൂടാതെ തന്നെ ഈ ഗാരന്റിയെ ബാധിക്കാത്ത ഏതു സമയത്തും ഏതു വിധത്തിലും ഈ കരാറിൻറെ കീഴിൽ വായ്പാ തിരിച്ചടവ്, ബോറോവർ കമ്പനിക്കു നൽകാനുള്ള മറ്റേതെങ്കിലും തുക, കമ്പനിക്ക് നൽകേണ്ട സെക്യൂരിറ്റികൾ നടപ്പിലാക്കാനും ബോറോവർക്കും കമ്പനിക്കും ഈ കരാർ, സെക്യൂരിറ്റി,

കമ്പനിക്കുവേണ്ടി ബോറോവർ നൽകിയ ഏതെങ്കിലും അധികാരങ്ങൾ നടപ്പാക്കുന്നതിന്, അല്ലെങ്കിൽ നിർബ്ബന്ധത്തിന് കമ്പനിക്ക് ലഭ്യമായ ഏതെങ്കിലും പരിഹാരങ്ങൾ അല്ലെങ്കിൽ സെക്യൂരിറ്റികൾ എന്നിവയിൽ നിന്ന് കമ്പനിയോ അല്ലെങ്കിൽ മറ്റേതെങ്കിലും കോമ്പോസിഷൻ കോമ്പൗണ്ടിലോ നൽകുകയോ അല്ലെങ്കിൽ സമയമോ മറ്റേതെങ്കിലും ഒഴിവോ സൗകര്യമോ നൽകാനോ കമ്പനിയുടെ സ്വാതന്ത്ര്യത്തെ കുറിച്ചോ അല്ലെങ്കിൽ കമ്പനിയുടെ ഭാഗത്ത് ഏതെങ്കിലും പ്രവൃത്തിയോ ഒഴിവാക്കിയോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യത്തിലോ അല്ലെങ്കിൽ വസ്തുവകകളുമായി ബന്ധപ്പെട്ടോ നിയമപ്രകാരം എന്തെങ്കിലുമുണ്ടെങ്കിലോ, ഈ വ്യവസ്ഥയിൽ, ഗ്യാരന്ററികൾ ഒഴിവാക്കുന്നതിനും ഗ്യാരൻറികളുടെ വിട്ടുകൊടുക്കലിനും മറ്റ് അവകാശങ്ങളും നടപ്പിലാക്കാൻ കമ്പനിക്ക് പൂർണ്ണ അർഹതയുണ്ടായിരിക്കും.

g) ഈ ഗാരന്റിയുടെ ഗാരന്റർക്കെതിരായി നടപടികൾ കൈക്കൊള്ളുന്ന സമയത്ത്, വായ്പ അടയ്ക്കുന്നതിനായി ഏതെങ്കിലും സെക്യൂരിറ്റിയോ സെക്യൂരിറ്റികളോ പിരിഞ്ഞുകിട്ടാത്തതായോ സാക്ഷാത്കരിക്കപ്പെടാത്തതായോ നഷ്ടമായതായോ ഉണ്ടെങ്കിൽ എന്തുതന്നെയായാലും ഗ്യാരന്റി ഗ്യാരന്റർക്കെതിരെ നടപ്പിലാക്കാവുന്നതായിരിക്കും.

h) ഈ കരാറിൻറെ അടിസ്ഥാനത്തിൽ കമ്പനിയുടെ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെൻറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പനുസരിച്ച് അടക്കേണ്ട തുക നൽകേണ്ടത് ഗ്യാരൻററിന് ബാധകമാണെന്ന് ഗ്യാരൻ്റർ അംഗീകരിക്കുന്നു.

i) പാപ്പരത്വമോ ബോറോവർ സമർപ്പിക്കുന്ന ഏതൊരു അപേക്ഷയോ പ്രമേയമോ പാപ്പർ ഹർജിയോ കമ്പനിയുടെയോ ബോറോവറുടെയോ സ്ഥിതിയിലുണ്ടാകുന്ന യാതൊരു മാറ്റമോ ഗ്യാരന്ററുടെ താഴെപറയുന്ന ബാധ്യതയെ യാതൊരു വിധത്തിലും ബാധിക്കുകയില്ല.

j) ഈ ഗ്യാരന്റി നിലനിൽക്കേ തന്നെ വായ്പ പുതുക്കാനോ പുറമേ വായ്പയോ മറ്റു സൗകര്യങ്ങളോ നേടാനോ ബോറോവർക്ക് സ്വാതന്ത്ര്യമുണ്ടെന്നും അപ്രകാരം ചെയ്യുന്നത് ഈ ഗ്യാരന്റിയെ ഒരു വിധത്തിലും ബാധിക്കാതെ ഗ്യാരന്ററെ പൂർണമായും ഉൾപ്പെടുത്തി സാധുവായി നിലനിൽക്കുമെന്ന് ഗ്യാരന്റർ ഇതിനാൽ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

k) കമ്പനിക്ക് സെക്യൂരിറ്റിയോ ആസ്തിയോ രണ്ടുമോ വിട്ടുകൊടുക്കാനുള്ള അവകാശമുണ്ടെന്നും അതിനാൽ ഈ കരാർ പ്രകാരമുള്ള ഗ്യാരന്ററുടെ ബാധ്യതകൾ ഇല്ലാതാകുന്നില്ലെന്നും ഗ്യാരന്റർ സമ്മതിക്കുന്നു.

l) ഈ കരാറനുസരിച്ച് ഗ്യാരന്ററോടു പണം ആവശ്യപ്പെടുന്നതിന്, കമ്പനി ബോറോവർക്കെതിരെ നടപടി സ്വീകരിക്കുകയോ അതിനുള്ള അവകാശം നഷ്ടമാകുകയോ ചെയ്യേണ്ടതില്ലെന്ന് ഗ്യാരന്റർ സമ്മതിക്കുന്നു.

m) ബോറോവറും കമ്പനിയും തമ്മിൽ ഈ കരാറിലെ വ്യവസ്ഥകളോ മറ്റു രേഖകളോ സംബന്ധിച്ച ഒരു തർക്കം നിലനിൽക്കുന്നു എന്നുവരുകിലും കമ്പനി ആവശ്യപ്പെടുന്നപക്ഷം കരാർ പ്രകാരമുള്ള പേയ്മെന്റുകളും കടങ്ങളും തന്നുകൊള്ളാമെന്ന് ഗ്യാരന്റർ സമ്മതിക്കുന്നു.

n) ഈ കരാറിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ അടക്കേണ്ടതായ പലിശ, ലേറ്റ് പേയ്മെന്റ് ചാർജുകൾ, ചെലവുകൾ, ചാർജുകൾ, മറ്റു തുകകൾ എന്നിവയടക്കം മുഴു വായ്പയും അടച്ചു തീർക്കുന്നതു വരെ ഈ ഗ്യാരന്റി തുടരുകയും പൂർണ അധികാരത്തിൽ നിലകൊള്ളുകയും ചെയ്യും.

o) ഈ കരാറിന്റെ ന്യൂനതകളും പോരായ്മകളും അല്ലെങ്കിൽ രേഖകളുടെയും എഴുത്തുകളുടെയും അപൂർണതയും കണക്കാക്കാതെ ഈ ഗ്യാരന്റി സാധുവും പ്രാബല്യത്തിലും ആയിരിക്കുമെന്നും ഈ ഗ്യാരന്റി പൂർത്തീകരിക്കാതെ ഗ്യാരന്റർ തന്റെ ബാധ്യതയിൽ നിന്ന് വിടുതൽ നേടുന്നതല്ലെന്ന് ഗ്യാരന്റർ സമ്മതിക്കുന്നു.

p) ഈ കരാറനുസരിച്ചുള്ള മുഴുവൻ തുകയും കമ്പനിക്കു തന്നു തീർക്കാതെ ബോറോവർ കമ്പനിക്കു നൽകുന്ന ഏതെങ്കിലും പേയ്മെന്റുകളാൽ ഈ കരാർ പൂർണമായോ ഭാഗികമായോ പൂർത്തിയാവുകയോ ഒഴിവാകുകയോ ഇല്ല, ഗ്യാരന്ററുടെ ബാധ്യതകൾ ഇല്ലാതാകില്ല.

q) കമ്പനിക്ക് കോർപറേറ്റോ വ്യക്തിഗതമോ ആയ മറ്റു ഗ്യാരന്റികൾ കിട്ടിയാലും വായ്പ പൂർണമായും പലിശയും മറ്റു ചെലവുകളും അടക്കം എല്ലാ ബാധ്യതകളും ബോറോവർ അടച്ചു തീർക്കുന്ന സമയം വരെ ഈ ഗ്യാരന്റി പൂർണ പ്രാബല്യത്തിലിരിക്കും അത് മാറ്റമില്ലാത്തതും ആയിരിക്കും. ഈ ഗ്യാരന്റി ഗ്യാരന്ററുടെ അവകാശികൾ, നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ എന്നിവരെയും ബാധ്യസ്ഥരാക്കുന്നതാണ്

**18. പ്രീക്ലോഷർ:**

a) കമ്പനിയുടെ സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് പ്രീക്ലോഷർ നിബന്ധനകൾക്കു വിധേയമായി ബോറോവറുടെ അപേക്ഷാനുസരണം ഇൻസ്റ്റാൾമെന്റുകൾ വേഗത്തിലാക്കാനോ നേരത്തേ അടക്കാനോ അനുവദിക്കുന്നതാണ്. വായ്പ വിതരണം ചെയ്ത് ആറു മാസത്തിനകം പ്രീക്ലോഷർ അനുവദിക്കുന്നതല്ല.

b) കമ്പനിയുമായുള്ള കരാർ പ്രകാരം നൽകാനുള്ള മുഴുവൻ തുകയും വായ്പ മുതലും മുടക്കു ഗഡുക്കളും പലിശയും അധിക പലിശയും അടക്കം നേരത്തെ കൊടുക്കാനുള്ള ബോറോവറുടെ ഉദ്ദേശ്യം 21 ദിവസത്തെ മുൻകൂർ നോട്ടീസായി രേഖാമൂലം കമ്പനിയെ അറിയിച്ച് മുഴുവൻ വായ്പാ തുകയും (ഭാഗമായല്ല) പണമായോ ചെക്കായോ നേരത്തേ നൽകാവുന്നതാണ്. പ്രീക്ലോഷർ ചെയ്യുന്നതിന് കമ്പനി തീരുമാനിക്കുന്ന തുകയോ ഈ കരാറിന്റെ ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന തുകയോ ഫീസ് ആയി നൽകേണ്ടതാണ്.

c) പ്രീക്ലോഷർ തുക എന്ന നിലയിൽ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുക കരാർ പ്രകാരമുള്ള എല്ലാ പേയ്മെന്റും നൽകി എന്ന നിഗമനത്തിലാണ്, അല്ലാത്തപക്ഷം, അത് റദ്ദാക്കപ്പെടുകയും പിന്നീട് ചെക്ക് റദ്ദാക്കൽ ചാർജ്, അധിക പലിശ, മറ്റു ചാർജുകൾ എന്നിവയടക്കം വീണ്ടും അടക്കേണ്ടതായിരിക്കും, NOC കൊടുത്തു കഴിഞ്ഞാലും ഇത് ബാധകമായിരിക്കും.

**19. അധിക പലിശ:**

**ഈ കരാർ പ്രകാരം തീർക്കാനോ മറ്റു വിധത്തിലോ കമ്പനിക്കുള്ള അവകാശങ്ങൾക്കു ചേർച്ചയിൽ മുൻവിധി കൂടാതെ, കൃത്യവിലോപം, ഇൻസ്റ്റാൾമെന്റ് അടയ്ക്കുന്നതിലെ കാലതാമസം, കാലാവധിയ്ക്ക് കുടിശിക തീർക്കൽ, എന്നീ സൗകര്യങ്ങൾ കമ്പനി പിൻവലിക്കുന്ന/നിർത്തലാക്കുന്ന പക്ഷം ബോറോവർ/ഗ്യാരന്റർ കാലാവധി തീയതി മുതൽ യഥാർഥ പേയ്മെന്റ് തിയതി വരെയുള്ള അധിക പലിശ നൽകാൻ കടപ്പെട്ടിരിക്കുന്നു.** ഈ കരാറിൽ അധിക പലിശ എന്നു പരാമർശിച്ചിരിക്കുന്ന ഇടങ്ങളിൽ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന നിരക്കിലോ കമ്പനി സമയാസമയങ്ങളിൽ **തീരുമാനിക്കുന്ന മറ്റു നിരക്കുകളിലോ അത് ഈടാക്കുന്നതാണ്**.

**20. അസൈൻമെന്റും സെക്യൂരിറ്റൈസേഷനും:**

a) ഈ കരാർ ബോറോവർക്കും ഗ്യാരന്റർക്കും വ്യക്തിഗതമായി ഉള്ളതാണ്. കമ്പനിയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ ബോറോവറോ ഗ്യാരന്ററോ നേരിട്ടോ അല്ലാതെയോ അതിന്റെ അവകാശങ്ങളോ കടമകളോ പ്രയോജനങ്ങളോ ഏതെങ്കിലും വ്യക്തിക്കോ വ്യക്തികൾക്കോ നൽകാനോ കൈമാറാനോ പാടുള്ളതല്ല.

b) വിൽപന, കൈമാറ്റം, സെക്യൂരിറ്റൈസേഷൻ, ഉത്തരവാദിത്വം എന്നിങ്ങനെ ഈ കരാറിനു കീഴിലുള്ള അവകാശങ്ങൾ, പ്രയോജനങ്ങൾ, കടപ്പാടുകൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ എല്ലാമോ ഏതെങ്കിലുമോ അത്തരം വിൽപന, നിയമനം, കൈമാറ്റം ബോറോവർ/ഗ്യാരന്ററെ അറിയിക്കാതെ തന്നെ ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ കൊടുക്കാനോ സെക്യൂരിറ്റൈസ് ചെയ്യാനോ വിൽക്കാനോ നിയമിക്കാനോ കൈമാറാനോ കമ്പനിക്ക് സമ്പൂർണ അവകാശവും പൂർണ അധികാരവും ഉണ്ടായിരിക്കുകയും, അത്തരം വിൽപന, നിയമനം, കൈമാറ്റം ഈ കരാർ പ്രകാരമുള്ള എല്ലാ കടമകളും ബോറോവറും ഗ്യാരന്ററും നിയമിതർക്ക് ചെയ്തു കൊടുക്കേണ്ടതുമാകുന്നു. പർച്ചേസറുടെ, അസൈനീയുടെ അല്ലെങ്കില് ട്രാൻസ്ഫറീയുടെ പേരില് ബോറോവർക്കെതിരെ നടപടികള് ആരംഭിക്കുന്നതിനുള്ള അതിന്റെ അവകാശം നിലനിർത്തുന്നതിന് കമ്പനിയ്ക്ക് ഒരു അവകാശം റിസർവ് ചെയ്യുന്നത് ഉൾപ്പെടെ കമ്പനി തീരുമാനിച്ചേക്കാവുന്ന രീതികളിലും വ്യവസ്ഥകള് അനുസരിച്ചും അതിന്റെ എല്ലാ അവകാശങ്ങളും താല്പര്യവും പൂർണ്ണമായോ ഭാഗികമായോ, ബോറോവറെ പരാമർശിക്കാതെ അല്ലെങ്കില് ബോറോവർക്ക് രേഖാമൂലമുള്ള അറിയിപ്പ് നല്കാതെ കമ്പനിയുടെ തീരുമാനപ്രകാരമുള്ള ഏത് മൂന്നാം കക്ഷിക്കും വില്ക്കുന്നതിന്, അസൈൻ ചെയ്യുന്നതിന് അല്ലെങ്കില് കൈമാറുന്നതിന് കമ്പനിക്ക് പരിപൂർണ്ണമായ അവകാശവും, പൂർണ്ണ ശേഷിയും അധികാരവും ഉണ്ടായിരിക്കുന്നതാണെന്ന് ബോറോവര് പ്രകടായി അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

c) ബോറോവറെക്കുറിച്ചും ബോറോവറുടെ ബാക്കിയുള്ള/ശേഷിച്ച സെക്യൂരിറ്റിയെക്കുറിച്ചും ഉള്ള വിവരങ്ങൾ ശേഖരിക്കാനും അത്തരം വ്യക്തി/കൾക്ക് അത്തരം രേഖകളും വിവരങ്ങളും വസ്തുതകളും കണക്കുകളും ലഭ്യമാക്കാനും ബോറോവർ തന്റെ റിസ്കിലും ചെലവിലും ഇതിനാൽ കമ്പനിയെ അധികാരപ്പെടുത്തുന്നു, ഇതിന്റെ ചെലവുകൾ ബോറോവർ വഹിക്കുന്നതായിരിക്കും.

## 21. ലീനും സെറ്റ്-ഓഫും:

a) കമ്പനിക്കു ചെല്ലേണ്ട ബോറോവർ/ഗ്യാരന്ററുടെ എല്ലാ പണവും ലീൻ ആയും സെറ്റ്-ഓഫ് ആയും കമ്പനിയ്ക്കുള്ള ഏത് അക്കൗണ്ടിലെങ്കിലും വെയ്ക്കാൻ കമ്പനിക്ക് അവകാശമുണ്ടായിരിക്കും. വായ്പാ അക്കൗണ്ടില് തിരിച്ചടയ്ക്കാന് ബാക്കിനില്ക്കുന്ന തുക കമ്പനി ആവശ്യപ്പെട്ടിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളില് തിരിച്ചടയ്ക്കുന്നില്ല എങ്കില്, ബോറോവറുടെയോ 2013 ലെ കമ്പനി നിയമത്തിനു കീഴില് നിർവചിച്ചിട്ടുള്ള പ്രകാരമുള്ള അയാളുടെ ബന്ധുക്കളുടെയോ അല്ലെങ്കില് പാർട്ണർമാരുടെയോ ഏത് അക്കൗണ്ടിലുമുള്ള അത്തരം ക്രെഡിറ്റ് ബാലൻസ് വായ്പാ അക്കൗണ്ടിനു കീഴിലുള്ള ഡ്യൂസിലേക്ക് ക്രമപ്പെടുത്തുന്നതാണ്. ഏതെങ്കിലും കുറവ് ഉണ്ടെങ്കിൽ കുറവുള്ള തുക കമ്പനി ബോറോവർ/ഗ്യാരന്ററുടെ പക്കൽ നിന്നും ഈടാക്കുന്നതാണ്.

b) ഇവയില് അടങ്ങിയിരിക്കുന്ന സംഗതികളൊന്നും തന്നെ ഈട് പ്രമാണങ്ങൾക്കോ, ഗ്യാരന്റീകളുടെ കത്തുകൾക്കോ അല്ലെങ്കില് അവയിലേതിലെങ്കിലുമോ അല്ലെങ്കില് ഏതു നിയമത്തിനോ കീഴിലുഉള്ള കമ്പനിയുടെ അവകാശങ്ങളെയും അധികാരങ്ങളെയും പരിമിതപ്പെടുത്തുകയോ ഹാനികരമായി ബാധിക്കുകയോ ചെയ്യുന്നതായി പരിഗണിക്കാന് പാടില്ല.

c) ബോറോവറുടെയോ / ഗ്യാരന്ററുടെയോ സെറ്റ്-ഓഫ് അല്ലെങ്കിൽ കൌണ്ടർ ക്ലെയിം ഒന്നും ഉണ്ടായിരിക്കില്ല, ഈ ഉടമ്പടി അനുസരിച്ച് ബോറോവർ ചെയ്യുന്ന എല്ലാ പേയ്മെന്റുകളും സെറ്റ്-ഓഫ് അല്ലെങ്കിൽ ഗ്യാരണ്ടി അല്ലെങ്കിൽ അവയിലേതിലെങ്കിലുമോ അല്ലെങ്കില് ഏതു നിയമത്തിനോ കീഴിലുള്ള യാതൊന്നും കൂടാതെ ചെയ്യേണ്ടതാണ്.

## 22. നഷ്ടപരിഹാരം:

ബോറാവർ/ഗ്യാരന്റർ ഇവിടെ കമ്പനിക്കു നൽകിയിരിക്കുന്ന തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ കാരണമോ കമ്പനിയുടെ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ഏതെങ്കിലും തരത്തിലുള്ള നിബന്ധനകൾ, വ്യവസ്ഥകൾ, ഉടമ്പടികൾ, വ്യവസ്ഥകൾ, ഏർപ്പാടുകൾ എന്നിവയുടെ കാര്യത്തിൽ ബോറാവർ/ഗ്യാരന്റർ കാണിക്കുന്ന ലംഘനം/ ഉപേക്ഷ/ കൃത്യവിലോപം/ പാലിക്കാതിരിക്കൽ/ നടപ്പിലാക്കാതിരിക്കൽ എന്നിവ മൂലമോ ഉണ്ടാകുന്ന എല്ലാതരം നടപടികൾ, കേസുകൾ, വ്യവഹാരങ്ങൾ എന്നിവയുടെ എല്ലാ ചെലവുകൾക്കും, ചാർജുകൾക്കും, ഇൻഷുറൻസ് പ്രീമിയം ചെലവുകൾക്കും, നാശനഷ്ടങ്ങൾക്കും ബോറാവർ/ഗ്യാരന്റർ കമ്പനിക്ക് നഷ്ടപരിഹാരം നൽകുകയും നഷ്ടം നികത്തുകയും ചെയ്യും. ബോറോവര് അടയ്ക്കേണ്ട എതു തുകയും, പ്രസ്തുത ഡ്യൂസ് ഈ കരാറിന്റെ വിഷയത്തില് വരുന്ന സംഗതിയായതിനാല്, ഈ വകുപ്പിനു കീഴില് ഉൾപ്പെടുത്താന് കമ്പനിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

## 23. നോട്ടീസ്:

ഇതിന് അനുസൃതമായി നല്കിയിട്ടുള്ള ഏത് നോട്ടീസും മുകളില് സൂചിപ്പിച്ചിട്ടുള്ള ബോറോവറുടെ മേൽവിലാസത്തിലേക്ക്/ങ്ങളിലേക്ക് അഡ്രസ്സ് ചെയ്തിട്ടുള്ള റെജിസ്റ്റർഡ് തപാല്/കുറിയർ/ടെലിഗ്രാം/ ഫാക്സിമിലി ട്രാൻസ്മിഷന്/ഇ-മെയില് വഴിയായി അല്ലെങ്കില് ബോറോവറെ ശരിയായ വിധത്തില് അറിയിച്ചുകൊണ്ട് മറ്റ് ഇലക്ട്രോണിക് രീതിയില് അയച്ചതാണെങ്കില്, ശരിയായ രീതിയില് നല്കുകയും സെർവ് ചെയ്യുകയും ചെയ്തിട്ടുള്ളതായി പരിഗണിക്കേണ്ടതും, അത്തരം നോട്ടീസ് അത് പോസ്റ്റ് ചെയ്തതിന്റെ തിയതിയെ തുടർന്നുള്ള മൂന്നാമത്തെ പ്രവൃത്തി ദിവസത്തില് അല്ലെങ്കില് കൈപ്പറ്റിയതിന്റെ യഥാർത്ഥ തീയതിയില്, ഇവയിലേതാണോ ആദ്യം, അന്നു പ്രാബല്യത്തിലായതായി പരിഗണിക്കേണ്ടതുമാണ്.

## 24. വിലകളും ചെലവുകളും:

ഈ കരാറിനോടനുബന്ധിച്ചുള്ളതോ ഇതിൻപ്രകാരമുള്ളതോ ആയ രേഖകളുടെയും ഏതെങ്കിലും ജാമ്യവസ്തുവിന്റെ നിർമ്മാണം, നിർവ്വഹണം, സാക്ഷാത്കരണം അല്ലെങ്കിൽ സാക്ഷാത്കരണശ്രമങ്ങൾ എന്നിവയുടെയും എല്ലാ ചെലവുകളും (വക്കീൽ ഫീസ് ഉൾപ്പെടെ) ചാർജുകൾ, ചെലവുകളും, നികുതികളും, ഡ്യൂട്ടികളും (സ്റ്റാമ്പ് ഡ്യൂട്ടികൾ ഉൾപ്പെടെ) ബോറാവർ/ഗ്യാരന്റർ വഹിക്കുകയും നൽകുകയും ചെയ്യുന്നതാണ്. നിയമനടപടിച്ചെലവുകൾ ഉൾപ്പെടെ കമ്പനിക്കു ചെല്ലേണ്ട ഇൻസ്റ്റാൾമെൻറുകളോ മറ്റു തുകകളോ വാങ്ങുന്നതിനോ വാങ്ങാൻ ശ്രമിക്കുന്നതിനോ കമ്പനിക്കോ അതിന്റെ പ്രതിനിധികൾക്കോ ഉണ്ടാകുന്ന ചെലവുകൾ കമ്പനിക്കു നൽകാൻ ബോറാവർ/ഗ്യാരന്റർ ബാധ്യസ്ഥനാണ്.

കമ്പനിയുടെ ഡിമാന്റ് നോട്ടീസ് തിയതി മുതൽ 3 ദിവസത്തിനുള്ളിൽ കമ്പനിയ്ക്കുണ്ടായ എല്ലാ ചെലവുകളും ബോറാവർ/ഗ്യാരന്റർ നൽകുന്നതാണ്. പ്രസ്തുത തുകകൾക്ക് പേയ്മെന്റിന്റെ തീയതി മുതല് തിരിച്ചടയ്ക്കുന്ന തീയതി വരെ, വീഴ്ച്ചവരുത്തലിനു ചുമത്തുന്ന അതേ നിരക്കില് പലിശ ഉണ്ടായിരിക്കുന്നതാണ്

## 25. ഒഴിവാക്കല്:

ഈ കരാർ പ്രകാരമോ കമ്പനിയുടെ മറ്റേതെങ്കിലും കരാർ അല്ലെങ്കിൽ രേഖ അല്ലെങ്കിൽ സമ്മതം അനുസരിച്ചോ., കമ്പനിയുടെ അവകാശങ്ങൾ, അധികാരം അല്ലെങ്കിൽ പ്രതിവിധി എന്നിവ നടപ്പാക്കാനോ നടപ്പാക്കൽ ഒഴിവാക്കാനോ വരുന്ന കാലതാമസം കമ്പനിയുടെ അവകാശം, അധികാരം അല്ലെങ്കിൽ പ്രതിവിധി എന്നിവയ്ക്ക് തടസ്സം നിൽക്കുകയോ അവ ഒഴിവാക്കുന്നതിന് മൗനാനുവാദം നൽകുകയോ കൃത്യവിലോപമോ അനുമതിയോ സംബന്ധിച്ച കമ്പനിയുടെ പ്രവൃത്തികളോ നിഷ്ക്രിയത്വമോ

സ്വമേധയാ യാതൊരു പ്രകാരത്തിലും കമ്പനിയുടെ അവകാശങ്ങൾ, അധികാരം അല്ലെങ്കിൽ പ്രതിവിധി എന്നിവയെ ബാധിക്കുകയോ തടസ്സപ്പെടുത്തുകയോ ഇല്ല.

**26. നടപ്പിലാക്കൽ:**

ഈ കരാറില് പറഞ്ഞിരിക്കുന്ന ഒന്നോ അതിലധികമോ വ്യവസ്ഥകള് അസാധുവോ നടപ്പിലാക്കാനാവാത്തതോ ആണെങ്കില്, കരാറിലെ ശേഷിക്കുന്ന വ്യവസ്ഥകള്, എന്നിരുന്നാലും, നടപ്പിലാക്കാനാവുന്നതായിരിക്കുന്നതാണ് എന്നും, കൂടാതെ നിയമം അനുവദിക്കുന്ന പരിധിയോളവും, അസാധുവായിരിക്കുന്നതോ നടപ്പിലാക്കാനാവാത്തതോ ആയിരിക്കുന്ന ഏത് അവകാശത്തിലോ വ്യവസ്ഥയിലോ കക്ഷികളുടെ ഉദ്ദേശ്യം പ്രതിഫലിക്കുന്നതു പോലെയും, പ്രാബല്യം നലകേണ്ടതാണ് എന്നും സമ്മതിക്കുന്നു.

**27. ക്രെഡിറ്റ് വിവരം:**

a) പിൻവരുന്നവ എല്ലാം അല്ലെങ്കിൽ ആവശ്യമായവ വെളിപ്പെടുത്തുന്നതിന് ബോറാവർ/ഗ്യാരന്റർ ഇതിനാൽ സമ്മതം നൽകുന്നു;

i) ബോറാവർ/ഗ്യാരന്ററെ സംബന്ധിച്ച് വിവരങ്ങളും വസ്തുതകളും;

ii) ബോറാവർ/ഗ്യാരന്റർ നേടിയ/നേടാൻ ഉദ്ദേശിക്കുന്ന വായ്പ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങളും വസ്തുതകളും;

iii) ബോറാവർ/ഗ്യാരന്റർ തന്റെ ബാധ്യതകൾ നിറവേറ്റുന്നതിൽ വരുത്തിയ എന്തെങ്കിലും വീഴ്ചകൾ, കമ്പനി ഉചിതമെന്നും ആവശ്യമെന്നും കാണുന്നപക്ഷം, ഇതിനോടുള്ള ബന്ധത്തിൽ RBI അധികാരപ്പെടുത്തിയ വായ്പാ വിവര കമ്പനി/കൾ അല്ലെങ്കിൽ ഏജൻസി/കൾ എന്നിവയോടു വെളിപ്പെടുത്താനും നൽകാനും;

b) അത്തരം അംഗീകാരമുള്ള വായ്പാ വിവര കമ്പനി/കൾ അല്ലെങ്കിൽ ഏജൻസി/കൾ എന്നിവയ്ക്ക് ബോറാവർ/ഗ്യാരന്റർ ഉറപ്പു കൊടുക്കുന്നു,

i) കമ്പനി വെളിപ്പെടുത്തിയ അത്തരം വിവരങ്ങൾ അവർ ഉചിതമെന്നു കാണുന്ന വിധത്തിൽ ഉപയോഗിക്കാനും മാറ്റിയെടുക്കാനും

ii) തങ്ങൾ തയ്യാറാക്കിയ വിവരങ്ങളും വസ്തുതകളും സാമഗ്രികളും ഇക്കാര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം, ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് വായ്പാ സ്ഥാപനങ്ങൾ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾക്ക് പരിഗണനയ്ക്കായി നൽകാനും. ബോറാവർ/ഗ്യാരന്ററിനെ സംബന്ധിച്ച എല്ലാ അല്ലെങ്കിൽ ഏതു വിവരങ്ങളും കമ്പനിയുടെ ഗ്രൂപ്പ് കമ്പനികളോടോ സബ്സിഡിയറീസിനോടോ കമ്പനി ഉചിതമെന്നു കാണുന്ന ആരോടുമോ വെളിപ്പെടുത്തുന്നതിന് ബോറാവർ/ഗ്യാരന്റർ ഇതിനാൽ കൂടുതലായ സമ്മതം നൽകുന്നു.

**28. പലവക:**

a) ഏത് നിബന്ധനകളും വ്യവസ്ഥകളും (പലിശ നിരക്ക്, അധിക പലിശ നിരക്ക്, പ്രീക്ലോഷറിന് ചുമത്തുന്ന ബാധകമായ നിരക്കുകള് എന്നിവയും ഈ കരാറിനു കീഴില് ചുമത്തുന്ന മറ്റേത് ചാർജുകളും ഉൾപ്പെടെ) പിൽക്കാല പ്രാബല്യത്തോടെ വ്യത്യാസപ്പെടുത്തുന്നതിന്, ഭേദഗതി ചെയ്യുന്നതിന് അല്ലെങ്കില് പുതുക്കുന്നതിനുള്ള അവകാശം കമ്പനിയില് നിക്ഷിപ്തമായിരിക്കുന്നതും, നിബന്ധനകളിലെയും വ്യവസ്ഥകളിലെയും ഏതു മാറ്റങ്ങളും അതിന് ഉചിതമെന്നു തോന്നുന്ന ഏത് രീതിയിലും ബോറോവറെ അറിയിക്കുന്നതുമാണ്.

b) ബോറാവർ/ഗ്യാരന്ററുടെ വിലാസത്തിൽ വരുന്ന ഏതു മാറ്റവും അത്തരം മാറ്റത്തിന്റെ 4 ദിവസത്തിനുള്ളിൽ കമ്പനിയെ എഴുതി അറിയിച്ചിരിക്കണം.

c) ഈ ഉടമ്പടി ഇന്ത്യയിലെ നിയമങ്ങൾ അനുസരിച്ച് നിയന്ത്രിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും.

d) രണ്ടോ അതിലധികമോ ബോറാവർമാർ ഉണ്ടെങ്കിൽ, ഈ കരാറിനു കീഴിലുള്ള ബാധ്യതകൾ സംയുക്തവും വെവ്വേറെയും ആയിരിക്കും.

e) ബോറാവറും ഗ്യാരന്ററും എല്ലാ എഴുത്തുകുത്തുകളിലും, കരാർ നമ്പർ ഉദ്ധരിക്കേണ്ടതാണ്.

f) ഈ കരാറിനു കീഴില് കമ്പനിയ്ക്കുള്ള എല്ലാ പരിഹാരങ്ങളും, അവ ഇതില് പ്രദാനം ചെയ്തിട്ടുള്ളതാണെങ്കിലും, നിയമനിർമ്മാണം, സിവില് നിയമം, കോമണ് ലോ, സമ്പ്രദായങ്ങള്, വ്യാപാരം അല്ലെങ്കില് പ്രയോഗം വഴിയായി സിദ്ധിച്ചതായാലും, സഞ്ചിതമായിരിക്കുന്നതും, ബദല് അല്ലാതിരിക്കുന്നതും, അവ ക്രമബദ്ധമായി അല്ലെങ്കില് ഒരേസമയത്ത് നടപ്പിലാക്കുന്നതുമാണ്.

g) ഈ കരാറില്, പശ്ചാത്തലം അല്ലെങ്കില് അവയുടെ അർത്ഥം മറ്റൊരു വിധത്തില് ആവശ്യപ്പെടുന്നില്ല എങ്കില്:

i) ഏകവചനത്തില് ബഹുവചനവും, മറിച്ചും ഉൾപ്പെടുന്നു.

ii) പുല്ലിംഗത്തെ കുറിക്കുന്ന പദങ്ങളില് സ്ത്രീലിംഗവും നപുംസകലിംഗവും ഉൾപ്പെടുന്നതാണ്.

iii) അയാള്, അവര്, അത്, അവരുടെ മുതലായ സർവ്വനാമങ്ങള്, സമാനഗുണമുള്ള വകഭേദങ്ങള് പരസ്പരം മാറ്റത്തക്കവിധത്തില് ഉപയോഗിക്കുകയും പശ്ചാത്തലത്തിന് അനുസൃതമായി വ്യാഖ്യാനിക്കുകയും ചെയ്യേണ്ടതാണ്.

iv) ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന പദങ്ങളില് ഒരു വ്യക്തി, കോർപറേഷന്, കമ്പനി, പാർട്ണർഷിപ്പ് സ്ഥാപനം, ട്രസ്റ്റ് അല്ലെങ്കില് മറ്റൊരു എന്റിറ്റി ഉൾപപെടുന്നതാണ്.

v) ശീർഷകങ്ങള് റഫറൻസിനു മാത്രമുള്ളതാണ്.

h) ബോറാവർ/ഗ്യാരന്റർ പാർട്ണർഷിപ് സ്ഥാപനം/കമ്പനി/HUF ആയിരിക്കുമ്പോൾ അവരുടെ രൂപസംവിധാനത്തിൽ വരുന്ന വ്യതിയാനങ്ങൾ ഈ കരാറിന്റെ പ്രാബല്യാവസ്ഥയിൽ ബോറാവർ/ഗ്യാരന്ററുടെ ബാധ്യതകൾ അസാധുവാക്കുകയോ വിമുക്തമാക്കുകയോ ചെയ്യില്ല.

**29. മാദ്ധ്യസ്ഥം:** ഈ കരാർ നിലനിൽക്കുമ്പോഴോ അതിനു ശേഷമോ ഇതിൽ നിന്ന് ഉണ്ടാകുന്ന എല്ലാ വ്യത്യാസങ്ങളും തർക്കങ്ങളും, ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട്. 1996 ലെയോ നിയമപരമായ പിൽകാല ഭേദഗതികളിലെയോ വ്യവസ്ഥകൾക്കു വിധേയമായി മദ്ധ്യസ്ഥത മുഖാന്തരം പരിഹരിക്കപ്പെടേണ്ടതും കമ്പനി നാമനിർദ്ദേശം ചെയ്യുന്ന ഒരു ആർബിട്രേറ്ററുടെ മാത്രം മദ്ധ്യസ്ഥതയ്ക്കു വിടുന്നതുമാണ്. അത്തരം ആർബിട്രേറ്റര് അനുവദിക്കുന്ന അവാർഡ് അന്തിമവും ഈ കരാറിലെ എല്ലാ കക്ഷികൾക്കും ബാധകമായിരിക്കുന്നുതുമാണ്. നിയമിക്കപ്പെടുന്ന ആർബിട്രേറ്റര് മരിക്കുകയോ ഏതെങ്കിലും കാരണത്താല് ആർബിട്രേറ്ററായി പ്രവർത്തിക്കാന് കഴിയാതിരിക്കുകയോ സന്നദ്ധമല്ലാതിരിക്കുകയോ ചെയ്യുകയാണെങ്കില്, കമ്പനി, ആ ആർബിട്രേറ്ററുടെ മരണത്തോടെ അല്ലെങ്കില് ആർബിട്രേറ്ററായി പ്രവർത്തിക്കാന് അയാൾക്ക് കഴിയാതിരിക്കുകയോ സന്നദ്ധമല്ലാതിരിക്കുകയോ ചെയ്യുന്നതോടെ, മറ്റൊരു വ്യക്തിയെ ആർബിട്രേറ്ററായി പ്രവർത്തിക്കുന്നതിന് നിയമിക്കേണ്ടതാണ്. അത്തരം വ്യക്തിക്ക് മുൻഗാമി അവശേഷിപ്പിച്ച നിലയിൽ നിന്ന് തുടരാൻ അർഹതയുണ്ടായിരിക്കും. ആർബിട്രേഷൻ നടപടികളുടെ കേന്ദ്രം ചെന്നൈയിലോ അല്ലെങ്കിൽ കമ്പനി അതിന്റെ വിവേചനാധികാരത്തിൽ സമയാസമയങ്ങളിൽ തീരുമാനിക്കുന്ന മറ്റ് സ്ഥലമോ/ പ്രദേശമോ/ നഗരമോ ആയിരിക്കും.

**30.** **അധികാരപരിധി:** ഈ കരാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിരിക്കുന്നത് ചെന്നൈയിൽ ഉള്ള കമ്പനിയാണ്, ഇതിലുള്ള എല്ലാ ഉടമ്പടികളും, നിബന്ധനകളും വ്യവസ്ഥകളും, പണം കൊടുക്കൽ ഉൾപ്പെടെ, നിരീക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും ചെന്നൈയിൽ ആയിരിക്കും, ഇതിൽ പ്രസ്താവിച്ചിരിക്കുന്ന ആർബിട്രേഷൻ വ്യവസ്ഥയ്ക്കു വിധേയമായി, ഈ കരാറിനെ സംബന്ധിക്കുന്നതോ ഇതിൽ നിന്ന് ഉടലെടുക്കുന്നതോ ആയ ഏതൊരു കാര്യത്തിലും ചെന്നൈയിലെ കോടതികൾക്ക് മാത്രമേ നിയമാധികാരം ഉണ്ടായിരിക്കൂ എന്നും ബോറോവറും ഗ്യാരന്ററും സുവ്യക്തമായി അംഗീകരിക്കുന്നു.

**31.** **സമ്മതപത്രം:** ബോറോവറും ജാമ്യക്കാരനും ചുവടെ പറയും പ്രകാരം ഇതിനാല് പ്രസ്താവിക്കുന്നു: തങ്ങളുടെ സാന്നിദ്ധ്യത്തില് പൂരിപ്പിച്ച ഷെഡ്യൂളില്(ുകളില്) നല്കിയിരിക്കുന്ന വസ്തുതാപരമായ വിശദാംശങ്ങള് ഉൾപ്പെടെ കരാര് തങ്ങള് പൂർണ്ണമായും വായിച്ചു എന്നും, എല്ലാ വകുപ്പുകളുടെയും/വിശദാംശങ്ങളുടെയും പൂർണ്ണമായ അർത്ഥം മനസ്സിലാക്കി കൂടാതെ അവ തങ്ങൾക്ക് ബാധകമായിരിക്കുന്നതുമാണ്. പ്രസ്തുത സൗകര്യം ലഭ്യമാകുക എന്ന ഉദ്ദേശ്യത്തിന് ആവശ്യമായ പ്രമാണങ്ങള് അവര് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്. ഈ കരാറും മറ്റു പ്രമാണങ്ങളും തങ്ങൾക്ക് മനസ്സിലാകുന്ന ഒരു ഭാഷയില് തങ്ങൾക്ക് വിശദീകരിച്ചു നല്കിയിട്ടുണ്ട്, കൂടാതെ പ്രാദേശിക ഭാഷയില് അച്ചടിച്ചിട്ടുള്ള ഈ വായ്പയുടെ പ്രധാന വിശദാംശങ്ങളും തങ്ങൾക്ക് ലഭിച്ചിട്ടുണ്ട്, കൂടാതെ അവര് അതില് തൃപ്തരാണ്. ഈ കരാറിന്റെ പ്രാദേശിക ഭാഷയിലുള്ള പതിപ്പിലെ പദത്തിന്റെ/പദങ്ങളുടെ കൂടാതെ/അല്ലെങ്കില് വകുപ്പിന്റെ/വകുപ്പുകളുടെ അർത്ഥം/വ്യാഖ്യാനം അതിന്റെ ഇംഗ്ലീഷ് പതിപ്പിന്റേതുമായി പൊരുത്തക്കേടിലാണെങ്കില്, ഇംഗ്ലീഷ് പതിപ്പിലെ പദത്തിന്/പദങ്ങൾക്ക് കൂടാതെ/അല്ലെങ്കില് വകുപ്പിന്/വകുപ്പുകൾക്ക് ആയിരിക്കും പ്രാബല്യമുണ്ടാവുക.
കമ്പനിയുടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ഈ കരാറില് ഒപ്പു വയ്ക്കുന്ന തീയതിയില് ഈ കരാര് തീർപ്പാകുന്നതാണെന്നും നിയമപരമായി അനുസരിക്കേണ്ടത് ആകുന്നതാണെന്നും അവര് സമ്മതിക്കുന്നു.

**ഈ കരാറിൽ ഏർപ്പെട്ടിരിക്കുന്ന കക്ഷികൾ താഴെപ്പറയുന്ന ഷെഡ്യൂൾ പ്രകാരമുള്ള തീയതി, മാസം, വർഷം, പിൻവരുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ ഇതിൽ ഒപ്പുവച്ചിരിക്കുന്നു.**

| | | |
|---|---|---|
| ഒപ്പിട്ടു കൈമാറി<br>പേരു വെച്ചിട്ടുള്ള | ഒപ്പിട്ടു കൈമാറി<br>പേരു വെച്ചിട്ടുള്ള | ഒപ്പിട്ടു കൈമാറി<br>പേരു വെച്ചിട്ടുള്ള |
| ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിനു വേണ്ടി | ബോറോവർ | ഗ്യാരന്റർ |
| അംഗീകൃത കൈയൊപ്പുകാരൻ | കോ-ബോറോവർ | |

## ഷെഡ്യൂൾ

കോ-ബോറോവർഗ്യാരന്റർ

കുറിപ്പ്: ഇതില് മുകളില് വ്യക്തമാക്കിയിരിക്കുന്ന നികുതി വിധേയമായ തുകകൾക്കു മേല് കാലാകാലങ്ങളില് ഭേദഗതി ചെയ്യുന്ന പ്രകാരമുള്ള ചരക്കു സേവന നികുതി (ജി.എസ്.ടി.) ഉൾപ്പെടെയുള്ളതും എന്നാല് അതില് മാത്രം പരിമിതപ്പെട്ടിട്ടില്ലാത്തതുമായ ബാധകമായ എല്ലാ നികുതികളും, ഡ്യൂട്ടികളും, ലെവികളും, സർച്ചാർജുകളും, സെസ്സും അധികമായി ചാർജ് ചെയ്യുന്നതാണ്.

ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിനു വേണ്ടി

ബോറോവർ

ഗ്യാരന്റർ

അംഗീകൃത കൈയൊപ്പുകാരൻ

കോ-ബോറോവർ

# <u>മാറ്റാനാകാത്ത പവർ ഓഫ് അറ്റോർണി</u>

ആരെ ഉദ്ദേശിച്ചാണോ അവർക്ക് ഞാൻ/ഞങ്ങൾ

ന്റെ മകൻ/മകൾ/ഭാര്യ

(ശേഷമുള്ള ഭാഗത്ത് ബോറോവർ എന്നു വിളിച്ചിരിക്കുന്നു, ഇതിൽ ടിയാന്റെ അനന്തരാവകാശികൾ, നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ, തൽപര പ്രതിനിധികൾ, അധികാരികൾ, പിൻതുടർച്ചക്കാർ എന്നിവർ ഉൾപ്പെടും)അല്ലെങ്കിൽ

ൽ രജിസ്ട്രേഡ് ഓഫീസ് ഉള്ള ഇന്ത്യൻ കമ്പനി നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ട ഒരു കമ്പനി (ശേഷമുള്ള ഭാഗത്ത് ബോറോവർ എന്നു വിളിച്ചിരിക്കുന്നു, ഇതിൽ അതിന്റെ പിൻതുടർച്ചക്കാരും അധികാരികളും ഉൾപ്പെടും

അല്ലെങ്കിൽ

M/s. ചേർന്നും തമ്മിലും രൂപീകരിച്ച, മേധാവി ഉള്ള ഒരു പാർട്ണർഷിപ് സ്ഥാപനം

ൽ ഇടപാടുകേന്ദ്രം ഉള്ള

Mr/Mrs.

കൂടാതെ

(ശേഷമുള്ള ഭാഗത്ത് ബോറോവർ എന്നു വിളിച്ചിരിക്കുന്നു, ഇതിൽ പ്രസ്തുത സ്ഥാപനത്തിന്റെ പങ്കാളികൾ, അവരുടെ അവകാശി അല്ലെങ്കിൽ അവകാശികൾ, അവസാന അവകാശിയുടെ അനന്തരാവകാശികൾ, നടത്തിപ്പുകാർ, കാര്യനിർവ്വാഹകർ എന്നിവർ ഉൾപ്പെടും)

ആശംസകൾ അയക്കുക

M/s. ഡയർ ഹൗസ്' നം.2, എൻ.എസ്.സി. യിൽ രജിസ്ട്രേഡ് ഓഫീസ് ഉള്ള ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് ബോസ് റോഡ്, പാരീസ്, ചെന്നൈ-600 001, (ശേഷമുള്ള ഭാഗത്ത് "കമ്പനി" എന്നു പരാമർശിച്ചിരിക്കുന്നു) എനിക്ക്/ഞങ്ങൾക്ക് രൂ. അനുവദിച്ചുതന്നിരിക്കുന്നു ഞാനും/ഞങ്ങളും കമ്പനിയും തമ്മിൽ ചെയ്തിരിക്കുന്ന/ചെയ്യാനിരിക്കുന്ന വായ്പാ കരാറിലെ നിബന്ധനകൾക്കു വിധേയമായി വായ്പയായി

കൂടാതെ, വായ്പാ കരാറനുസരിച്ച് ഞാൻ/ഞങ്ങൾ കമ്പനിക്കു നൽകേണ്ട വായ്പാ പലിശ, മറ്റു ചാർജുകൾ എന്നിവയുടെ തിരിച്ചടവിനുള്ള ജാമ്യവസ്തു എന്ന നിലയിൽ തീയതിയിലെ വായ്പാ കരാർ വ്യവസ്ഥയിൽ വിവരിച്ചിരിക്കുന്ന ആസ്തി (ശേഷമുള്ള ഭാഗത്ത് "ആസ്തി"എന്നു പരാമർശിച്ചിരിക്കുന്നു) പണയപ്പെടുത്താനും കമ്പനിക്ക് ആസ്തിയുടെ മേൽ അധികാരം നൽകാനും ഞാൻ/ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

കൂടാതെ, വായ്പാ കരാറിൻ കീഴിൽ കമ്പനിയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പിൻവരുന്ന കൃത്യങ്ങൾ, ചെയ്തികൾ പ്രവൃത്തികൾ, കാര്യങ്ങൾ എന്നിവ ചെയ്യുന്നതിന് ഉതകും വിധം കമ്പനിയ്ക്കു വേണ്ടി ഒരു മാറ്റാനാകാത്ത പവർ റ്റു അറ്റോർണി നടത്തിക്കൊടുക്കാനും ഞാൻ/ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.

1) ചുവടെ ഒപ്പിട്ടയാൾ കമ്പനിയിൽ നിന്നു വായ്പ തേടുന്നതിനു നൽകിയ പലവിധ പ്രസ്താവനകളുടെ സത്യത ഉറപ്പുവരുത്താനായി തൻവർഷത്തെയും മുൻവർഷങ്ങളിലെയും എന്റെ/ഞങ്ങളുടെ ആദായ നികുതി റിട്ടേൺ/കൾ, വിലയിരുത്തൽ നടപടികൾ, അപ്പീൽ നടപടികൾ മുതലായവ നേരിട്ട് പരിശോധന നടത്തുകയോ അല്ലെങ്കിൽ വക്കീൽ, ചാർട്ടഡ് അക്കൗണ്ടന്റ് അല്ലെങ്കിൽ റജിസ്റ്റർഡ് ട്രേഡ് പ്രാക്ടീഷണർ എന്നിവരെ നിയോഗിക്കുകയോ ചെയ്യാൻ.

2) കമ്പനി ആവശ്യമെന്നു കാണുന്നപക്ഷം, എന്റെ / ഞങ്ങളുടെ തൊഴിൽ ദാതാവിൽ നിന്നും / അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയിൽ നിന്നും ആവശ്യമുള്ള വിവരങ്ങൾ ലഭിക്കുന്നതിന്

3) കമ്പനിയുടെ ആവശ്യമനുസരിച്ച്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹൈപ്പോത്തിക്കേഷൻ സാക്ഷ്യപ്പെടുത്തുന്നതിനോ ആസ്തി/ വാഹനം കൈമാറ്റം ചെയ്യലിനോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിനു മുന്നിൽ ഹാജരാകാനും കൂടാതെ അഭിഭാഷകർ വഴിയോ അല്ലെങ്കിൽ അത്തരം അംഗീകൃത വ്യക്തികൾ വഴിയോ സെയിൽസ് ടാക്സ് ഓഫീസർ, മറ്റ് അധികാരികൾ എന്നിവരുടെ മുമ്പാകെ ഹാജരാകാനും.

4) വായ്പാ ഉടമ്പടി പ്രകാരം നിബന്ധനകൾക്ക് വിധേയമായി, എന്റെ അറ്റോർണി അത്തരം സാഹചര്യങ്ങളിൽ അനുയോജ്യമെന്ന് കാണുന്നതുപോലെ ആസ്തി നിലനിർത്താനോ കൈകാര്യം ചെയ്യാനോ.

5) കൈമാറ്റം, വിൽപ്പന അല്ലെങ്കിൽ മറ്റേതെങ്കിലും ക്രയവിക്രയം എന്നിവ പ്രാബല്യത്തിൽ വരുത്തുന്നതിന് ആവശ്യമുള്ളതോ പ്രയോജനകരമോ ആയ എല്ലാ കരാറുകളും പ്രസ്താവനകളും ഉപകരണങ്ങളും ഫോമുകളും ഒപ്പുവയ്ക്കാനും വിൽക്കുകയോ കൈമാറുകയോ ഒഴിവാക്കുകയോ ചെയ്യാൻ.

6) ആസ്തി ഡെലിവറി ചെയ്യാനും അതിന് ആവശ്യമായ രേഖകൾ നടപ്പിലാക്കാനും.

7) അത്തരം വിൽപന, കൈമാറ്റം അല്ലെങ്കിൽ ഏർപ്പാടിന്റെ ഗുണഫലം ലഭിക്കുന്നതിനും, സാധുതയുള്ള രസീതും ഡിസ്ചാർജും നൽകുന്നതിനും, അറ്റോർണി ഉചിതമെന്നു കരുതുന്ന ക്രമീകരണങ്ങൾ ചെയ്യുന്നതിനും.

8) സാഹചര്യമനുസരിച്ച്, ഏതെങ്കിലും കൈമാറ്റം, വില്പന, ക്രയവിക്രയം നടത്താനായി ഏതെങ്കിലും ബ്രോക്കറെ നിയമിക്കാൻ അല്ലെങ്കിൽ ഇടപെടുത്താൻ.

9) വിൽപ്പനയെ തുടർന്ന് ആസ്തി റജിസ്റ്റർ ചെയ്യുവാനായി ഉചിതമായ അധികാരിക്ക് നോട്ടീസ് നല്കുന്നതിന്.

10) കമ്പനി ആവശ്യമെന്നു കാണുമ്പോൾ ആസ്തി കൈമാറുകയും കൈപ്പറ്റുകയും ചെയ്യുന്നതിന്.

11) ഏതെങ്കിലും കാരണത്താൽ വായ്പ തുക തിരിച്ചെടുക്കാൻ കമ്പനി തീരുമാനിക്കുന്നപക്ഷം നിർമ്മാതാവും ഡീലറുമായി ബന്ധപ്പെട്ട് വാഹന ബുക്കിംഗ് റദ്ദാക്കുകയും ബുക്കിംഗ് തുകയോ മറ്റേതെങ്കിലും ഡെപ്പോസിറ്റോ നിർമ്മാതാവിന്റെയോ ഡീലറുടെയോ പക്കൽ നിന്നു സ്വീകരിച്ച് കമ്പനിയിൽ ഉള്ള എന്റെ കടം തീർക്കുന്നതിന് അത് ഉപയോഗിക്കുകയും ചെയ്യാൻ.

12) ഏജന്റുമാരെ നിയമിക്കുന്നതിനും അത്തരം ഏജന്റുമാരെ കമ്പനി അനുയോജ്യമെന്നു കരുതുന്ന അധികാരങ്ങൾ ഏൽപ്പിക്കുന്നതിനും കമ്പനി അനുയോജ്യമെന്ന് കാണുന്നപക്ഷം ഇതിൽ പറഞ്ഞിരിക്കുന്ന ഏത് അധികാരവും അപ്രകാരം നിയമിച്ച ഏജന്റുമാർക്ക് അനുവദിച്ചു കൊടുക്കുന്നതിനും.
ഇക്കാര്യങ്ങളോടു ബന്ധപ്പെട്ട് സാധാരണയായി ഞാൻ/ഞങ്ങൾ ചെയ്യുന്നതോ, പ്രവൃത്തിക്കുന്നതോ, നടപ്പിലാക്കുന്നതോ ആയ എല്ലാ പ്രവൃത്തികളും, , കാര്യങ്ങളും, സംഗതികളും എന്റെ മേൽപ്പറഞ്ഞ അറ്റോർണി ഉചിതമെന്നു കാണും വിധം പൂർണ്ണമായും ഫലപ്രദമായും ഞാൻ/ഞങ്ങൾ വ്യക്തിപരമായി ചെയ്യുന്നതോ, പ്രവൃത്തിക്കുന്നതോ, നടപ്പിലാക്കുന്നതോ പോലെ തന്നെ ചെയ്യുന്നതിനും.

ബോറോവർ

കൂടാതെ, കമ്പനിയുടെ എല്ലാ അവകാശങ്ങളും അനുവർത്തിച്ചു അംഗീകരിക്കുന്നതിനും, അതുവഴി കമ്പനിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ അനുഷ്ഠിക്കുന്നതിനായി, ചെയ്യുന്നതും, ചെയ്യാൻ ഇടയാക്കുന്നതും ആയ എല്ലാം സ്ഥിരീകരിക്കാനും ഉറപ്പിക്കാനും ഞാൻ/ഞങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

ഈ നിയമത്തിലെ വകുപ്പുകളുമായി ബന്ധപ്പെട്ട്, കമ്പനിയ്ക്കനുകൂലമായി നടപ്പിലാക്കിയ പവർ ഓഫ് അറ്റോർണി മാറ്റാനാകാത്തതാണെന്നും ഈ നിർദ്ദിഷ്ട വ്യവസ്ഥകളുമായി ബന്ധപ്പെട്ട് ഞാൻ/ഞങ്ങൾ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി, സംഗതി അല്ലെങ്കിൽ കാര്യം, ഞാൻ പ്രവർത്തിച്ച പ്രവൃത്തി, സംഗതി അല്ലെങ്കിൽ കാര്യം എന്നിവയെ അസാധുവാക്കുന്നുവെന്നും ഞാൻ/ഞങ്ങൾ ഉറപ്പു തരുന്നു.

ഈ പവർ ഓഫ് അറ്റോർണി അനുവദിക്കുന്നതിന് പ്രിൻസിപ്പലും അറ്റോർണിയും തമ്മിൽ യാതൊരു പരിഗണനയും കൈമാറിയിട്ടില്ല.

പ്രസ്താവിത തീയതിയിൽ സാക്ഷികൾ മുമ്പാകെ ഞാൻ/ഞങ്ങൾ എന്റെ/ഞങ്ങളുടെ കൈകളാൽ

പേർ പറഞ്ഞിരിക്കുന്ന ഒപ്പിട്ടു കൈമാറിയിരിക്കുന്നു

Mr/Ms/Mrs

ബോറോവർ

ഈ തിയതി

രുടെ സാന്നിധ്യത്തിൽസാക്ഷി:
പേർ:
വിലാസം:

<u>PSA ഡിക്ലറേഷൻ ഫോം</u>

തീയതി:

സ്വീകർത്താവ്
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ്
കമ്പനി ലിമിറ്റഡ് ചെന്നൈ

പ്രിയപ്പെട്ട സര്

(a) എനിക്ക്/ഞങ്ങൾക്ക് ________________________________________ പ്ലാന്റും യന്ത്രങ്ങളും (സ്ഥലം, കെട്ടിടം, ഫർണിച്ചർ, ഫിറ്റിംഗുകൾ തുടങ്ങിയവ കൂടാതെയുള്ള പ്രാഥമിക ചെലവുകൾ) ആയുള്ള നിക്ഷേപം ഞാൻ/ഞങ്ങൾ നടത്തുന്ന (ഉൽപ്പാദക) സ്ഥാപനം ഇതിനാൽ സ്ഥിരീകരിക്കുന്നു, രൂ ______________________________

(b) എനിക്ക്/ഞങ്ങൾക്ക് പ്ലാന്റും യന്ത്രങ്ങളും (സ്ഥലം, കെട്ടിടം, ഫർണിച്ചർ, ഫിറ്റിംഗുകൾ തുടങ്ങിയവ കൂടാതെയുള്ള പ്രാഥമിക ചെലവുകൾ) ആയുള്ള നിക്ഷേപം, സേവനങ്ങൾ നൽകാൻ/കൊടുക്കാൻ പ്രവർത്തിക്കുന്ന ഞാൻ/ഞങ്ങൾ നടത്തുന്ന________________________________________ (സേവന) സ്ഥാപനം ഇതിനാൽ സ്ഥിരീകരിക്കുന്നു, രൂ. ____________________________________

(c) എനിക്ക്/ഞങ്ങൾക്ക് പ്ലാന്റും യന്ത്രങ്ങളും (സ്ഥലം, കെട്ടിടം, ഫർണിച്ചർ, ഫിറ്റിംഗുകൾ തുടങ്ങിയവ കൂടാതെയുള്ള പ്രാഥമിക ചെലവുകൾ) ആയുള്ള നിക്ഷേപം, ചെറുകിട റോഡ്, ജല ഗതാഗത പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഞാൻ/ഞങ്ങൾ നടത്തുന്ന__________________________________ (SRTO) സ്ഥാപനം ഇതിനാൽ സ്ഥിരീകരിക്കുന്നു, രൂ. ________________________

വാങ്ങാൻ ഉദ്ദേശിക്കുന്നവ ഉൾപ്പെടെ ഞങ്ങൾക്കുള്ള ആകെ വാഹനങ്ങളുടെ എണ്ണം ഞങ്ങൾ സ്ഥിരീകരിക്കുന്നു, അത്.

മേൽപ്പറഞ്ഞ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നിങ്ങൾ പരിഗണിക്കാൻ സമ്മതിച്ചത് ഈ പ്രാതിനിധ്യത്തിന്റെയും പ്രഖ്യാപനത്തിന്റെയും സ്ഥിരീകരണത്തിന്റെയും വിശ്വാസ്യതയിലാണെന്നു ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു. നിങ്ങളുടെ ലെൻഡിംഗ് ബാങ്കിന് PSA പ്രകാരമുള്ള ബോറോവർ കാറ്റഗറി അറിയിക്കുന്നതിന് മേൽപ്പറഞ്ഞ ഡിക്ലറേഷൻ ആവശ്യമാണെന്നും ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

നന്ദി,

☞ ബോറോവർ ☞ കോ-ബോറോവർ ☞ ഗ്യാരന്റർ

**<u>ഓഫീസ് ഉപയോഗത്തിനു മാത്രം</u>**

| മാനദണ്ഡങ്ങൾ | ഉൽപ്പാദനം | സേവനം |
|---|---|---|
| ഗ്രോസ് ബ്ലോക്ക് (ഉൽപാദന വിഭാഗത്തിന് പ്ലാന്റും യന്ത്രങ്ങളും/ സേവന വിഭാഗത്തിന് ഉപകരണങ്ങൾ) | 5 ലക്ഷം വരെ | 2 ലക്ഷം വരെ |
| M 1(ബാധകമെങ്കിൽ ഇവിടെ ടിക് ചെയ്യുക) | | |
| ഗ്രോസ് ബ്ലോക്ക് (ഉൽപാദന വിഭാഗത്തിന് പ്ലാന്റും യന്ത്രങ്ങളും/ സേവന വിഭാഗത്തിന് ഉപകരണങ്ങൾ) | 5 ലക്ഷം മുതൽ 25 ലക്ഷം വരെ | 2 ലക്ഷം മുതൽ 10 ലക്ഷം വരെ |
| M 2(ബാധകമെങ്കിൽ ഇവിടെ ടിക് ചെയ്യുക) | | |

| | | |
|---|---|---|
| ഗ്രോസ് ബ്ലോക്ക് (ഉൽപാദന വിഭാഗത്തിന് പ്ലാന്റും യന്ത്രങ്ങളും/ സേവന വിഭാഗത്തിന് ഉപകരണങ്ങൾ) | 25 ലക്ഷം മുതൽ 5 കോടി വരെ | 10 ലക്ഷം മുതൽ 5 കോടി വരെ |
| M 3(ബാധകമെങ്കിൽ ഇവിടെ ടിക് ചെയ്യുക) | | |

**PSA ഡിക്ലറേഷൻ ഫോം – കാർഷിക വിഭാഗം**

തീയതി:

സ്വീകർത്താവ്
ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്
ചെന്നൈ

പ്രിയപ്പെട്ട സര്

എനിക്ക്/ഞങ്ങൾക്ക് _______________ ഏക്കർ കൃഷിഭൂമി സ്വന്തമായി ഉണ്ടെന്നും അതിന്റെ ആധാരം _______________ന്റെ പേരിലാണെന്നും ഇതിനാൽ പ്രസ്താവിക്കുന്നു.
മേൽപ്രസ്താവിച്ച കൃഷിഭൂമിയെ സംബന്ധിക്കുന്ന പ്രമാണങ്ങളുടെ പകർപ്പുകൾ നൽകുന്നു. ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്. മേൽപ്രസ്താവിച്ച കൃഷിഭൂമിയിൽ ഞങ്ങൾക്ക് പരിപൂർണ്ണ അവകാശവും ആധാരവും അധികാരവും ഉണ്ടെന്ന് ഇതിനാൽ സ്ഥിരീകരിക്കുന്നു. ഹൈപോത്തിക്കേറ്റ് ചെയ്ത ആസ്തി/കൾ കാർഷിക വിളവ്/സാമഗ്രികൾ എന്റെ/ഞങ്ങളുടെ കൃഷിഭൂമിയിലേക്ക്/നിന്ന് വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കപ്പെടും.

☐ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് ധനസഹായത്താൽ ഹൈപോത്തിക്കേറ്റ് ചെയ്ത ആസ്തി/കൾ കാർഷിക വിളവ് വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കപ്പെടും എന്ന് ഇതിനാൽ ഞാൻ/ഞങ്ങൾ സ്ഥിരീകരിക്കുന്നു.

☐ ആസ്തി/കൾ ഈടു നൽകി ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിൽ നിന്നും ഞാൻ എടുത്തിട്ടുള്ള റീഫിനാൻസ്/ടോപ് അപ് വായ്പ കൃഷി അനുബന്ധ പ്രവർത്തനങ്ങളുടെ ഉൽപ്പാദന നിക്ഷേപ ധനസഹായത്തിനുള്ള പ്രവർത്തന മൂലധനമായി ഉപയോഗിക്കപ്പെടും എന്ന് ഇതിനാൽ ഞാൻ/ഞങ്ങൾ സ്ഥിരീകരിക്കുന്നു.

മേൽപ്പറഞ്ഞ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് പരിഗണിക്കാൻ സമ്മതിച്ചത് ഈ പ്രാതിനിധ്യത്തിന്റെയും പ്രഖ്യാപനത്തിന്റെയും സ്ഥിരീകരണത്തിന്റെയും വിശ്വാസ്യതയിലാണെന്നു ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു. നിങ്ങളുടെ ലെൻഡിംഗ് ബാങ്കിന് PSA പ്രകാരമുള്ള ബോറോവർ കാറ്റഗറി അറിയിക്കുന്നതിന് മേൽപ്പറഞ്ഞ ഡിക്ലറേഷൻ ആവശ്യമാണെന്നും ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

നന്ദിപൂർവ്വം,

☞ ബോറോവർ ☞ കോ-ബോറോവർ ☞ ഗ്യാരന്റർ

## "ധനാഭ്യർത്ഥന വാഗ്ദാനപത്രം"

സ്ഥലം :.................... തീയതി……………………

ആവശ്യപ്പെടുന്നതിനനുസരിച്ച് ഞങ്ങൾ സംയുക്തമായും പ്രത്യേകമായും വാഗ്ദാനം ചെയ്യുന്നു M/s ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് ലിമിറ്റഡ് അല്ലെങ്കിൽ ചെന്നൈയിലെ നിയോഗിതന് , Rs ……………………………………………………………………………………

.......................................................................................................................................

എന്ന തുകയും വർഷത്തിൽ ……………ശതമാനം (IRR)എന്ന നിരക്കിൽ പലിശയും ഈ ദിവസം മുതൽ ലഭിച്ച മുഴുവൻ തുകയ്ക്കും പൂർണ്ണമായും തീർത്തുകൊടുക്കുന്നതാണ്.

.

Rs……………………………

പേര് ......................................................................

മുഴുവൻ വിലാസം..................................................

.......................................................................

ഒപ്പ്

(കടം വാങ്ങുന്ന വ്യക്തി)

പേര് ......................................................................

മുഴുവൻ വിലാസം..................................................

.......................................................................

ഒപ്പ്

(സഹ-കടം വാങ്ങുന്ന വ്യക്തി)

പേര് ......................................................................

മുഴുവൻ വിലാസം..................................................

.......................................................................

ഒപ്പ്

(ജാമ്യം നിൽക്കുന്ന വ്യക്തി)

ഫ്രം

Mr…………………………………………..

S/o…………………………………………..

വിലാസം……………………………………………

സ്വീകർത്താവ്,

**ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ്**
**ഫിനാൻസ് കമ്പനി ലിമിറ്റഡ്.**

ഡയർ ഹൗസ്, നം. 2, എൻ.എസ്.സി. റോഡ്,

പാരിസ്, ചെന്നൈ -600 001

**പ്രിയപ്പെട്ട സര്**

വിഷയം: SMS/ഇ മെയിൽ/ ടെലി കാളിംഗ് തുടങ്ങിയവയ്ക്കുള്ള അനുമതിക്കത്ത്.

റഫ: എന്റെ മൊബൈൽ നം.................... ലാൻഡ് ലൈൻ നം...........................

ഇ മെയിൽ ഐഡി: ………………………………………………..

***ഞാൻ ഇതിനാൽ അംഗീകാരം നൽകുന്നു***നിങ്ങളുടെ കമ്പനി പിൻവരുന്നവ ചെയ്യുന്നതിന്:

a. ഇടപാടുകൾ സംബന്ധിച്ച സന്ദേശങ്ങൾ SMS/ഇ മെയിൽ ചെയ്യുന്നതിന്;
b. വ്യാപാര/പ്രചാരണ/വാണിജ്യ സന്ദേശങ്ങൾ/വാർത്തകൾ അല്ലെങ്കിൽ സമാനമായ മറ്റു വിവരങ്ങൾ SMS/ഇ മെയിൽ ചെയ്യുന്നതിന്;
c. ജന്മദിന/വിവാഹദിന ആശംസകൾ ഉൾപ്പെടെ എന്തെങ്കിലും ആഘോഷ ആശംസകൾ SMS/ഇ മെയിൽ ചെയ്യുന്നതിന്;

മേൽപ്രസ്താവിച്ച മൊബൈൽ/ലാൻഡ് ലൈൻ നമ്പറുകളും/ അല്ലെങ്കിൽ അതിനുള്ള ഇ മെയിൽ ഐഡി ടെലികാളിംഗും ഞാൻ ഇതിനോടകം TRAI, NDNC അല്ലെങ്കിൽ അതുപോലുള്ള ഡാറ്റാബേസ് അല്ലെങ്കിൽ അധികാരകേന്ദ്രത്തിൽ ഉള്ള നാഷനൽ കസ്റ്റമർ പ്രിഫറൻസ് റെജിസ്റ്ററിൽ ചേർത്തിട്ടുള്ളതാണ്.

***ഞാൻ കൂടുതലായി സ്ഥിരീകരിക്കുന്നത്*** എന്തെന്നാൽ

a) ആവശ്യപ്പെടാത്ത വ്യാപാര സന്ദേശങ്ങൾ സംബന്ധിച്ച TRAI നിബന്ധനകൾ/നിർദ്ദേശങ്ങൾ എനിക്കറിയാവുന്നതാണ്,
b) മേൽപ്പറഞ്ഞവ സംബന്ധിച്ച് TDSAT, N CPR, NDNC എന്നിവയ്ക്കു കീഴിലുള്ള പ്രാധാന്യവും ആവശ്യവും സൗകര്യവും എനിക്കറിയാവുന്നതാണ്.
c) ഈ അനുമതിയുടെ അടിസ്ഥാനത്തിൽ വ്യാപാര/പ്രചാരണ/വാണിജ്യ സന്ദേശങ്ങൾ/വാർത്തകൾ അല്ലെങ്കിൽ സമാനമായ മറ്റു വിവരങ്ങൾ SMS/ഇ മെയിൽ ചെയ്യുന്നതിന് എതിരെ ഏതെങ്കിലും അധികാരസ്ഥാപനങ്ങളിലോ നിയന്ത്രണകേന്ദ്രങ്ങളിലോല ഞാൻ ഭാവിയിൽ പരാതി നൽകുകയില്ല,
d) ഇക്കാര്യത്തെപ്രതി ചോള, അതിന്റെ ഡയറക്ടർമാർ, ഉദ്യോഗസ്ഥർ, ജീവനക്കാർ, ഏജന്റുമാർ/സേവനദാതാക്കൾ എന്നിവർക്ക് ഉണ്ടാകുന്ന ഏതൊരു കഷ്ടനഷ്ടങ്ങൾക്കും ഞാൻ നഷ്ടപരിഹാരം നൽകുന്നതാണ്.

നന്ദി

വിശ്വസ്തതയോടെ,

☞

പേര് ……………………………………………………

മൊബൈൽ നം. ……………………………………………………

ലാൻഡ് ലൈൻ നം. ……………………………………………………

ഇ മെയിൽ ഐഡി ……………………………………………………

## ഇൻഷുറൻസിന്റെ ട്രാൻസ്ഫർ

ഫ്രം: തീയതി:

റ്റു :

പ്രിയപ്പെട്ട സർ,

സർട്ടിഫിക്കറ്റ് നം: ……………………………………………………………… സംരക്ഷണം നൽകുന്ന

വാഹനത്തിന്റെ റെജിസ്ട്രേഷൻ നം. …………………………………………………………..

മേൽപറഞ്ഞ റജിസ്ട്രേഷൻ നമ്പറുള്ള എന്റെ/ഞങ്ങളുടെ വാഹനം ഇൻഷുറൻസോടൊപ്പം ………………………………………………………………………………………ക്കു വിൽക്കുന്നുവെന്ന് ഞാൻ/ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

പോളിസി താൽപര്യങ്ങൾ ദയവായി അയാളുടെ/അവളുടെ/അവരുടെ പേരിലേക്കു മാറ്റുക.

☞

പ്രസ്താവനക്കാരന്റെ ഒപ്പ്.

പ്രിയപ്പെട്ട സർ,

## നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്

ഞാൻ/ഞങ്ങൾ വായ്പ സമ്പാദിച്ചിരിക്കുന്നു M/s. ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (ധനകാര്യസ്ഥാപനം)ൽ നിന്ന് ……………………………………………………………… റെജിസ്ട്രേഷൻ/ഐഡന്റിറ്റി ഉള്ള വാഹനം/ഉപകരണം വാങ്ങുന്നതിന്. നം.................................... ലെ വായ്പാ കരാർ പ്രകാരം

മേൽപറഞ്ഞിരിക്കുന്ന വാഹനം/ഉപകരണത്തിന് അപകടം മൂലമുണ്ടാകുന്ന കേടുപാടുകൾ/ഭാഗങ്ങൾ മാറ്റിവെക്കൽ/ പൂർണ നാശം/ പണനഷ്ടം എന്നിവയ്ക്കു ക്ലെയിമുകൾ ഉണ്ടാകുന്നപക്ഷം മുകളിൽ പരാമർശിച്ചിരിക്കുന്ന ധനകാര്യ സ്ഥാപനത്തിന് അവ നിങ്ങൾ പരിഹരിച്ചുകൊടുക്കാൻ ഞാൻ/ഞങ്ങൾ അസാധുവാക്കാനാകാത്ത വിധം അനുമതി നൽകുന്നു. ഇൻഷ്വറൻസ് കമ്പനിയ്ക്ക് മുൻപാകെ ക്ലെയിം സമർപ്പിക്കുന്നതിൽ ഞാൻ/ഞങ്ങൾ പരാജയപ്പെട്ടാൽ, ധനകാര്യ സ്ഥാപനം എനിക്കുവേണ്ടി അത് സമർപ്പിക്കുകയും, അതുവഴി ഇൻഷുറൻസ് കമ്പനി നേരിട്ട് ധനകാര്യ സ്ഥാപനത്തിന് അത് തീർപ്പാക്കുകയും ചെയ്യും.

മേൽപറഞ്ഞ തുക ധനകാര്യ സ്ഥാപനത്തിന് തീർപ്പാക്കുന്നത് എനിക്ക്/ഞങ്ങൾക്ക് തീർപ്പാക്കുന്നതിന് തുല്യമായിരിക്കുമെന്ന് കൂടി ഞാൻ/ഞങ്ങൾ സമ്മതിക്കുന്നു.

സ്ഥലം :

☞

തീയതി: ബോറോവറുടെ ഒപ്പ്

## കൂടുതലായ ജാമ്യ കത്ത്

ഫ്രം:

റ്റു :

**ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്**
ഡയർ ഹൗസ്,
നം. 2 (പഴയ നം.234),
എൻഎസ് സി ബോസ് റോഡ്,
ചെന്നൈ -600 001

സർ,

വായ്പ സൌകര്യം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നിങ്ങളുടെ ഫണ്ടിംഗ് മാനദണ്ഡങ്ങളിൽ ഞാൻ എത്താതിരിക്കുന്നതിനാൽ എന്റെ അപേക്ഷ അംഗീകരിക്കാൻ സാധ്യതയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

വായ്പാ നിർവഹണത്തിന്റെയും വായ്പാ കരാറിൻറെ അടിസ്ഥാനത്തിൽ നൽകേണ്ട മറ്റെന്തെങ്കിലും പണമിടപാടുകൾക്കു വേണ്ടിയും ഉള്ള ഈടു ജാമ്യം എന്ന നിലയിൽ എനിക്കു സ്വന്തമായ മറ്റൊരു വാഹനം/ ഉപകരണ സാമഗ്രികൾ നൽകുന്നതിന് ഞാൻ തയ്യാറാണ്. ഈ ആവശ്യത്തിനായി ഞാൻ പ്രത്യേകമായി ഒരു കത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ വാഹനം ഈടു ജാമ്യം എന്ന നിലയിൽ അംഗീകരിക്കുന്നതിനും. എന്റെ നിർദ്ദേശം പരിഗണിക്കുവാനും ഞാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

☞

ഫ്രം

സ്വീകർത്താവ്

**ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ്**
ഡയർ ഹൗസ്, നം. 2 (പഴയ നം.234),
എൻഎസ് സി ബോസ് റോഡ്, ചെന്നൈ -600 001

.................................................... ന്റെ മകനായ ............................................. ൽ താമസിക്കുന്ന .................................. എന്ന ഞാൻ എന്റെ വാഹനം/ഉപകരണം ഇതിനാൽ വാഗ്ദാനം ചെയ്യുന്നു, റെജി. /ഐഡന്റിറ്റി നം................................... എഞ്ചിൻ നം ............................................... ചേസിസ് നം ............................................. വായ്പത്തവണകൾ, അധിക പലിശ, മറ്റേതെങ്കിലും ചാർജ്ജുകൾ എന്നിവയുൾപ്പെടെ ഞാൻ നിങ്ങളോട് വായ്പാ കരാറിന് കീഴിൽ കടംവാങ്ങിയേക്കാവുന്ന എല്ലാ തുകകളും തിരിച്ചടയ്ക്കാൻ വേണ്ടിയുള്ള ഈടു ജാമ്യം എന്ന നിലയിൽ.

ഞാൻ ഒരൊറ്റ ഇൻസ്റ്റാൾമെന്റെങ്കിലും മുടക്കു വരുത്തിയാൽ, ഈ വാഹനം/ ഉപകരണം എന്നെ അറിയിക്കാതെ തന്നെ സ്വന്തമാക്കുന്നതിനും വിൽക്കുന്നതിനും കോടതിയുടെ ഇടപെടൽ കൂടാതെ തന്നെ അപ്രകാരം ചെയ്യുന്നതിനും നിങ്ങൾക്ക് അവകാശമുണ്ടായിരിക്കും. അത്തരമൊരു സാഹചര്യത്തിൽ, ഈ വാഹനം/ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം നമ്മൾ നടത്താനിരിക്കുന്ന വായ്പാ കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം നിബന്ധനകൾക്ക് വിധേയമായിരിക്കും, വായ്പാ കരാർ പ്രകാരം ഹൈപോത്തിക്കേറ്റ് ചെയ്ത വാഹനം/ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനും വിൽക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച്

ഈ വാഹനത്തിന്റെ / രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ ഇൻവോയ്സിൽ നിങ്ങളുടെ പേർക്കുള്ള ഹപ്പോതിക്കേഷൻ എൻഡോഴ്സ്മെന്റ് നടപ്പിലാക്കാൻ ഞാൻ ക്രമീകരിക്കുകയും അതിന്റെ ഒരു പകർപ്പ് മോട്ടോർ വെഹിക്കിൾ ഫോമുകൾക്കൊപ്പം നിങ്ങൾക്കു കൈമാറുകയും ചെയ്യും.

വിശ്വസ്തതയോടെ,

☞

# വായ്പാ തുകയുടെ അവസാന ഉപയോഗം(പുതിയ വാഹനം/ഉപകരണം)

സ്വീകർത്താവ്,
**ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്**

സൂചന: വായ്പാ അപേക്ഷ നം. ____________________

വിഷയം: വായ്പ വേണ്ട വാഹനം/ഉപകരണം മോഡൽ____________________

ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്, ചെന്നൈ യിൽ നിന്നുള്ള വായ്പ വഴി വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനം/ഉപകരണം വ്യാപാര ആവശ്യങ്ങൾക്കായി ഉപയോഗിക്കുമെന്ന് ഞാൻ/ഞങ്ങൾ സ്ഥിരീകരിക്കുന്നു.

വായ്പാ തുക ഒരു സാഹചര്യത്തിലും ഏതെങ്കിലും കുറ്റകൃത്യം/ കള്ളപ്പണം വെളുപ്പിക്കൽ/ ഭീകരപ്രവർത്തനത്തിനു ധനസഹായം എന്നിവയ്ക്ക് ഉപയോഗിക്കില്ലെന്ന് ഞാൻ/ഞങ്ങൾ പ്രസ്താവിക്കുന്നു.

സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് പരിഗണിക്കാൻ/നൽകാൻ സമ്മതിച്ചത് ഈ പ്രാതിനിധ്യത്തിന്റെയും പ്രഖ്യാപനത്തിന്റെയും സ്ഥിരീകരണത്തിന്റെയും വിശ്വാസ്യതയിലാണെന്നു ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

നന്ദി

☞ ബോറോവർ

☞ കോ- ബോറോവർ